KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 33 / Issue: 8 August 2022 ₹:10/-



## വേർപാടിന്റെ 1 – ാം വർഷം

**14-08-2022**



# ഫാ. ജെയ്സൺ സ്കറിയ

**ഇളവൻകളം, തുരുത്തി**

**“ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം”**

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

# ക്നാനായ ദീപം

SINCE 1989

2022 ആഗസ്റ്റ് പുസ്തകം 33 ലക്കം 8

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

കയ്പിനെ മധുരമാക്കാം 08
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

എതിർക്രിസ്തു 09
കൊച്ചുമോൻ പള്ളിക്കപറമ്പിൽ

ഒരു ശുഭചിന്ത 10
പ്രൊഫ. ഡോ. അന്നമ്മ ജേക്കബ് മള്ളൂശ്ശേരിൽ

നക്ഷത്രം വഴികാട്ടി... 19
ടോമി കുറിച്ചി

വീണ്ടും ചില കരിയർ വിശേഷങ്ങൾ 21
സുനിൽ ഡി. കുരുവിള

The Major Apostles 23
Jobin Palakudy

മാതൃകാ കുടുംബജീവിതം 24
ഫാ. ഡോ. ജയിംസ് തോടത്തിൽ

ഏവൻഗേലിയോൻ ദീപം 26
ഫാ. സിജോ സ്ക്കറിയ

ജനാധിപത്യം 28
റ്റി.സി. തോമസ് തോപ്പിൽ

30 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 വനസഞ്ചാരിയും കൂടാരവാസിയും
സണ്ണികുറിയാക്കോസ് ഇളംപുരയിടത്തിൽ

44 കാല്പ്പാടുകൾ
എബി

45 മാട്രിമോണിയൽ

49 പുതുതലമുറയ്ക്കുവേണ്ടി
അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്

50 ലാളിത്യത്തിന്റെ മഹാകവി വെണ്ണിക്കുളം
ബിജു ജേക്കബ് കൈതാരം

59 കുമ്പസാരിക്കുന്നത് എന്തിന്?
ജയ്നമ്മ മർക്കോസ് നടുവിലേപ്പറമ്പിൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




കർത്താവിൽ പ്രിയരെ,

പ്രമുഖ കമ്പനികളുണ്ടാക്കുന്ന മേന്മയേറിയ സാധനങ്ങൾക്കു വലിയ വില കൊടുക്കണം. എന്നാൽ ഏതാണ്ടതു പോലെ തോന്നുന്നവ വെറും തുച്ഛമായ വിലയ്ക്കു കടകളിൽനിന്നും ലഭിച്ചെന്നിരിക്കും. വിലക്കുറവു കണ്ട് സാധനം വാങ്ങിച്ച് ഉപയോഗിക്കുമ്പോഴായിരിക്കും കാര്യം മനസ്സിലാക്കുക. ഇത്തരം ഇമിറ്റേഷൻ ചരക്കുകൾകൊണ്ട് ഇന്നത്തെ വിപണികൾ നിറഞ്ഞിരിക്കുന്നതുകൊണ്ട് പരസ്യങ്ങളെയും അനുകരണങ്ങളെയും സൂക്ഷിക്കുക എന്ന പരസ്യം ഇന്ന് സർവ്വസാധാരണമായിരിക്കുന്നു. ക്രിസ്തീയ സഭയിലും പ്രവർത്തന രംഗങ്ങളിലും ഇമിറ്റേഷൻ ചരക്കുകൾ ധാരാളമായി തള്ളിക്കയറുക ഇന്ന് പതിവാണ്. യഥാർത്ഥത്തിൽ മാനസാന്തരമോ, രക്ഷയുടെ അനുഭവമോ, അർപ്പണമോ ഇല്ലാതെ ചില സ്ഥാപിത താല്പര്യങ്ങൾ നേടിയെടുക്കാൻ വേണ്ടി മാത്രം ആത്മീയം ചമയുന്ന ആളുകൾ അനവധിയാണ്. സഭാരാധനയ്ക്ക് എന്നു പറഞ്ഞ് സ്വന്തം പേരിൽ സ്ഥലം സമ്പാദിച്ച് സ്വന്തം വീട് വച്ച് വസിക്കുന്ന പാസ്റ്ററന്മാരും കർത്താവിന്റെ വേലയ്ക്ക് ദശാംശം വാങ്ങി സ്വന്തം മക്കൾക്കും പിൻതലമുറകൾക്കും കെട്ടിടം പണിയുന്ന സുവിശേഷകന്മാരും കേരളത്തിലുണ്ട്. സ്വാർത്ഥ ലാഭത്തിനുവേണ്ടി ഏതു വേഷവും കെട്ടുവാൻ യാതൊരു മടിയുമില്ലാത്ത മിടുമിടുക്കന്മാരായ സുവിശേഷകരെ ഇമിറ്റേഷൻ ചരക്കുകളായേ പരിഗണിക്കാൻ കഴിയു. സഭ ഭൗമികമല്ല. അതു ദൈവികമാണ്. സുവിശേഷീകരണമാണ് സഭയെ ദൈവം ലോകത്തിൽ ആക്കി വച്ചിരിക്കുന്നതിന്റെ മുഖ്യ ഉദ്ദേശം. ഈ കാര്യം ശിഷ്യന്മാർക്കു ക്രിസ്തു നൽകിയ അന്ത്യ സന്ദേശത്തിൽ വ്യക്തമായിട്ടും ഉണ്ട്. സുവിശേഷ ഘോഷണത്തിന് സഭാചരിത്രത്തിൽ വലിയൊരു സ്ഥാനമാണുള്ളത്. എന്നാൽ ഇക്കാര്യം ഇന്നു സഭ വിസ്മരിച്ചിരിക്കുകയാണ്. ഞായറാഴ്ച ഒരു ആരാധന മാത്രം (മാറാനായ പെരുന്നാളുകൾപോലും നടത്താതെ) മതി, പരമാവധി ആണ്ടിൽ ഒരു കൺവെൻഷൻ മതിയെന്നാണ് പലരുടെയും ധാരണ. ഇതിൽപരം ശോചനീയം മറ്റെന്താണ്.

ഇന്ന് ക്രിസ്തീയ സഭ ആദ്യ അപ്പോസ്തോലന്മാരുടെ ഉപദേശത്തിൽനിന്നും അകന്നു പോയിക്കൊണ്ടിരിക്കുകയാണ്. സഭ എന്നാലെന്ത്? സാത്താന്യ ലോകത്തിൽനിന്നും ലോകജീവിതത്തിൽ നിന്നും ദൈവം വിളിച്ചു വേർതിരിച്ചവരാണ് സഭ എന്നറിയപ്പെടുന്നത്. അവർ സാത്താന്യ വഴികളിൽനിന്നു ദൈവത്തിന്റെ വഴികളിൽ വന്നിരിക്കുകയാണ്. "ഞാൻ നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും" എന്ന് കർത്താവ് അരുളിച്ചെയ്യുന്നു (2 കോരി 6:17). ലോകത്തിലെ അതിപ്രധാനമായ ഒരു സ്ഥാപനമാണ് സഭ. വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം എന്നർത്ഥമുള്ള "എക്ളീസിയാ" എന്ന പദമാണ് സഭയ്ക്ക് ഉപയോഗിച്ചിരിക്കുന്നത്. സഭ മണവാട്ടിയും മ്ശിഹ മണവാളനുമാകുന്നു. സഭ മ്ശിഹായ്ക്ക് കീഴടങ്ങിയിരിക്കുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കില്ല. (മത്തായി 16:18) ഈ വാക്യങ്ങളിൽ സഭ എന്ന പദം വ്യാപകമായ അർത്ഥത്തെ കാണിക്കുന്നു. ആ സഭ പഴയനിയമത്തിലും, പുതിയനിയമത്തിലും ഉള്ളതും, ജീവനുള്ളവരെയും മരിച്ചവരെയും ഉൾക്കൊള്ളുന്നതുമായ വിശാലമായ ഒരു സമൂഹത്തെ സൂചിപ്പിക്കുന്നു. അദൃശ്യവും ദൃശ്യവുമായ സഭയുടെ സാക്ഷാൽ തലയായിരിക്കുന്ന മ്ശിഹായുണ്ട്. ആ മ്ശിഹായോടു ചേർന്നു പ്രാദേശിക തലവന്മാരുമുണ്ട്. തലവന്മാർ മിശിഹായുടെ പ്രതിപുരുഷന്മാരും സഭാകാവൽക്കാരും, അതേ സമയം സഭാംഗങ്ങളുമാണ്. ഏൽപ്പിച്ചിരിക്കുന്ന ജോലി ചെയ്യാനല്ലാതെ, മ്ശിഹായ്ക്കുള്ള ഉടമസ്ഥത അവകാശപ്പെടുവാൻ ഭൂമിയിലെ ഒരു തലവനും അധികാരമില്ല. സഭാവിശ്വാസികളുടെ പരമാർത്ഥതയെ ചൂഷണം ചെയ്ത് ദൈവത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ ഭിന്നതയും തൻകാര്യസാദ്ധ്യതയും വളർത്തി മുതലെടുക്കുവാൻ ബുദ്ധിപൂർവ്വം കരുതിക്കൂട്ടി ആസൂത്രണം ചെയ്യുന്നവയാണിവ. മറ്റുള്ളവരെ കുഴിയിൽ ചാടിക്കുവാൻ ചെയ്യുന്ന ഇത്തരം നയതന്ത്രബുദ്ധി പിൽക്കാലത്തു തിരിച്ചടിക്കുമ്പോൾ ബുദ്ധിശൂന്യമായി തോന്നാവുന്നതാണെന്നു ചരിത്രം സാക്ഷിക്കും. മനുഷ്യ ബുദ്ധി ദൈവമുമ്പാകെ ഭോഷത്വമായിരിക്കുകയും ചെയ്യും. അവനവൻ കുഴിക്കുന്ന കുഴിയിൽ അവനവൻ തന്നെ ചാടും.

**ഏൽപ്പിച്ചിരിക്കുന്ന ജോലി ചെയ്യാനല്ലാതെ, മ്ശിഹായ്ക്കുള്ള ഉടമസ്ഥത അവകാശപ്പെടുവാൻ ഭൂമിയിലെ ഒരു തലവനും അധികാരമില്ല**

സഭയെ യെഹൂദന്മാർ പീഡിപ്പിച്ചു എങ്കിലും അത് തകർന്നു പോയില്ല. യേശുക്രിസ്തുവാണ് ഈ സഭയുടെ അടിസ്ഥാനം യേശുതന്നെയാണ് ഇതിന്റെ പ്രധാന ശില്പി. പാതാളഗോപുരങ്ങൾ സഭയെ ജയിക്കയില്ല. പത്രോസും യോഹന്നാനും ഉൾപ്പെടെ ആദിമ ശിഷ്യന്മാരെല്ലാവരും ഈ സഭയുടെ അംഗങ്ങളായിരുന്നു. ഇന്നും ലോകത്തിന്റെ ഏതൊരു ഭാഗത്തും യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് വിശുദ്ധ ജീവിതം നയിക്കുന്ന സകല സ്ത്രീ പുരുഷന്മാരും ഈ സഭയുടെ അംഗങ്ങളാണ്. യേശുവിനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ഈ അധികാരവും അവകാശവും ലഭിക്കുന്നു. ഇവിടെ യേശുക്രിസ്തു നമ്മുടെ സഭയിലൂടെ ഈ രാജ്യത്ത് സന്നിഹിതനും പ്രവർത്തന നിരതനും ആയിരുന്നുവെങ്കിൽ മൗലികമായ മനുഷ്യാവകാശങ്ങൾ നിരന്തരം സഭയ്ക്കുള്ളിൽ ധ്വംസിക്കപ്പെടുന്നതിന് കാരണം എന്താണ്?. സത്യസന്ധമായി ചിന്തിക്കുക. 16–ാം നൂറ്റാണ്ടു മുതൽ ഈ സഭയിൽനിന്ന് എത്ര ലക്ഷം ജനങ്ങൾ അകന്നുപോയി നവീകരണ സഭകൾ ഉണ്ടാക്കി. 21–ാം നൂറ്റാണ്ടിലും എത്രയോ പേർ ദിനംതോറും നഷ്ടപ്പെടുന്നു. സഭയ്ക്ക് നേരിടുന്ന നഷ്ടങ്ങൾ നിമിത്തം ഉണ്ടാകുന്ന വിള്ളലുകൾ കണ്ടിട്ട് കാണാത്ത ഭാവം നടിക്കുന്ന സഭാനേതൃത്വം ആടുകളെ നേടാൻ പറഞ്ഞ അരുമനാഥന്റെ കൽപ്പനയെ മറന്നുകൊണ്ട് ആടുകളെ നഷ്ടപ്പെടുത്തുകയല്ലേ? ഇതിന്റെ കണക്ക് നിങ്ങൾ എവിടെ ബോധിപ്പിക്കും ചിന്തിക്കുക.

എന്ന്
**നിങ്ങളുടെ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



വാത്സല്യ മക്കളെ,

1569 ൽ ഒരു യുവാവ് ഏറെ ആഗ്രഹത്തോടും തീക്ഷ്ണതയോടും കൂടെ പുരോഹിതനാകുവാൻ വൈദിക സെമിനാരിയിൽ ചേർന്നു. ആ യുവാവ് പഠനത്തിലും പ്രാർത്ഥനയിലുമൊക്കെ മികവുള്ളവനായിരുന്നു. പഠനങ്ങളെല്ലാം പൂർത്തിയാക്കി അദ്ദേഹം ഒരു വൈദികനായിത്തീർന്നു. അദ്ദേഹത്തിന്റെ പേര് ഫാ. ലോറൻസ് എന്നായിരുന്നു. എന്നാൽ ഏറെ താമസിയാതെ ഏതോ കാരണത്താൽ നിയമലംഘനം ആരോപിച്ച് അദ്ദേഹത്തെ ഭരണാധികാരികൾ അറസ്റ്റു ചെയ്തു. തൽഫലമായി ഫാ.ലോറൻസ് അംഗമായിരുന്ന സന്യാസ സമൂഹത്തിന്റെ അധികാരികൾ അദ്ദേഹത്തെ പൗരോഹിത്യ ശുശ്രൂഷകളിൽ നിന്നും ഒഴിവാക്കി. കൂദാശകൾ പരികർമ്മം ചെയ്യാൻ അനുവാദമില്ലാതെ പരിഹാസവും കടുത്ത ഏകാന്തതയിലുമായി അദ്ദേഹം വർഷങ്ങളോളം ജീവിച്ചു. ഒടുവിൽ അദ്ദേഹത്തിന്റെ മരണത്തിന്റെ തൊട്ടു മുൻപാണ് ലോറൻസച്ചൻ നിരപരാധിയും നിഷ്കളങ്കനുമായിരുന്നുവെന്ന് തെളിഞ്ഞത്.

ഫാ. ലോറെൻസോ സ്ക്കൂപ്പോളി എന്ന ഈ ഇറ്റാലിയൻ വൈദികൻ തന്റെ ദുരിതങ്ങളെ ക്രൈസ്തവ സഭയ്ക്കു മുഴുവൻ അനുഗ്രഹമാക്കി മാറ്റി. വളരെയധികം ആഗ്രഹത്തോടെ പൗരോഹിത്യ ജീവിതം തിരഞ്ഞെടുത്തിട്ടും പുരോഹിത ധർമ്മങ്ങളൊന്നും അനുഷ്ഠിക്കാൻ കഴിയാത്ത അവസ്ഥ എത്രയോ വേദനാജനകമാണ്. അതും ചെയ്യാത്ത കുറ്റത്തിന്റെ പേരിലാകുമ്പോൾ എന്നോർക്കുക. എന്നാൽ ലോറൻസച്ചൻ തന്റെ ഉള്ളിൽ ഉയർന്ന വെറുപ്പിനെയും എതിർപ്പിനെയും നിരാശയെയും തന്റെ തീവ്രമായ ദുരിതത്തെയും പ്രാർത്ഥനയിലൂടെ പരാജയപ്പെടുത്തി.

തന്റെ ആന്തരിക പോരാട്ടത്തിന്റെ അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി അദ്ദേഹമെഴുതിയ പുസ്തകം അനേക തലമുറകളിലെ കോടിക്കണക്കിന് വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്ക് കാരണമായിത്തീർന്നു. ''സ്പിരിച്വൽ കോംബാറ്റ്" എന്ന ഗ്രന്ഥം റഷ്യൻ ഓർത്തഡോക്സ് സഭയിലും, ഗ്രീക്ക് ഓർത്തഡോക്സ് സഭയിലും ആദരപൂർവ്വം ഇന്നും ഉപയോഗിക്കുന്നു.

ഇറ്റാലിയനു പുറമെ ജർമ്മൻ, ഫ്രഞ്ച്, സ്പാനിഷ്, റഷ്യൻ, അറബി, ഗ്രീക്ക്, ഇംഗ്ലീഷ്, മലയാളം തുടങ്ങിയ ഭാഷകളിലായി അറുനൂറോളം പതിപ്പുകൾ ഈ പുസ്തകത്തിനുണ്ടായിട്ടുണ്ട് എന്നതുതന്നെ ഈ ഗ്രന്ഥത്തിന്റെ അമൂല്യത വെളിപ്പെടുത്തുന്നു.

പരാജയങ്ങളും ഒറ്റപ്പെടുന്ന അനുഭവങ്ങളും ഏകാന്തതയും ദൈവപദ്ധതികളുടെ ഭാഗമായി തിരിച്ചറിയാൻ നമുക്ക് കഴിയണം. ഫാ. ലോറൻസോ സ്ക്കൂപ്പോളി തൻെറ ദുരിതങ്ങളെ മഹത്വമാക്കി മാറ്റിയതുപോലെ, നമ്മുടെ സഹനങ്ങളെയെല്ലാം ദൈവത്തോട് ചേർത്ത് സ്വീകരിക്കാൻ പഠിക്കാം. കർത്താവിന്റെ പദ്ധതിയിൽ അർത്ഥമില്ലാത്തതും വിലയില്ലാത്തതുമായ ഒരു നിമിഷംപോലുമില്ല. വർഷങ്ങളുടെ മരുഭൂമി ജീവിതത്തിന്റെ ഒടുവിലാണ് പരാജിതനും ഒറ്റപ്പെട്ടവനുമായ മോശയെ ദൈവം സന്ദർശിച്ച് ഇസ്രായേലിന്റെ വിമോചന ദൗത്യം ഏല്പിച്ചത് എന്നതുതന്നെ ഏറ്റവും നല്ല ഉദാഹരണമാണ്.

വിജയവും അംഗീകാരവും മഹത്വവും ഉള്ളപ്പോൾ നാം ഒരുപാട് തിരക്കിലായിത്തീരും. ധാരാളം സുഹൃത്തുക്കൾ, ഉത്തരവാദിത്വങ്ങൾ, പ്രവർത്തനമേഖലകൾ ഒക്കെ ഉണ്ടാവും. എന്നാൽ പരാജയങ്ങളും, വിമർശനങ്ങളും, ഒറ്റപ്പെടലുകളും ഉണ്ടാകുമ്പോൾ ദൈവത്തോടു കൂടുതൽ അടുക്കാൻ കഴിയും. അപ്പോൾ തീർച്ചയായും ദൈവം പുതുവഴികൾ നമുക്കായി തുറക്കും.

ഏഷ്യാമൈനറിൽ എഫേസോസിനടുത്തുള്ള പത്മോസ് ദ്വീപിലെ ഏകാന്തവാസത്തിലാണ് വി. യോഹന്നാൻ ശ്ലീഹാ വെളിപാടു പുസ്തകം പരിശുദ്ധറൂഹായുടെ പ്രചോദനത്താൽ രചിച്ചത്. അദ്ദേഹത്തെ സഹനത്തിലൂടെ കടത്തിവിട്ടത് വലിയ ഒരു ദൗത്യത്തിന്റെ പൂർത്തീകരണത്തിനുവേണ്ടിയായിരുന്നു. തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

"അല്പകാലത്തേക്കു വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്കു വ്യസനിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവീൻ. കാരണം അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം" (1 പത്രോസ് 1: 6-7).

കഷ്ടതകളിലും ദുഃഖങ്ങളിലും നിരാശരാകാതെ പ്രത്യാശയോടെ ജീവിക്കുവാൻ ആഴമേറിയ ദൈവവിശ്വാസത്താൽ നിറയപ്പെടുവാൻ ദൈവം നമ്മെ സഹായിക്കട്ടെ!

ദൈവം അനുഗ്രഹിക്കട്ടെ
**സേവേറിയോസ് കുറിയാക്കോസ്**
ക്നാനായ സമുദായ മെത്രാപ്പോലീത്ത

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

ജൂലൈ മാസം 25-ാം തീയതി. ക്നാനായ സമുദായത്തിന്റെ ചരിത്രത്തിൽ ആദ്യമായി ക്നാനായ സമുദായത്തിന് സ്വന്തമായി "സേവേറിയോസ് ക്നാനായ ആർട്സ് ആൻഡ് സയൻസ് കോളേജ്'' എന്ന നാമത്തിൽ ഒരു കോളേജ് തുടങ്ങുന്നതിന് ബഹു. കേരള ഗവൺമെന്റിന്റെ അനുവാദം ലഭിച്ചു. ഈ വാർത്ത ഏറെ ആത്മാഭിമാനത്തോടെയും, നിറഞ്ഞ സംതൃപ്തിയോടെയും, വളരെയേറെ സന്തോഷത്തോടെയും സമുദായ അംഗങ്ങളെ അറിയിക്കുകയാണ്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ സ്ഥലപരിശോധന, കെട്ടിടത്തിന്റെ രൂപകല്പന, തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും തൃപ്തികരമായതിന്റെശേഷം അവരുടെ ശുപാർശയോടു കൂടിയാണ് ബഹുമാനപ്പെട്ട കേരള ഗവൺമെന്റ് കോളേജിന് അനുവാദം നൽകിയിരിക്കുന്നത്.

ഈ കോളേജിന്റെ അനുവാദവുമായി ബന്ധപ്പെട്ട് ഒരുപാട് പ്രതിസന്ധികളിൽ കൂടിയാണ് ഞങ്ങൾ കടന്നുപോയത്. എന്തെല്ലാം കോലാഹലങ്ങളായിരുന്നു. ജനത്തെ വഞ്ചിച്ചു, ചതിച്ചു, അങ്ങനെ, അങ്ങനെ... അതൊന്നും കൂടുതൽ ഇനി പറയുന്നില്ല. അതിനെ എല്ലാം ദൈവത്തിന്റെ മഹാകരുണയാൽ തരണം ചെയ്യുവാൻ ഞങ്ങൾക്ക് സാധിച്ചു. ഈ കമ്മിറ്റിയെ ജനങ്ങൾക്ക് വിശ്വാസം ഉണ്ടെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. അതാണ് ഞങ്ങളുടെ ആത്മവിശ്വാസത്തിന്റെ കാരണം. ക്നാനായക്കാരന്റെ ആത്മാഭിമാനത്തിനു ഭംഗം വരാതെയും, അന്തസ്സിന് കോട്ടം തട്ടാതെയും ഇനിയും ഈ കമ്മിറ്റി മുമ്പോട്ട് പോകുമെന്ന് ഞങ്ങൾ നിങ്ങൾക്ക് ഉറപ്പു നൽകുന്നു.

കോളേജിന് അനുവാദം തന്ന് സമുദായത്തെ സഹായിച്ച കേരള ഗവൺമെന്റിനോടും, എം.ജി. യൂണിവേഴ്സിറ്റിയോടുമുള്ള നന്ദിയും കടപ്പാടും ക്നാനായ സമുദായത്തിനുവേണ്ടി നന്ദിയോടെ അറിയിക്കട്ടെ.

കൂടാതെ ഈ കാര്യത്തിന് മുന്നിൽനിന്ന് പ്രവർത്തിച്ച സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മാർ സേവേറിയോസ് തിരുമേനിയോടും, ക്നാനായ മാനേജിംഗ് കമ്മിറ്റി അംഗങ്ങളോടും, ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് അംഗങ്ങളോടും, നസ്രേത്ത് ആശ്രമം കമ്മിറ്റി അംഗങ്ങൾ, രാജു മരങ്ങാട്ട് വാകത്താനം ഉൾപ്പെടെയുള്ള, അപ്രേം സെമിനാരി, നസ്രേത്ത് ഫാർമസി കോളേജ് സ്റ്റാഫുകളോടുമുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

ഉടനെ തന്നെ കോളേജിന്റെ പ്രവർത്തനത്തിന് ആവശ്യമായ പ്രിൻസിപ്പാൾ, പ്രൊഫസർമാർ, ടീച്ചേഴ്സ്, നോൺ ടീച്ചിംഗ് സ്റ്റാഫ് തുടങ്ങിയവരെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്. അതുപോലെ ക്ലാസുകൾ തുടങ്ങുന്നതിനുള്ള ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള കാര്യങ്ങളും ക്രമപ്പെടുത്തേണ്ടിയുമിരിക്കുന്നു.

എത്രയും പെട്ടെന്ന് കോളേജ് തുടങ്ങുന്നതിനുള്ള തുടർ നടപടികളിലേക്ക് ക്നാനായ കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിക്കുകയാണ്.

ഈ കാര്യങ്ങൾക്കുവേണ്ടി എല്ലാ സമുദായ അംഗങ്ങളുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

സേവേറിയോസ് ക്നാനായ കോളേജിനു വേണ്ടിയുള്ള കെട്ടിടം പണി ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

'ക്നാനായ സമുദായ അസ്സോസിയേഷൻ ഹാളിന്റെ എക്സ്റ്റൻഷൻ പണിയും പുരോഗമിക്കുകയാണ്. ഫസ്റ്റ് ഫ്ളോർ കോൺക്രീറ്റിംഗ് കഴിഞ്ഞു. എത്രയും പെട്ടെന്ന് അതിന്റെ പണി തീർത്ത് കൂദാശ ചെയ്യുവാൻ ദൈവത്തിൽ ശരണപ്പെടുന്നു.

സേവേറിയോസ് ഹൗസിംഗ് കോംപ്ലക്സ് എന്ന പുതിയ പ്രോജക്റ്റിന്റെ രൂപകല്പന ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. ഉടനെ തന്നെ വീടുകളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്.

സമുദായ സെക്രട്ടറിയുടെ അമേരിക്ക സന്ദർശനത്തിൽ സമുദായത്തിലെ പാവപ്പെട്ട ആളുകൾക്കുവേണ്ടി നിർമ്മിക്കുന്ന സേവേറിയോസ് ഹൗസിംഗ് പ്രോജക്റ്റിനു സ്പോൺസർമാരെ ലഭിച്ചിട്ടുണ്ട്. അതുപോലെ സേവേറിയോസ് ക്നാനായ കോളേജിന്റെ ക്ലാസ് മുറികളും ബ്ലോക്കുകളും സ്പോൺസർ ചെയ്യുന്നതിനും അമേരിക്കയിലെ സമുദായ അംഗങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം സാമ്പത്തിക തകർച്ച ഉണ്ടായിട്ടും, ലഭിച്ച പരിമിതമായ വരുമാന സ്രോതസ്സുകൾ മുഴുവൻ വേണ്ട രീതിയിൽ വിനിയോഗിച്ചതുകൊണ്ടും സമുദായ സ്നേഹികളുടെ ആത്മാർത്ഥമായ സഹകരണങ്ങൾകൊണ്ടുമാണ് ക്നാനായ കമ്മിറ്റിക്ക് ഇക്കാര്യങ്ങളൊക്കെയും സാധിച്ചത്. ഇനിയും വളരെയേറെ കാര്യങ്ങൾ ചെയ്തു തീർക്കുവാനായിട്ടുണ്ട്. സമുദായ അംഗങ്ങളുടെ സഹകരണത്തോടെ ഇതൊക്കെയും സാധിക്കും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. നിങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

അമേരിക്കയിലെ ക്നാനായ സമൂഹം ഹ്യൂസ്റ്റണിലെ വുഡ്ലാൻഡ്സ് റിസോർട്ടിൽ ജൂലൈ 15,16,17,തീയതികളിൽ ക്നാനായ സംഗമം നടത്തുകയുണ്ടായി. ഔദ്യോഗികമായി അവരുടെ ക്ഷണമനുസരിച്ച് ക്നാനായ കമ്മിറ്റിയെ പ്രതിനിധീകരിച്ച് സമുദായ സെക്രട്ടറിയും മുൻ സമുദായ സെക്രട്ടറി ശ്രീ തമ്പാൻതോമസ് കോളഭാഗത്തും ആ സംഗമത്തിൽ പങ്കെടുക്കുകയുണ്ടായി. ആയിരത്തിൽപരം ക്നാനായ സമുദായ അംഗങ്ങൾ മൂന്നു ദിവസമായി നടത്തിയ സംഗമത്തിൽ വംശശുദ്ധിയും പാരമ്പര്യവും നിലനിർത്തുന്ന കലാപരിപാടികളും പുരാതനപാട്ട്, ആരാധന പാട്ടുകൾ തുടങ്ങിയ മത്സരങ്ങളും, കൂടാതെ അമേരിക്കയിലെ ഓരോ ദൈവാലയങ്ങളേയും പ്രതിനിധീകരിച്ച് സമുദായ അംഗങ്ങൾ മത്സരാടിസ്ഥാനത്തിൽ കലാപരിപാടികളും വർണ്ണശമ്പളമായ റാലിയും നടത്തുകയുണ്ടായി. സ്ത്രീ പുരുഷ ഭേദമെന്യേ ഇതിൽ പങ്കെടുത്ത എല്ലാ ദൈവാലയങ്ങളേയും സമുദായ അംഗങ്ങളെയും, പ്രത്യേകിച്ച് പുതു തലമുറയിലെ യുവതീയുവാക്കളേയും, കുട്ടികളെയും, സമുദായത്തിനുവേണ്ടി അഭിനന്ദിക്കുന്നു.

അതുപോലെ നമ്മുടെ സമുദായത്തിന് അസ്വസ്ഥത ഉള വാക്കുന്ന ഒരു സംഭവം കഴിഞ്ഞ മാസം നടക്കുകയുണ്ടായി.

ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ 94-ാം ജന്മദിനത്തോട് അനുബന്ധിച്ച് 25-02-2022-ൽ മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ച സപ്ലിമെന്റിൽ, മലങ്കരയിലെ സുറിയാനി സഭാ മെത്രാപ്പോലീത്തന്മാരുടെ ഫോട്ടോയുടെ അടിക്കുറിപ്പിൽ ക്നാനായ സമുദായ മെത്രാപ്പാലീത്താ അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയെ വെറും ഒരു മേഖല മെത്രാപ്പോലീത്തയായി തരംതാഴ്ത്തി പരസ്യപ്പെടുത്തിയത് കാണുവാനിടയായി.

ഇപ്രകാരം ക്നാനായ സമുദായത്തിന്റെ മേലദ്ധ്യക്ഷനെ തരംതാഴ്ത്തി ഇകഴ്ത്തി കാണിച്ചതിൽ ക്നാനായ സമുദായ അംഗങ്ങൾക്കും, ക്നാനായ സമുദായത്തിന്റെ പരമോന്നത സമിതിയായ ക്നാനായ അസ്സോസിയേഷനും, ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിക്കും ഉള്ള ദുഃഖവും ശക്തമായ പ്രതിഷേധവും ഔദ്യോഗികമായി ബന്ധപ്പെട്ടവരെ അറിയിക്കുന്നു.

ഇത്തരം ഹീനമായ പ്രവർത്തികൾ ഇരു സമുദായവും തമ്മിലുള്ള ബന്ധത്തെ ഉലയ്ക്കുവാൻ ഇടയാക്കുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു.

ആകയാൽ പത്രത്തിൽ വന്ന തെറ്റായ അടിക്കുറിപ്പ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന എത്രയും വേഗം ഇതുമായി ബന്ധപ്പെട്ടവർ ഇറക്കും എന്ന് ക്നാനായ സമുദായം പ്രതീക്ഷിക്കുന്നു.

നേരത്തെ ഒക്കെ പറഞ്ഞിരുന്നതുപോലെ കേസുകളുടെ ബാഹുല്യം ഈ സമുദായത്തെ പുറകോട്ട് പിടിച്ചു വലിക്കുകയാണ്.

സമുദായത്തിലെ പ്രശ്നപരിഹാരത്തിന് എന്തു ചർച്ചയ്ക്കും എന്ത് വിട്ടുവീഴ്ചകൾക്കും ക്നാനായ കമ്മിറ്റി തയ്യാറാണെന്നും ബന്ധപ്പെട്ടവർ അതിനു സഹകരിച്ച് സമുദായ അംഗങ്ങളിലെ ഭിന്നതകൾ മറന്ന്, വിട്ടു വീഴ്ചയോടു കൂടി ക്നാനായ സമുദായം ഒറ്റക്കെട്ടായി മുന്നോട്ടുപോകുന്നതിന് എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**ക്നാനായ കമ്മിറ്റിക്കുവേണ്ടി**
**സമുദായ സെക്രട്ടറി**
**റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ**



**ഐത്തല സെന്റ് കുറിയാക്കോസ് സൺഡേ സ്കൂളിന്റെ വാർഷികം ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്ക് ശേഷം പള്ളിയങ്കണത്തിൽ നടത്തപ്പെട്ടു. പ്രസ്തുത വാർഷികത്തിൽ 2019-ലെ കലാമത്സരങ്ങളിലും, വാർഷിക പരീക്ഷയിലും ഉന്നത വിജയം നേടിയ കുട്ടികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. വാർഷിക സമ്മേളനത്തിൽ വച്ച് നീണ്ട 53 വർഷക്കാലം സൺഡേ സ്കൂൾ അധ്യാപകനായും, ഹെഡ്മാസ്റ്ററായും നിസ്വാർത്ഥ സേവനം ചെയ്ത കൊച്ചേത്ത് ശ്രീ. കെ. ഐ. ഇട്ടിയവരാ സാറിനെ അനുമോദിച്ചു. അനുമോദനസമ്മേളനം റാന്നി എം.എൽ.എ. അഡ്വ. പ്രമോദ് നാരായണൻ ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാദർ കുറിയാക്കോസ് എം. ഫിലിപ്പ് അധ്യക്ഷത വഹിച്ചു. സഹ. വികാരി റവ. ഫാദർ ജിബി ജോസഫ്, ഹെഡ്മാസ്റ്റർ ഇൻ ചാർജ് ബോബി എബ്രഹാം, പള്ളി ട്രസ്റ്റി മോഹൻ തോമസ്, സെക്രട്ടറി വി. സി. സക്കറിയ, ഓമന തോമസ്, സ്മിജു ജേക്കബ്, സെലിൻ മോഹൻ എന്നിവർ പ്രസംഗിച്ചു. ഹെഡ്മാസ്റ്റർ കെ. ഐ. ഇട്ടിയവരാ മറുപടി പ്രസംഗം നടത്തി.**



## ഫാ. ടിനോ തോമസ് General Eastern Theology-ൽ ഒന്നാം റാങ്ക് കരസ്ഥമാക്കി

വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നിന്നും Patrology-ൽ Licentiate 92% (Summa Cum Laude) മാർക്കോടെ General Eastern Theology -ൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ മടത്തിൽ മണ്ണിൽ ചെറുമടക്കാലായിൽ ബഹു. ഫാ. ടിനോ തോമസ്. English Literature ലും Christian Studies ലും ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അച്ചൻ വടപുറം സെന്റ് ജോൺസ് ക്നാനായ പള്ളി അംഗമാണ്. പാവുക്കര സെന്റ് മേരീസ് ക്നാനായ പള്ളി വികാരിയായി ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നു. ഭാര്യ സിജിമോൾ. മക്കൾ: ജാബേസ് ടിനോ, ഗ്രിഗറിൻ അന്ന ടിനോ

# കയ്പിനെ മധുരമാക്കാം

സി.ഐ. ചാക്കോ, വലിയപാറയിലായ കൊച്ചുപറമ്പിൽ

അനർത്ഥങ്ങൾ വരുന്നത് അപ്രതീക്ഷിതമായിട്ടാണ്. മുന്നറിയിപ്പൊന്നും കൂടാതെയുള്ള അവയുടെ കടന്നാക്രമണം നമ്മെ സ്തബ്ധരും അസ്തപ്രജ്ഞരുമാക്കാം. എന്നാൽ ചുരുക്കം ചിലർ സമനില തെറ്റാതെ വസ്തുനിഷ്ഠമായി സാഹചര്യങ്ങളെ വിലയിരുത്താനും പ്രതികരിക്കുവാനും പ്രാപ്തി വെളിപ്പെടുത്തുന്നു. അങ്ങനെയുള്ള ഒരാളെപ്പറ്റി വായിക്കാനിടയായി. നിരാശയുടെ നിമിഷങ്ങളെ പ്രത്യാശയുടെ പ്രസരണാവസരമാക്കി മാറ്റിയ വ്യക്തിയാണ് അദ്ദേഹം.

ഒരു അന്തർദേശീയ കമ്പനിയുടെ ഇന്ത്യയിലെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചുവരവെ ആ ജോലി പെട്ടെന്ന് നഷ്ടമായി. മൂത്ത മകളുടെ വിവാഹം നടത്തിയതോടെ സമ്പാദ്യത്തിന്റെ ഗണ്യമായ ഭാഗവും ചെലവായി. ഗൾഫ് രാജ്യത്തെ ഒരു വലിയ കമ്പനിയിൽ ജോലി തരപ്പെടുത്തി പോകാൻ ഒരാഴ്ചയുള്ളപ്പോൾ മെഡിക്കൽ പരിശോധനയ്ക്ക് വിധേയനായി. ശ്വാസകോശത്തിന് എന്തോ പ്രശ്നമുള്ളതായി പ്രഥമപരിശോധനയിൽ കണ്ടെത്തി. കൂടുതൽ വിശദവും വിദഗ്ധവുമായ പരിശോധനയിൽ ശ്വാസകോശത്തിന് കാൻസർ ആണെന്ന് തെളിഞ്ഞു. ഭീതിയും നിരാശയും ഉണ്ടാകുന്ന വാർത്ത. ഈ രോഗത്തിന്റെ പേരു കേൾക്കുന്ന മാത്രയിൽ തന്നെ പലരും ഞെട്ടിപ്പോകും, കാര്യമായ രോഗലക്ഷണങ്ങൾ ഒന്നും കൂടാതെ ആരോഗ്യത്തോടും ഭാവിയെപ്പറ്റി വലിയ പ്രതീക്ഷയോടും കഴിയുമ്പോൾ പൊടുന്നനെ മാരകമായ ഒരു രോഗത്തിന്റെ പിടിയിലമർന്നു കഴിഞ്ഞു എന്നറിയുമ്പോൾ ഞെട്ടിപ്പോകാത്തവരായി ആരും ഉണ്ടാകുകയില്ല.

ഗൾഫിലെ മെച്ചപ്പെട്ട ജോലി കയ്യെത്തുന്ന അകലത്തിൽ എത്തി നില്ക്കുമ്പോൾ, ഡോക്ടർ വെളിപ്പെടുത്തിയത് "കീമോത്തെറാപ്പി പ്രയോഗിച്ചു നോക്കാം, അതു പരാജയപ്പെട്ടാൽ ആയുസ്സു നാലു മാസം മാത്രം. എങ്കിലും ശുഭ പ്രതീക്ഷയോടെ അത് ആരംഭിക്കാം'' ചികിത്സ ആരംഭിച്ചു. അതിന്റെ പാർശ്വഫലങ്ങൾ പലതും അനുഭവമായിക്കൊണ്ടിരുന്നു. മാനസികവും ശാരീരികവുമായി അസ്വാസ്ഥ്യം അലട്ടുന്ന ആ ദു:സ്ഥിതിയിൽ അദ്ദേഹം പ്രത്യാശയുടെ രശ്മികൾ കണ്ടെത്താൻ ശ്രമിച്ചു. നിഷേധാത്മക ചിന്തകൾക്കടിപ്പെടാതെ "പോസിറ്റീവ്" ആയി ചിന്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. രോഗത്തിന്റെ പ്രതിസന്ധി നാലു നന്മകൾ വരുത്താൻ കാരണമായി എന്ന് അദ്ദേഹം തന്റെ ആത്മകഥയിൽ സാക്ഷിക്കുന്നു.

1. പുകവലിയോടു വിട പറയാൻ കഴിഞ്ഞു. ഭവനത്തിലെ വായു തന്നെ സിഗരറ്റു പുകയുടെ ഗന്ധം നിറഞ്ഞതായിരുന്നു. കിടക്കയും കസേരകളും കർട്ടനുമെല്ലാം ദീർഘനാളത്തെ പുകയുടെ ഗന്ധം വഹിക്കുന്നവയായിരുന്നു. ശരാശരി ഒരു ദിവസം 35 സിഗരറ്റു വലിച്ചു; ഏതാണ്ട് 35 വർഷത്തോളം അതു നീണ്ടുനിന്നു. മൊത്തം അഞ്ചു ലക്ഷം സിഗരറ്റുകൾ പുകച്ചിട്ടുണ്ടാകും. ഈ ദുശ്ശീലം പലപ്പോഴും നിറുത്താൻ ശ്രമിച്ചിട്ടുള്ളതാണ്. പക്ഷേ കഴിഞ്ഞില്ല. എന്നാൽ ഇപ്പോൾ അത് പൂർണ്ണമായി വർജിക്കാൻ കഴിഞ്ഞു കുടുംബാംഗങ്ങൾക്ക് അത് ആശ്വാസവും സന്തോഷവുമായി.

2. ഉത്തമ സുഹൃത്തുക്കളെ തിരിച്ചറിയാൻ കഴിഞ്ഞു. നമ്മുടെ പ്രയാസങ്ങളിലും പ്രതിസന്ധികളിലുമാണ് ഉത്തമ സുഹൃത്തുക്കൾ ആരെന്ന് വെളിപ്പെടുന്നത്. നമ്മുടെ ആവശ്യങ്ങളിൽ കടന്നെത്തുന്നതാണ് യഥാർത്ഥ സ്നേഹിതൻ. കാൻസർ ബാധിച്ചു എന്ന വാർത്ത അറിഞ്ഞപ്പോൾ ആത്മാർത്ഥ സുഹൃത്തുക്കൾ സന്ദർശനം കൊണ്ടും സാന്ത്വന വാക്കുകൾ കൊണ്ടും കത്തുകളിൽ കൂടിയും എല്ലാം അവരുടെ സ്നേഹവും ഉത്കണ്ഠയും സഹതാപവും പ്രകടമാക്കി. അത് അയാളുടെ മനസ്സിനെ ഏറെ സന്തോഷിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. ഈ വിഷയത്തെക്കുറിച്ച് ലഭ്യമായ പുസ്തകങ്ങൾ ചിലർ എത്തിച്ചു കൊടുത്തു. ഇതൊക്കെ ആയപ്പോൾ ഈ രോഗത്തെ ചെറുത്തു തോല്പിക്കാമെന്നുള്ള ആത്മവിശ്വാസം ഉണ്ടായതായി സാക്ഷ്യപ്പെടുത്തുന്നു.

3. ജോലിത്തിരക്കിൽ നിന്നുള്ള മോചനം. ഔദ്യോഗിക ജീവിതാവസരത്തിൽ, ഒന്നിനും സമയം ലഭിക്കാത്ത അവസ്ഥയായിരുന്നു. കുടുംബവുമായി സന്തോഷപൂർവ്വം സമയം ചെലവിടാൻ കഴിഞ്ഞിരുന്നില്ല. ഓഫീസിൽ തീരാത്ത ജോലി വീട്ടിൽവന്ന് പൂർത്തിയാക്കും. ഔദ്യോഗിക കൃത്യനിർവ്വഹണം ഒരു ഭ്രാന്തു പോലെയായിരുന്നു. കൊടുമ്പിരികൊണ്ട മനസ്സും തളർന്ന ശരീരവുമായാണ് ദിവസങ്ങൾ കഴിച്ചത്. എന്നാൽ ജോലി പോയി, രോഗം ബാധിക്കുകയും ചെയ്തപ്പോൾ വിശ്രമത്തിനും സമയം ധാരാളമായി. കുടുംബാംഗങ്ങളുമായി വിനോദിക്കുവാനും ഹൃദയം തുറന്ന് സംസാരിക്കാനും അവസരം ലഭിച്ചു. അതും രോഗാവസ്ഥയിൽ ഏറെ സഹായകരമായി.

4. ആത്മീയതയിലേക്ക് തിരിയുവാനിടയായി. ഭൗതിക ചിന്തകളിൽ മനസ്സ് മുഴുകിക്കഴിഞ്ഞ അവസ്ഥയ്ക്ക് മാറ്റം വന്നു. ആത്മീയ ചിന്തയിലേക്ക് തിരിയുവാൻ കഴിഞ്ഞപ്പോൾ ധ്യാനത്തിൽ ആനന്ദവും ആശ്വാസവും കണ്ടെത്തി പ്രകൃതിയിലെ മനോഹര ദൃശ്യങ്ങൾ ഹൃദയത്തെ ആകർഷിച്ചു. പക്ഷികളുടെ കളകളവും പാറിപ്പറക്കുന്ന പൂമ്പാറ്റകളും മഞ്ഞുകണങ്ങളണിഞ്ഞ പുൽത്തകിടികളും എല്ലാം ശ്രദ്ധയിൽ വന്നു. അവയൊന്നും കേൾക്കാനോ കാണാനോ കഴിയാതിരുന്ന അയാൾക്ക് പ്രകൃതി തന്നെ ഉന്മേഷപ്രദമായി അനുഭവപ്പെട്ടു.

മനസ്സിന്റെ ശാന്തിയും ഹൃദയത്തിന്റെ പ്രസന്നതയും രോഗത്തെ ചെറുത്തു നില്ക്കുവാൻ സഹായിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഏതു രോഗവും ജീവിതത്തിൽ ആകുലതയും ആകാംക്ഷയും ഉളവാക്കാം. എന്നാൽ മങ്ങാത്ത പ്രത്യാശയും സർഗാത്മക ചിന്തകളും അവയെ അതിജീവിക്കാൻ നമ്മെ സഹായിക്കും.

# എതിർക്രിസ്തു

കൊച്ചുമോൻ, പള്ളിക്കപറമ്പിൽ, ചിങ്ങവനം

ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നുവെന്നു നിരൂപിക്കരുത്, സമാധാനമല്ല വാൾ വരുത്തുവാനത്രെ ഞാൻ വന്നത്, മനുഷ്യൻ തന്റെ അപ്പനോടും മകളെ അമ്മയോടും, മരുമകളെ അമ്മായി അമ്മയോടും ഭിന്നിപ്പിക്കുവാനത്രെ., ഞാൻ വന്നത്. മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും (മത്താ. 10:34).

ഈ വചനമാകുന്നവാൾ എന്തിനെ സൂചിപ്പിക്കുന്നു, എപ്പോൾ സംഭവിക്കുമെന്നാണ് നമ്മുടെ ഇന്നത്തെ പഠനവിഷയം. ദൈവപുത്രനായ യേശുവിനെ ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകനും എതിർക്രിസ്തുവും ഇങ്ങനെയുള്ളവർ ആകുന്നു. (2 യോഹ.1:7). ഇവർ യഹോവാ സാക്ഷികൾ ആകുന്നു. ഇവർ ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പ് യേശുവിനെ സൃഷ്ടിച്ചുവെന്നും, ദൈവം ഏകനാണെന്നും യേശുവിന്റെ ദൈവത്വത്തെ നിന്ദിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ വയലിൽ കളവിത്തു വിതയ്ക്കുന്ന സാത്താന്റെ ഏജന്റുമാർ വരുമെന്നും യേശു പറഞ്ഞിട്ടുള്ളതും ആകുന്നു. (മത്താ. 13:25). ഇവരിൽ പല വിഭാഗക്കാരുണ്ട്. അവരിൽ പ്രധാനികൾ പെന്തക്കോസും, ബ്രദറൻകാരും, ഒരു നാണയത്തിന്റെ ഇരുവശംപോലെയുള്ള സഹോദരന്മാരാണ്. ഇവരോടൊപ്പം സ്വർഗ്ഗീയ വിരുന്നു സഭയും ഉൾപ്പെടുന്നു. ഇവയെ കൂടാതെ മറ്റനേകം ദുരുപദേശ സഭകളും ഉണ്ട്. ഇവരെല്ലാം യേശു സ്ഥാപിച്ച സഭയുടെ സത്യവിശ്വാസങ്ങൾ വളച്ചൊടിച്ച് സത്യസഭയിൽപ്പെട്ടവരെ ദുരുപദേശം പഠിപ്പിച്ച് ഒരു കുടുംബത്തിൽ തന്നെ പല ഉപദേശം ഉണ്ടാക്കുന്നു. വചനമാകുന്ന വാൾ തന്നെ ഉപയോഗിച്ച് ഭിന്നത കുടുംബങ്ങളിൽ ഉണ്ടാക്കുമെന്നതിന്റെ സൂചനയാണ് യേശു മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വചനം കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. ഇവർ നമ്മെ വഴി തെറ്റിക്കുമെന്ന് അപ്പോസ്തോലന്മാരും വചനപ്രകാരം നമ്മോട് അരുളിയിട്ടുണ്ട്. അതിൻ പ്രകാരമാണ് നമ്മുടെ വിശുദ്ധ കുർബ്ബാനയിൽ പല തരം ഉപദേശങ്ങൾ പാരിൽ മുളച്ചു വരുമെന്നു ഞങ്ങൾ നിങ്ങളെ പഠിപ്പിച്ച പാരമ്പര്യ വിശ്വാസത്തിനു വിപരീതമായ ഉപദേശം പഠിപ്പിക്കുന്നവരും അതു സ്വീകരിക്കുന്നവരും ശപിക്കപ്പെട്ടവരാകുന്നു എന്ന ഗീതം ചൊല്ലുന്നതും നാം ഇതിൽ ബോധവാന്മാരായിരിപ്പാനാണ്.

സഭയുടെ വിശ്വാസസത്യങ്ങൾ ആയ വി. ത്രിത്വം, ശിശുസ്നാനം, പൗരോഹിത്യം, യേശു സ്ഥാപിച്ച സഭയ്ക്കുവേണ്ടി രക്തസാക്ഷികളായവരോടുള്ള നമ്മുടെ മദ്ധ്യസ്ഥ പ്രാർത്ഥന, വി. കുർബ്ബാന, മരിച്ചുപോയ നമ്മുടെ പൂർവ്വികരോടുള്ള അവരുടെ പാപമോചനത്തിനുള്ള പ്രാർത്ഥന, പരിശുദ്ധ മറിയാമിനോടുള്ള ആദരവ്- ഇപ്രകാരമുള്ള സഭയുടെ സത്യവിശ്വാസങ്ങളെ പാടെ മറച്ചു കളയുന്നു. യേശു ജറുശലേം ദേവാലയ നാശത്തെക്കുറിച്ച് (മത്താ.24:2 ൽ) പറയുന്നത് എ.ഡി. 70-ൽ സംഭവിച്ചതുപോലെ ദുരുപദേശം പഠിപ്പിക്കുന്നവരെപ്പറ്റി അപ്പോസ്തോലന്മാർ പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ നമുക്ക് പരിശോധിക്കാം, ഇതും പ്രവചനം തന്നെ.

സാത്താൻ തന്നെ വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു. (2 കൊരി. 11:14). കറുത്ത പുസ്തകവും, വെളുത്ത ജൂബായും ധരിച്ച് ആടിന്റെ വേഷത്തിൽ വരുന്ന ചെന്നായ്ക്കളെപ്പോലെയുള്ളവർ നമ്മുടെ വീട്ടിലെ പ്രശ്നങ്ങൾ രഹസ്യത്തിൽ അറിഞ്ഞതിനുശേഷം ഒന്നു പ്രാർത്ഥിക്കാമെന്നു പറഞ്ഞ് നമ്മോടു പറ്റിച്ചേരുന്നു. ഇപ്രകാരം വരുന്നവരാരും തന്നെ അന്യമതത്തിൽപെട്ടവരല്ലെന്നുള്ള വചനം യോഹന്നാൻ സാക്ഷ്യപ്പെടുത്തിയത് ഇപ്രകാരമാണ്. അവർ നമ്മുടെ ഇടയിൽനിന്നു പുറപ്പെട്ടവരാണെങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല, ആയിരുന്നെങ്കിൽ അവർ നമ്മോടു കൂടെ നില കൊള്ളുമായിരുന്നു. (1. യോഹ 2:10). അവരും ക്രിസ്ത്യാനികൾ തന്നെന്നു സാരം. ഇപ്രകാരം വരുന്നവർ തിരുവെഴുത്തുകളെ വളച്ചൊടിക്കുന്നു. (2. പത്രോ. 3:16.) യേശുവിന്റെ കാലത്തു പരീശന്മാർ വിധവമാരുടെ വീടുകൾ വിഴുങ്ങിയിരുന്നതുപോലെ നമ്മുടെ കഷ്ടകാലങ്ങളിൽ മരുഭൂമിയിലെ വേഴാമ്പൽ പോലെയും, ശൂന്യസ്ഥലത്തെ മൂങ്ങായെപ്പോലെയും, വീടിനു മുകളിൽ തനിച്ചിരിക്കുന്ന കുരുവിയെപ്പോലെയും, നിരാശയിലും മറ്റും നാം ആയിരിക്കുമ്പോൾ ആശ്വാസമായ വാക്കുകൾ പറഞ്ഞ് നമ്മെ ദുരുപദേശം പഠിപ്പിക്കയും തൽഫലമായി കുടുംബഛിദ്രം വരുത്തുകയും, തങ്ങളുടെ പ്രാർത്ഥനാലയങ്ങളിലേക്കു ക്ഷണിക്കുകയും, നമ്മുടെ ആരാധന കുരിശു വച്ചുള്ള വിഗ്രഹാരാധനയ്ക്കു സമയമായതിനാൽ ദൈവകൃപ ലഭിക്കില്ലെന്നും പറയുന്നവരോടു പൗലോസ് ഇപ്രകാരം പറയുന്നു. നിങ്ങൾക്ക് ഭക്ഷിപ്പാനും കുടിപ്പാനും വീടുകൾ ഇല്ലയൊ, മനുഷ്യരുടെ പാപപരിഹാരാർപ്പണത്തിനുള്ള, കാഴ്ചയും, യാഗവും അർപ്പിക്കപ്പെടേണ്ട ദൈവത്തിന്റെ ആലയത്തെ അല്ലെങ്കിൽ പള്ളിയെ ലജ്ജിപ്പിക്കുന്നു (1 കൊരി 11: 22). ഇപ്രകാരം നടത്തേണ്ട പുരോഹിതർ (എബ്രാ. 5:1) വേണ്ടെന്നും യേശു സ്ഥാപിച്ച രണ്ടാം ഉടമ്പടി അപ്പവീഞ്ഞുകൾകൊണ്ട് ബലി യേശുവും, ശിഷ്യന്മാരും ചേർന്നു നടത്തിയ വെറും ഒരു ചായസൽക്കാരം മാത്രമാണെന്നും നിന്ദിക്കുന്നു ആദിമ സഭയിലെ ഇപ്രകാരം ജീവിച്ച പുരോഹിതന് നിത്യ ചിലവിനു വകയില്ലായിരുന്നു. കൂടാരത്തിൽ ശുശ്രൂഷിക്കുന്നവർക്കു അഹോവൃത്തിക്കു വകയില്ലാത്ത ഒരു യാഗപീഠം നമുക്കുണ്ട്.(എബ്രാ. 13:10). പിന്നീടു സഭ അതിനു മാറ്റം വരുത്തി. യാഗപീഠത്തിൽ ശുശ്രൂഷിക്കുന്നവർ യാഗപീഠത്തിലെ വഴിപാടുകളുടെ ഓഹരിക്കാരാകുന്നു. (1. കൊരി.9:13).

യാഗപീഠവും, പൗരോഹിത്യവും നിഷേധിക്കുന്ന പെന്തക്കോസ് ഉപദേശി ദശാംശവും, വഴിപാടും വാങ്ങുന്നതു വിരോധാഭാസമെല്ലെ? മടിശീലയിൽ പൊന്നും, വെള്ളിയും, ചെമ്പും, കരുതി വയ്ക്കരുതെന്നും, സൗജന്യമായി നിങ്ങൾക്കു ലഭിച്ചിരിക്കുന്നത് സൗജന്യമായി കൊടുപ്പീനെന്നാണ് വചനം (മത്താ. 10:8). ഇപ്രകാരം ഉള്ള ദുരുപദേശക്കാർ തങ്ങളുടെ വയറിനെ സേവിക്കുന്നു. (റോമ. 16:18). ഇവരെപ്പറ്റി യൂദായുടെ ലേഖനത്തിലെ പരാമർശം പരിശോ

*(ശേഷം പേജ് 10-ൽ)*

# ഒരു ശുഭ ചിന്ത

പ്രൊഫ. ഡോ. അന്നമ്മ ജേക്കബ് മള്ളൂശ്ശേരിൽ, റാന്നി

സായാഹ്നം! അതിമനോഹരം! പാടലവർണ്ണശോഭപൂശി പ്രകൃതി പുതിയൊരു ശിരോവസ്ത്രം ധരിച്ച്, പുതിയൊരു സുതാര്യ മൂടുപടം അണിഞ്ഞ് ഗാംഭീര്യഭാവചക്രവർത്തിയായ രാത്രിയെ സ്വീകരിക്കുന്ന അനർഘനിമിഷം. അതാണ് സായാഹ്നം...

പ്രകൃതിയിലെ സർവ്വചരാചരങ്ങളും ഈയൊരു ശുഭമുഹൂർത്തത്തിൽ ആശംസകൾ അർപ്പിച്ചു നിശ്ചലരായി നിൽക്കുകയാണ്. ആശംസിച്ചുകൊണ്ട് നിൽക്കുകയാണെന്നു പറയുമ്പോൾ അവരെല്ലാം സാക്ഷി നിൽക്കുന്ന അനർഘനിമിഷമാണെന്ന് അനുമാനിക്കാം.

സർവ്വജീവജാലങ്ങളും, അധരം കൊണ്ടും, മനസ്സുകൊണ്ടും, മന്ത്രോച്ചാരണങ്ങളാൽ വിശ്വസൃഷ്ടാവിനെ പ്രകീർത്തിക്കുന്ന ഒരു അനർഘനിമിഷം. അതുകൊണ്ടുതന്നെയാണ് അതിനെ അനർഘനിമിഷമെന്ന് എടുത്തു പറഞ്ഞത്.

അതെ, സായാഹ്നം അതിമനോഹരമെന്നു പറഞ്ഞല്ലോ. ജീവിതത്തിനുമുണ്ട് ഒരു സായാഹ്നം. ആ ജീവിതസായാഹ്നം അതിമനോഹരമാണ്. കാരണം നാം കാംക്ഷിക്കുന്ന, ആഗ്രഹിക്കുന്ന ഒരു വലിയപദവിയിലേയ്ക്ക് ഒരു വലിയ സങ്കേതത്തിലേയ്ക്ക് ഒരു വലിയ അത്താണിയിലേയ്ക്ക് നമുക്ക് എത്തിച്ചേരാനുള്ള ഒരു വാഞ്ചയാണ് ആ സായാഹ്നംകൊണ്ടു മനസ്സിലാക്കേണ്ടത്. അതിനുവേണ്ടി നാം ഒരുങ്ങുകയും വേണം. അതാണ് ആവശ്യം. അപ്പോൾ ഇരുട്ട് എന്നു പറയുമ്പോൾ അഥവാ കേൾക്കുമ്പോൾ പേടിക്കേണ്ട കാര്യമില്ല. സായാഹ്നത്തെപ്പറ്റി അറിയുമ്പോൾ ജീവിതത്തിന്റെ കാലഘട്ടം കഴിഞ്ഞല്ലോ എന്നോർത്ത് നിരാശപ്പെടുകയും വേണ്ട. ഇരുട്ട് എന്ന പ്രത്യേക പ്രതിഭാസം ഗാംഭീര്യമുള്ള ആ പ്രതിഭാസം നമ്മെ സ്വീകരിച്ചുകൊണ്ടുപോകുന്നത് ഏറ്റവും മനോഹരമായ ഒരു തിരിച്ചുവരവിനുവേണ്ടിയാണ്. ഒരു പുതിയ വരവിനുവേണ്ടി..... ഏറ്റവും സൗന്ദര്യമുള്ള പ്രഭാതമായിട്ട് നമ്മെ തിരിച്ചുകൊണ്ടുവരുവാനായിട്ടാണ് ഈ ഇരുട്ടിൽ ആ സായാഹ്നം വിലയം പ്രാപിക്കുന്നത്. അതുകൊണ്ട് നാം



നിറഞ്ഞ പ്രതീക്ഷയോടുകൂടി ജീവിതത്തെ നേരിടണം. ഓരോ നിമിഷവും ശുഭാപ്തി വിശ്വാസത്തോടെ, എല്ലാ ചിന്തകളിലും പ്രവൃത്തികളിലും വ്യാപൃതരാകണം. ആ ഇരുട്ടിനെ പ്രതികൂല സാഹചര്യമായി ഗണിക്കരുത്. മറിച്ച് നമുക്ക് അനുകൂല സാഹചര്യമൊരുക്കുന്ന ഒരു സഹായി ആണ്. സായാഹ്നത്തെ തേടിപ്പിടിച്ച് ഇരുട്ടിലേക്ക് ചേർത്ത് കൂടുതൽ മനോഹരമാക്കി കുറച്ചു സമയത്തിനുശേഷം അതിസുന്ദരമായ പ്രകാശകിരണങ്ങൾകൊണ്ട് ജ്വലിക്കുന്ന സത്കർമ്മങ്ങൾ ചെയ്യാൻ സജ്ജരാക്കുന്ന പ്രഭാതമായിട്ട് നമ്മെ തിരിച്ചുകൊണ്ടുവരും. നാം പൂർവ്വാധികം ഊർജ്ജ്വസ്വലരായി തിരിച്ചുവരും.

അതുകൊണ്ട് എന്നും ശുഭാപ്തി വിശ്വാസികളായിരിക്കുക.

---

## എതിർക്രിസ്തു

*(പേജ് 9 തുടർച്ച)*

ധിക്കാം. ഇവർ ഭയം കൂടാതെ തിന്നുകുടിച്ച്, മദിക്കുന്നവരും, വെള്ളമില്ലാത്ത മേഘങ്ങളും (പരിശുദ്ധാത്മാവ്) ഇല പൊഴിഞ്ഞും, വേരറ്റ വൃക്ഷങ്ങൾപോലെയും തന്നെ ആകുന്നു. അന്ത്യകാലത്തു ഭക്തികെട്ട മോഹങ്ങൾ അനുസരിച്ചു നടക്കുന്ന പരിഹാസികൾ ഉണ്ടാകും, അവർ ഭിന്നതകൾ ഉണ്ടാക്കുന്നവരും ആകയാൽ നാം അവരുടെ ഉപദേശത്തിനു ചെവി കൊടുക്കരുതെന്നും ഉള്ള സത്യം മനസ്സിലാക്കണം.

നിങ്ങളെ വഴി തെറ്റിക്കുന്നവരെ ഓർത്തു ഞാൻ ഇത് എഴുതുന്നു (1.യോഹ 2:26.) ഫറവോരാജാവിന്റെ മുമ്പിൽ മോശയുടെ വടി സർപ്പമാക്കിയ പ്രകാരം മന്ത്രവാദിയുടെ വടിയും സർപ്പമാക്കിയതുപോലെ ഇവർക്കു നമ്മുടെ കണ്ണു കുരുടാക്കാനും കഴിയുമെന്നത് (2 കൊര 4:4). അതിനാൽ അവരെ ഭവനങ്ങളിൽ സ്വീകരിക്കയൊ, അവരോടു കുശലം പോലും പറയരുത് 2 യോഹ. 10–ൽ വെളിപ്പെടുത്തിയിരിക്കുന്നു. അവരെ സ്വീകരിച്ചാൽ അവർ നമ്മെ വഞ്ചിക്കും. അതിനാൽ നമ്മുടെ പാരമ്പര്യവിശ്വാസത്തെ മുറുകെ പിടിച്ചുകൊൾവീൻ. ആരും നിങ്ങളെ വചനത്താലോ സഭാ വിശ്വാസത്തിൽ നിന്നുമോ പെട്ടെന്ന് ചഞ്ചല ചിത്തരും പരിഭ്രാന്തരും ആക്കരുത് (2 തെസ്സ.2:3). ലോകത്തിൽ നമ്മുടെ ക്ലേശകരമായ ജീവിതത്തിൽ കഷ്ടത ഉണ്ട് (യോഹ. 16:33). ദുഃഖവും, മാറാരോഗങ്ങളും, നിത്യ ചിലവിനുള്ള വകയും എല്ലാം ഉൾപ്പെടുന്നകൊണ്ട് സഭയുടെ വിശ്വാസ സത്യങ്ങൾ മനസ്സിലാക്കാൻ നമുക്ക് സാധിച്ചെന്നു വരില്ല. തന്മൂലം പ്രതിസന്ധികൾ വരുമ്പോൾ നാം വിശ്വാസത്തിൽ നിന്നു വീണുപോകരുത്. നമ്മുടെ പിതാക്കന്മാർ ഇത്രയും വചനങ്ങൾ ദുരുപദേശക്കാരെ സൂക്ഷിക്കണമെന്നു പഠിപ്പിച്ചിട്ടും അവരുടെ ഉപദേശങ്ങൾക്കു പിന്നാലെ പോയാൽ ആദാമിനും, ഹവ്വാക്കും സംഭവിച്ചപോലെ നാം ചെളിക്കുഴിയിൽ വീണുപോകും. അതിനാൽ ദുരുപദേശക്കാരെ സൂക്ഷിക്കുക.

'Beware of Dogs as well as Anti Christ'

# വിവാഹിതരായി



Advt -0

കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ ചെറുമടക്കാലായിൽ സി.കെ. ബെന്നിക്കുട്ടിയുടെയും (C.K. Bennykutty) റെനി ബെന്നിക്കുട്ടിയുടെയും (Reni Bennykutty) മകൻ **ബിച്ചു ബെൻ** (Bichu Ben)–ഉം വാകത്താനം പുതുശ്ശേരി സെന്റ് സൈമൺസ് പള്ളി ഇടവകയിൽ പന്ത്രണ്ടാംകുഴിയിൽ സജി ആൻഡ്രൂസിന്റെയും (Saji Andrews) മനു സജിയുടെയും (Manu Saji) മകൾ **അച്ചു സജി (Achu Saji)**-ഉം തമ്മിലുള്ള വിവാഹം 2022 ജൂലൈ 9–ാം തീയതി അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളിയിൽ നടത്തപ്പെട്ടു.






Advt -O

UK–യിലെ Cardiff University–യിൽ നിന്നും Medicine (MBBS)ൽ ഉന്നത വിജയം കൈവരിച്ച Dr. Linda Mary Saji. കൊച്ചെത്ത് Rev. Fr. Saji Abraham ന്റെയും **ബെറ്റി സജിയുടെയും** മകളാണ്. സഹോദരി മഹിമ സജി. ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായ പള്ളി ഇടവക അംഗമാണ്.

*With Best Compliments from Family Members*






Advt -G

# St. Knaithomman Knanaya Church
## Limerick, Ireland



**Fr. Dr. Thomas Jacob Manimala (Vicar)**



**Tijo Babu**
Vattathakadiyil
Chingavanam
(Trustee)



**Magson Thampy**
Palanthara Malayil
Eraviperoor
(Secretary)



**Binu Thomas**
Cheruvallil, Kurichy



**Sumith Markose**
Chirayil, Chingavanam



**Jaffin Prince**
Manakkattu, Chingavanam



**Binson Kuriakose**
Anjilimoottil Kathanasseril,
Kattode



**Thushor Abraham**
Pulimoottil, Ranny



**Jibben Thomas Mathew**
Peelitharayil, Venpala,
Thiruvalla

ദൈവകൃപയാൽ 2022 February 19 ന് അയർലൻഡിന്റെ തെക്കൻ പ്രദേശത്ത് താമസിക്കുന്ന ക്നാനായ സമുദായ അംഗങ്ങൾക്കായി വിശുദ്ധ ക്നായി തോമായുടെ നാമത്തിൽ അയർലൻഡിലെ Limerick–ൽ പുതിയ ഇടവക രൂപീകൃതമായി. ഡബ്ലിനിലെ സെന്റ് മേരീസ് ക്നാനായ ഇടവകയ്ക്ക് പുറമെ അയർലൻഡിലെ രണ്ടാമത്തെ ക്നാനായ ഇടവകയാണിത്. അയർലൻഡിലെ ക്നാനായ സമുദായ അംഗങ്ങളിൽ ഇതുവരെയും നമ്മുടെ ഇടവകകളുമായി ബന്ധപ്പെടുവാൻ സാധിക്കാതെ പോയവർ താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

+353 87 242 1868 (Magson Galway), +353 87 239 3377 (Baisel Dublin)

Advt -O

# വിവാഹിതരായി



Advt -0

റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ കുളമടയിൽ ഫാ. രാജൻ ഏബ്രഹാമിന്റെയും റെയ്മോൾ രാജന്റെയും മകൻ **ഏബൽ ഏബ്രഹാം കുളമടയും** ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ മൂഴിപ്പാറ എം.യു. രാജുവിന്റെയും ജാൻസി രാജുവിന്റെയും മകൾ **ഷാരോൺ രാജുവും** തമ്മിലുള്ള വിവാഹം 11-07-2022ൽ റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## അർദ്ധദിന സെമിനാറും അനുമോദനവും



ക്നാനായ കോൺഗ്രസ്സ് കേന്ദ്രകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന കേന്ദ്ര പ്രസിഡന്റ് **ഫാ. ജേക്കബ് കല്ലുകുളത്തിന്** അനുമോദനവും, '**കൗമാരവും കുടുംബ ബന്ധങ്ങളും**' എന്ന വിഷയത്തിൽ അർദ്ധദിന സെമിനാറും **ശ്രീ. പ്രമോദ് നാരായണൻ എം.എൽ.എ.** ഉദ്ഘാടനം ചെയ്യുന്നു.

## ക്നാനായ സൺഡേസ്കൂൾ സമാജം കേന്ദ്രകമ്മിറ്റി അംഗങ്ങൾ





Unixperts
STUDY ABROAD CONSULTANTS
WRITE THE STORY OF YOUR SUCCESS WITH THE XPERTS
SERVICES OFFERED
Xpert Knowledge Provider
Course Guidance
Application Process
Visa Guidance
Pre Departure Orientation
COUNTRIES WE CAN PLACE YOU
CUSTOMIZED CLASSES
IELTS
OET
OCCUPATIONAL ENGLISH TEST
Pearson | PTE
ETS TOEFL
SCAN QR CODE TO REGISTER
+91 7994698938
KOTTAYAM
First Floor, Vadasseril Buildings, Opp MD Commercial Centre,
KK Road, Kottayam, Kerala - 686002
OUR OFFICE NETWORK
Amritsar, Ahmedabad, Hyderabad, Kochi, Vijayawada & Visakhapatnam
Advt -O

# വിവാഹിതരായി



മുളക്കാംതുരുത്തി സെന്റ് ജോർജ് ക്നാനായ പള്ളി ഇടവകയിൽപ്പെട്ട കാരയ്ക്കാട്ടു ചിറയിൽ സണ്ണിയുടെയും അനിലയുടെയും മകൻ **ബെന്നും** കടുത്തുരുത്തി പടപ്പുരക്കൽ ഫെലിക്സിന്റെയും ജെസ്സിയുടെയും മകൾ **ഫെബിയ**യും തമ്മിലുള്ള വിവാഹം 07/07/2022 ൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ പ്രധാന കാർമികത്വത്തിൽ നടന്നു.

Advt -O




Advt -O

## നോർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റി



നോർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ ഹ്യൂസ്റ്റണിൽ വച്ച് നടത്തപ്പെടുന്ന 3 ദിവസത്തെ ക്നാനായ സംഗമത്തിന്റെ സമ്മേളനം ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. എബ്രാഹം തോട്ടത്തിൽ ഉത്ഘാടനം ചെയ്യുന്നു. റെവ. പ്രസാദ് കോവൂർ കോർ എപ്പിസ്കോപ്പ, റെവ. ഫാ. റെന്നി എബ്രഹാം, എബി മാത്യു, സെക്രട്ടറി രാജൻ പുന്നാറ്റുശ്ശേരിൽ, ട്രസ്റ്റി റ്റിജു തോമസ്, തമ്പാൻ തോമസ്, ഷിബു ഇട്ടി, തോമസ് ചാലുപറമ്പിൽ, ബാലു മാലത്തുശ്ശേരിൽ, രാജു മാലിക്കറുകയിൽ, അനി മാലിക്കറുകയിൽ, ധനൂപ് മണിമലേത്ത്, റെന്നി ഇരണക്കൽ, അജയ് വാഴയ്ക്കൽ, തമ്പി വടക്കേമണ്ണിൽ, ലിജു കുഴികണ്ടത്തിൽ, സൂസൻ ആലുമ്മൂട്ടിൽ, ഷാജു കല്ലമ്പറമ്പിൽ, ഡോൺ മാലിക്കറുകയിൽ എന്നിവർ സമീപം.

## ഓതറ നസ്രത്ത് കോളേജിൽ പുതുതായി നിർമ്മിച്ച ബാസ്ക്കറ്റ് ബോൾ കോർട്ട്



ഓതറ നസ്രത്ത് കോളേജിൽ പുതുതായി നിർമ്മിച്ച ബാസ്ക്കറ്റ്ബോൾ കോർട്ട് സമുദായ മെത്രാപ്പോലീത്താ അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും ഭാരവാഹികളും ചേർന്നു ഉദ്ഘാടനം ചെയ്തു


## വേർപാടിന്റെ 25-ാം വർഷം

01-08-2022



**Ittiyavera Abraham**

**(Kunjumon)**

## വേർപാടിന്റെ 4-ാം വർഷം

18-08-2022



**Mariamma Ittiyavera**

**(Mariammakutty)**

Advt -O

**Manimaleth House**
**Nellickamon P. O, Ranny**

സന്തപ്ത കുടുംബാംഗങ്ങൾ

# 40 – ാം ചരമദിനം

**22 – 08 – 2022**



## റവ. സി. ശൈനോ (മദർ സുപ്പീരിയർ)

**വി. മഗ്ദലനമറിയം കോൺവെന്റ്, കുറിച്ചി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ'

By *സിസ്റ്റേഴ്സ്, വി. മഗ്ദലനമറിയം കോൺവെന്റ്*

Advt -O

## 11 –ാം ചരമവാർഷികം

31 – 07 – 2022



## എം. എ. ഏബ്രഹാം (ബേബിച്ചൻ)

**മണ്ണാട്ട് വീട്, ഇരവിപേരൂർ**
**(ചങ്ങമ്പുഴ നഗർ, കളമശ്ശേരി, കൊച്ചി)**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

# നക്ഷത്രം വഴികാട്ടി ഉണ്ണി ഈശോയെ ദർശിച്ച വിദ്വാന്മാർ നമുക്കു നൽകുന്ന പാഠങ്ങൾ

ടോമി കുറിച്ചി

വിശ്വാസം നശിക്കുന്നു എന്നു പറയുന്ന ആത്മാക്കളെ, നിങ്ങളോടെന്താണ് പറയേണ്ടത്? കിഴക്കുനിന്നു വന്ന ജ്ഞാനികളായ ആ മനുഷ്യർക്ക് സത്യത്തെ സ്ഥിരീകരിക്കുവാൻ ഒന്നുമുണ്ടായിരുന്നില്ല. സ്വഭാവാതീതമായ യാതൊന്നും ഉണ്ടായിരുന്നില്ല. അവർക്ക് ആകെയുണ്ടായിരുന്നത്, ജ്യോതിശാസ്ത്രമനുസരിച്ചുള്ള കണക്കുകൂട്ടലുകളും ആത്മാർത്ഥത നിറഞ്ഞ ഒരു ജീവിതത്തിന്റെ പരിചിന്തനങ്ങളും മാത്രമായിരുന്നു. എങ്കിലും വിശ്വാസമുണ്ടായിരുന്നു. എല്ലാറ്റിലും വിശ്വാസമുണ്ടായിരുന്നു. അതായത് ശാസ്ത്രത്തിലും, തങ്ങളുടെ മനഃസാക്ഷിയിലും, ദൈവത്തിന്റെ നന്മയിലും വിശ്വാസമുണ്ടായിരുന്നു.

പുതിയ നക്ഷത്രം ഒരു അടയാളമാണെന്നു വിശ്വസിക്കാൻ ശാസ്ത്രം അവരെ സഹായിച്ചു. അത് മനുഷ്യരാശി നൂറ്റാണ്ടുകളായി പ്രതീക്ഷിച്ചിരുന്ന അടയാളമായിരിക്കാനെ സാധ്യതയുള്ളൂ. തങ്ങളുടെ മനഃസാക്ഷിയിൽ അവർക്കു വിശ്വാസമുണ്ടായിരുന്നു. തങ്ങളുടെ മനഃസാക്ഷിയുടെ സ്വരം അവർ കേട്ടു "രക്ഷകന്റെ ആഗമനത്തെ കാണിക്കുന്ന നക്ഷത്രമാണത്". ദൈവം നന്മതന്നെ ആയതുകൊണ്ട് അവിടുന്ന് അവരെ വഞ്ചിക്കുകയില്ലെന്ന്, അവർ വിശ്വസിച്ചു. അവരുടെ ഉദ്ദേശ്യം പരമാർത്ഥത നിറഞ്ഞതായിരുന്നതിനാൽ തങ്ങളുടെ ലക്ഷ്യം പ്രാപിക്കാൻ ദൈവം തങ്ങളെ സഹായിക്കുമെന്ന ഉറപ്പ് അവർക്കുണ്ടായിരുന്നു.

അവർ വിജയിക്ക തന്നെ ചെയ്തു. അടയാളങ്ങൾ പഠിച്ചുകൊണ്ടിരുന്ന അനേകം ആളുകൾ ഉണ്ടായിരുന്നു. എന്നാൽ ആ അടയാളത്തിന്റെ അർത്ഥം മനസ്സിലാക്കിയത്, അവർ മൂന്നുപേർ മാത്രമായിരുന്നു. കാരണം ദൈവത്തിന്റെ വാക്കുകളുടെ അർത്ഥമറിയുവാൻ അവർ ആഗ്രഹിച്ചത്, ദൈവത്തെ ഉടനെതന്നെ സ്തുതിക്കുകയും, ബഹുമാനിക്കുകയും ചെയ്യണമെന്ന പരമാർത്ഥമായ ഉദ്ദേശ്യത്തോടെ മാത്രമായിരുന്നു.

വ്യക്തിപരമായ ഒരാനുകൂല്യവും അവർ അന്വേഷിച്ചില്ല, നേരെമറിച്ച് അവർക്കു ധാരാളം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. പണച്ചെലവു വന്നു. എന്നാൽ മാനുഷികമായ ഒരു പ്രതിഫലവും, അവർ ആവശ്യപ്പെടുന്നില്ല. അവരെ ഓർക്കണമെന്നും നിത്യജീവിതത്തിനായി, അവരെ രക്ഷിക്കണെമെന്നും മാത്രമേ അവർ ദൈവത്തോട് ആവശ്യപ്പെടുന്നുള്ളു.

മാനുഷികമായ എന്തെങ്കിലും പ്രതിഫലം ഭാവിയിലുണ്ടാകണമെന്ന് അവർ ആഗ്രഹിക്കുന്നില്ല. അതുപോലെതന്നെ മാനുഷികമായ ഉത്ക്കണ്ഠകളും അവർക്കില്ല. യാതൊരു ആകുലചിന്തകളും കൂടാതെ അവർ യാത്രപുറപ്പെടാൻ തീരുമാനിക്കുന്നു. നിങ്ങൾക്കാണെങ്കിൽ ഒരു നൂറു നൂറു പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നു. ഇത്ര ദീർഘമായ ഒരു യാത്ര ഞാൻ എങ്ങനെ ചെയ്യും? എനിക്കറിഞ്ഞുകൂടാത്ത ഭാഷ സംസാരിക്കുന്ന അന്യനാടുകളിൽ, പരിചയമില്ലാത്ത ജനങ്ങളുടെ ഇടയിൽ എങ്ങനെ യാത്ര ചെയ്യും. അവർ എന്നെ വിശ്വസിക്കുമോ? അതോ ചാരനെന്നു സംശയിച്ചു കാരാഗൃഹത്തിലടയ്ക്കുമോ? മണലാരണ്യങ്ങളും നദികളും തരണം ചെയ്യാൻ സഹായത്തിന് ആരെങ്കിലും ഉണ്ടായിരിക്കുമോ? ചൂട് എത്ര മാത്രമായിരിക്കും. പർവ്വതപ്രദേശങ്ങളിലെ കാറ്റ് എത്രശക്തിയായിരിക്കും? ചതുപ്പുനിലങ്ങളുള്ള പ്രദേശങ്ങളിൽ മലമ്പനിയുണ്ടാവില്ലേ? ഭക്ഷണം വ്യത്യസ്തമായിരിക്കുമല്ലോ. വ്യത്യസ്തമായ ഭാഷകൾ...... പിന്നെ.... പിന്നെ..... എന്തെല്ലാം? ഇങ്ങനെയായിരിക്കും നിങ്ങൾ ചിന്തിക്കുക എന്നാൽ അവർ അങ്ങനെയൊന്നും ചിന്തിക്കുന്നില്ല. ആത്മാർത്ഥത നിറഞ്ഞ ധൈര്യത്തോടെ അവർ ദൈവത്തോടു പറയുന്നു "ദൈവമേ അവിടുന്നു ഞങ്ങളുടെ ഹൃദയങ്ങൾ അറിയുന്നു. ഞങ്ങളുടെ ലക്ഷ്യമെന്തെന്നും അങ്ങറിയുന്നു. അങ്ങേ കരങ്ങളിലേയ്ക്കു ഞങ്ങളെ ഏല്പിക്കുന്നു. അവിടുത്തെ പുത്രൻ ലോകരക്ഷയ്ക്കായി മനുഷ്യശരീരമെടുത്തു അവിടുത്തെ പുത്രനെ, ആരാധിക്കുവാനുള്ള അതിമാനുഷിക സന്തോഷവും സൗഭാഗ്യവും ഞങ്ങൾക്കു തരണമേ" അത്രയുംമാത്രം. അനന്തരം അതിവിദൂരമായ ദേശത്തുനിന്ന് ധ്രുവരേഖയിൽ വരുന്ന എഷ്യാ-അതായത് ടർക്കി-അഫ്ഗാനിസ്ഥാൻ-പേർഷ്യ-എന്നീ ഭൂവിഭാഗത്തിൽ നിന്നാണ് യാത്ര തിരിച്ചത്.

മംഗോളിയായിലെ പർവ്വതനിരകളിൽ നിന്ന് അവർ യാത്ര പുറപ്പെടുന്നു. ഗരുഡന്മാരുടെയും, കഴുകന്മാരുടെയും നാട്. കൊടുങ്കാറ്റിന്റെയും ജലപ്രവാഹങ്ങളുടെയും അലർച്ചയിലൂടെ ദൈവം സംസാരിക്കുന്ന നാട്. ബൃഹത്തായ മഞ്ഞുമലകളാകുന്ന താളുകളിൽ ദൈവം തന്റെ രഹസ്യവചനങ്ങൾ ആലേഖനം ചെയ്യുന്ന നാട്.

നൈൽനദി ഉത്ഭവിക്കുകയും ഒഴുകുകയും മെഡിറ്ററേനിയനിലെ നീലിമയാർന്ന ജനഹൃദയത്തിലുൾച്ചേരുകയും ചെയ്യുന്നതുവരെ അതിന്റെ നീലയും പച്ചയും കലർന്ന നിറമുള്ള ജലം കടന്നുപോകുന്ന പ്രദേശത്തുനിന്ന് അവർ യാത്ര പുറപ്പെടുന്നു. പർവ്വതങ്ങൾ, വനങ്ങൾ, മരുഭൂമികൾ, വരണ്ട സമുദ്രങ്ങൾ (കടലിനെക്കാൾ അപകടം നിറഞ്ഞവ) എന്നിവയോ അവർക്കു യാത്രതുടരുന്നതിന് തടസ്സമാകുന്നില്ല. കിഴക്കു പുതിയ നക്ഷത്രം രാത്രിയിലാണവരുടെമേൽ പ്രകാശിക്കുന്നത്. അതിനാൽ രാത്രിയിൽ അവർക്ക് ഉറങ്ങാൻ കഴിയുന്നില്ല. ഒരാൾ ദൈവത്തെ അന്വേഷിക്കുമ്പോൾ പ്രകൃതിയുടെ തഴക്കങ്ങൾ അതിമാനുഷിക പരിഗണനകൾക്കും ആവശ്യങ്ങൾക്കുംവേണ്ടി അവഗണിക്കേണ്ടി വരും.

വടക്കുനിന്നും കിഴക്കുനിന്നും തെക്കുനിന്നും വന്ന അവരെ നക്ഷത്രം നയിക്കുന്നു. ദൈവത്തിന്റെ ഒരത്ഭുതത്താൽ ഈ മൂന്നു ദിശയിൽ നിന്നും വന്നവരെ ഒരേ ദിക്കിലേയ്ക്കാണ് നയിച്ചത്. അനേകം മൈൽ ദൂരം അവർ പിന്നിട്ടു കഴിഞ്ഞപ്പോൾ ഒരത്ഭുതത്തിലൂടെ അവരെ ഒരു സ്ഥലത്ത് ഒരുമിച്ചു ചേർക്കുന്നു. വീണ്ടും ഒരത്ഭുതംകൂടെ പ്രവർത്തിച്ച് അവർക്കു പരസ്പരം മനസ്സിലാക്കുന്നതിനുള്ള ഭാഷാവരവും നൽകുന്നു. പറുദീസായിൽ ഇതാണല്ലോ സംഭവിക്കാൻ പോകുന്നത്. അവിടെ എല്ലാവർക്കും കൂടി ഒരു ഭാഷയെ ഉണ്ടായിരിക്കയുള്ളു. ദൈവത്തിന്റെ ഭാഷ.

അവർ വല്ലാതെ ഭയപ്പെട്ട ഒരു നിമിഷം മാത്രമേയുള്ളു. അത് നക്ഷത്രം അപ്രത്യക്ഷമായപ്പോഴാണ്. അപ്പോഴും അവർ വിനയവും യഥാർത്ഥ മഹത്വവുമുള്ളവരായിരുന്നതുകൊണ്ട് മറ്റുള്ളവരുടെ തിന്മകൊണ്ടാണ് അങ്ങനെ സംഭവിച്ചത് എന്ന്

വിചാരിച്ചില്ല. യഥാർത്ഥത്തിൽ ജറുശലേമിലെ ദുഷിച്ച ജനം ദൈവത്തിന്റെ നക്ഷത്രത്തെ ദർശിക്കാൻ യോഗ്യരായിരുന്നില്ല. എന്നാൽ അവൻ ചിന്തിച്ചത് അവരുടെ അയോഗ്യതയാണിതിന് കാരണമെന്നാണ്. അതിനാൽ അവർ തങ്ങളെത്തന്നെ ഭയത്തോടും അനുതാപത്തോടും കൂടി പരിശോധിക്കാനും പാപപ്പൊറുതിക്കായി യാചിക്കാനും തയ്യാറായി.

എന്നാൽ അവരുടെ മനസ്സാക്ഷി അവരെ ധൈര്യപ്പെടുത്തി. അവരുടെ ആത്മാക്കൾ ധ്യാനത്തിലും പ്രാർത്ഥനയിലും പരിചയിച്ചിരുന്നതിനാൽ അവർക്ക് വളരെ മൃദുലമായ മനസ്സാക്ഷിയുണ്ടായിരുന്നു. ശ്രദ്ധയോടെ ഞങ്ങളിലേക്കുതന്നെ നോക്കി ഒരു കണ്ണാടിയിലെന്നപോലെ അനുദിനമുണ്ടാകുന്ന കുറ്റങ്ങൾ അവർ മനസ്സിലാക്കിയിരുന്നു. അവരുടെ മനസാക്ഷി അവരുടെ അദ്ധ്യാപകനായിരുന്നു. ഏറ്റവും ചെറിയതെറ്റല്ല, തെറ്റിനുള്ള പ്രവണതപോലും മാനുഷിക പ്രവണതകളും സ്വാർത്ഥ താൽപര്യങ്ങൾ പോലും, സൂചന നൽകി അറിയിക്കുന്ന ശബ്ദമായിരുന്നു അവരുടെ മനസ്സാക്ഷി. അത് അസത്യം പറയുമെന്ന് അവർ കരുതിയില്ല. നേരെ മറിച്ച് മനസ്സാക്ഷി അവരെ ധൈര്യപ്പെടുത്തിക്കൊണ്ട് അവരുടെ പ്രത്യാശ വർദ്ധിപ്പിക്കുകയാണ് ചെയ്തത്.

ദൈവത്തിനെതിരായി നമ്മിൽ യാതൊന്നുമില്ല എന്നറിയുന്നത് എത്ര മാധുര്യമേറിയതാണ്. ദൈവം കാരുണ്യത്തോടെ തന്റെ വിശ്വസ്ത പുത്രനെ നോക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നുവെന്ന് അനുഭവപ്പെടുന്നത് എത്ര ആനന്ദപ്രദം? ആ അനുഭവത്തിൽ വിശ്വാസം, പ്രത്യാശ, ശക്തി, ക്ഷമ ഇങ്ങനെ എല്ലാ പുണ്യങ്ങളും ആത്മാവിൽ വർദ്ധിക്കുന്നു. ഇപ്പോൾ കൊടുങ്കാറ്റ് ആഞ്ഞടിക്കുന്നു; എന്നാൽ അതു കടന്നുപോകും. കാരണം ദൈവം എന്നെ സ്നേഹിക്കുന്നു. ഞാൻ അവിടുത്തെ സ്നേഹിക്കുന്നുവെന്ന് അവിടുന്നറിയുന്നു. അതിനാൽ എന്നെ വീണ്ടും സഹായിക്കാതിരിക്കയില്ല. നേരായ മനസ്സാക്ഷിയുള്ളവർ ഇങ്ങനെയാണ് സംസാരിക്കുക. നിർമ്മലമായ മനസാക്ഷിയുള്ളവർ സമാധാനം അനുഭവിക്കുന്നു. അയാളുടെ പ്രവർത്തികളെയെല്ലാം നയിക്കുന്ന രാജ്ഞിയാണു നിർമ്മല മനസ്സാക്ഷി.

ജ്ഞാനികളായ ആ മൂന്നുപേരും യഥാർത്ഥത്തിൽ മഹത്വമുള്ളവരായിരുന്നു. ഒന്നാമതായി അവർക്കു സ്വഭാവാതീതമായ സുകൃതങ്ങളുണ്ടായിരുന്നു. രണ്ടാമതായി അവർക്കും ശാസ്ത്രീയമായ അറിവുണ്ടായിരുന്നു. മൂന്നാമതായി അവർ ധനികരായിരുന്നു. എങ്കിലും തങ്ങൾ ഒന്നുമല്ല എന്നാണവർ വിചാരിച്ചിരുന്നത്. ദൈവത്തോടു തുലനം ചെയ്യുമ്പോൾ തങ്ങൾ ഭൂമിയിലെ പൊടിയുടെ പൊടിയാണെന്ന് അവർ കരുതുന്നു. ദൈവം എത്ര വലിയവൻ, ഒരു പുഞ്ചിരിയാൽ അവിടുന്നു ലോകത്തെ സൃഷ്ടിക്കുന്നു. ധാന്യം വിതറുന്നതുപോലെ നക്ഷത്രങ്ങളെ വാരിവിതറി, ദൈവദൂതന്മാരുടെ കണ്ണുകൾക്ക് അവ രത്നങ്ങളെപ്പോലെ ശോഭയുള്ളതാക്കുന്നു.

കഴിഞ്ഞ ഡിസംബർ മാസം ഒരു രാത്രിയിൽ വളരെ പ്രകാശമുള്ള ഒരു പുതിയ നക്ഷത്രം ആകാശത്തിൽ പ്രത്യക്ഷപ്പെടുന്നതു അവർ കണ്ടു. ഗോളങ്ങൾ കാണിക്കുന്ന ചിത്രങ്ങളിലൊന്നും ഇങ്ങനെയൊരു നക്ഷത്രം കാണുന്നില്ല. അതെക്കുറിച്ചു പരാമർശിക്കുന്നുമില്ല. അതിനു പേരില്ലാത്തതുകൊണ്ടു പേരും അറിഞ്ഞിട്ടില്ല. "ദൈവത്തിൽ നിന്നും ജന്മം പൂണ്ട ആ നക്ഷത്രം ദൈവത്തിന്റെ രഹസ്യം-അനുഗ്രഹീതമായ ഒരു രഹസ്യം - ഒരു സത്യം മനുഷ്യരോടു പറയുന്നതിനാണ് മിന്നിത്തിളങ്ങിയത്" എന്നാൽ മനുഷ്യൻ അതിനെ ഒട്ടും ശ്രദ്ധിച്ചില്ല. കാരണം അവരുടെ ആത്മാക്കൾ ചെളിയിലാണ്ടു കിടന്നിരുന്നു. തങ്ങളുടെ കണ്ണുകളെ അവർ ദൈവത്തിങ്കലേയ്ക്കുയർത്തിയില്ല. ആകാശത്തട്ടിൽ കത്തിജ്വലിക്കുന്ന നക്ഷത്രങ്ങൾ കൊണ്ട് അവിടുന്നു എഴുതുന്ന വാക്കുകൾ അവർക്കു വായിക്കാനും കഴിഞ്ഞില്ല. ദൈവം എന്നും എന്നേയ്ക്കും വാഴ്ത്തപ്പെട്ടവനാകട്ടെ.

അവർ നക്ഷത്രം കണ്ടു അതിന്റെ അർത്ഥം എന്തെന്നറിയുവാൻ അവർ പരിശ്രമിച്ചു. അധിക സമയം ഉറങ്ങാറില്ലാത്ത അവർ തങ്ങളുടെ ഉറക്കം മുഴുവനും ഉപേക്ഷിച്ചു. ഭക്ഷണകാര്യവും വിസ്മരിച്ചുകൊണ്ട്, ഈ ജ്യോതിസ്സ് ചക്രം എന്തെന്ന് പഠിക്കുന്നതിനു ശ്രമിച്ചു. നക്ഷത്രങ്ങളുടെ സന്ധിക്കലുകൾ, അവയുടെ സമയം, കാലം, മണിക്കൂറുകൾ, ജ്യോതിശാസ്ത്രമനുസരിച്ചുള്ള രാശി നില ഇവയെല്ലാം പരിശോധിച്ചു പഠിച്ചപ്പോൾ പുതിയ നക്ഷത്രത്തിന്റെ പേരും രഹസ്യവും അവർക്കു പിടികിട്ടി. അതിന്റെ പേര് 'മ്ശിഹാ' അതിന്റെ രഹസ്യം 'രക്ഷകൻ ലോകത്തിലേക്കു വന്നിരിക്കുന്നു'. രക്ഷകനെ ആരാധിക്കുവാൻ അവർ ഒരുങ്ങി പുറപ്പെട്ടു. മൂന്നുപേർക്കും പരസ്പരം അറിഞ്ഞുകൂടായിരുന്നു. പർവ്വതനിരകൾ കയറി ഇറങ്ങി, മരുഭൂമികൾ കടന്ന് താഴ്ചകളും, നദീതടങ്ങളും പിന്നിട്ട്, രാത്രിയിൽ യാത്ര ചെയ്തു അവർ പാലസ്തീനായിലേക്കാണു നീങ്ങിയിരുന്നത്. ഭൂമിയിൽ മൂന്നു വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നു യാത്ര പുറപ്പെട്ട അവർ മൂന്നുപേർക്കും നക്ഷത്രം ഒരേ ദിശയിലേയ്ക്ക് പോകുന്നതായിട്ടാണ് അനുഭവപ്പെട്ടത്. അവർ ചാവുകടലിന് അപ്പുറത്തു വച്ച് ഒരുമിച്ചു ചേർന്നു. ദൈവനിശ്ചയമാണ് അവരെ ഒരുമിച്ചു ചേർത്തത്. അവിടം മുതൽ അവർ ഒരുമിച്ചു യാത്രതുടർന്നു. ഓരോരുത്തർക്കും പ്രത്യേക ഭാഷയുണ്ടായിരുന്നതെങ്കിലും, അവർക്ക് പരസ്പരം ആശയങ്ങൾ കൈമാറാൻ കഴിഞ്ഞു. നിത്യപിതാവിന്റെ ഒരത്ഭുതത്താൽ അവർക്കു പരസ്പരം മനസ്സിലാക്കുവാനും മൂന്നു ഭാഷകളും സംസാരിക്കാനും കഴിഞ്ഞു. അവർ ജറുസലേമിലേക്കാണ് ഒരുമിച്ചുപോയത്. കാരണം, രക്ഷകൻ (മ്ശിഹാ) ജറുസലേമിലെ രാജാവാകുവാനുള്ളവനാണ്. യഹൂദരുടെ രാജാവാകുവാനുള്ള ആളാണ്. എന്നാൽ ആ പട്ടണത്തിന്റെ മുകളിലെ ആകാശത്തിൽവച്ച് നക്ഷത്രം അപ്രത്യക്ഷമായി. തങ്ങളുടെ ഹൃദയം ഭേദിക്കുന്ന വേദന അവർക്കനുഭവപ്പെട്ടു. ദൈവത്തിനു യോജിക്കാത്തതെങ്കിലും തങ്ങളിലുണ്ടോ എന്ന് അവർ പരിശോധിക്കാൻ തുടങ്ങി. എന്നാൽ മന:സാക്ഷി ധൈര്യം പകർന്നു കൊടുത്തതിനാൽ അവർ ഹേറോദേസ് രാജാവിന്റെ പക്കലേയ്ക്ക് പോയി. യഹൂദന്മാരുടെ രാജാവ് ഏതു കൊട്ടാരത്തിലാണു പിറന്നിരിക്കുന്നത് എന്നന്വേഷിച്ചു. കാരണം അവനെ ആരാധിക്കാൻ വേണ്ടിയാണ് അവർ വന്നത്. രാജാവ് പ്രധാന പുരോഹിതരെയും നിയമജ്ഞരേയും വിളിച്ചുകൂട്ടി മ്ശിഹാ എവിടെയായിരിക്കും ജനിക്കുക എന്നന്വേഷിച്ചു. യൂദായിലെ ബേത്‌ലഹേമിൽ എന്നവർ പറഞ്ഞു. (തുടരും)




# വീണ്ടും ചില കരിയർ വിശേഷങ്ങൾ



സുനിൽ ഡി. കുരുവിള

"സാർ ഇപ്പോൾ എന്തിനാണ് സ്കോപ്പ്"?

സാധാരണയായി നമ്മുടെ നാട്ടിൽ Career രംഗത്ത് കേൾക്കുന്ന ഒരു ചോദ്യമാണ്?

ഒരു പക്ഷെ ഈ ഒരു വാക്ക് ആണ് എല്ലാ തട്ടിപ്പുകാരും ഉപയോഗിക്കുന്നത്. യഥാർത്ഥത്തിൽ സ്കോപ്പ് അങ്ങനെ ഒരു കാര്യം ഇല്ല. ഒരു ഉദാഹരണം പറഞ്ഞാൽ കോവിഡ് കാലത്തു ഓൺലൈൻ - ഡിജിറ്റൽ രംഗത്തെല്ലാം വലിയ ഉണർവ്വ് ഉണ്ടായി, സംശയമില്ല. ഒരു പക്ഷെ ആ ഡിമാന്റ് തുടരുകയും ചെയ്തേക്കാം. അപ്പോൾ എന്ത് സംഭവിക്കും? ധാരാളം ആൾക്കാർ കമ്പ്യൂട്ടർ രംഗത്തേക്ക് പഠിക്കാൻ തയ്യാറാകും. അതോടുകൂടി ആ രംഗത്തു supply ക്രമാതീതമായി കൂടും.... supply കൂടുമ്പോൾ ഡിമാന്റ് കുറയും. അപ്പോൾ long term ൽ ഒരു രംഗത്തും വലിയ ഡിമാന്റ് നിലനിൽക്കുകയില്ല. ഏറ്റവും മികച്ചവർക്കു മാത്രമായിരിക്കും സ്കോപ്പ് ഉണ്ടാവുക.

"Entrance കോച്ചിംഗ് repeat ചെയ്യുന്നത് നല്ലതാണോ?"

പല കുട്ടികളുടെയും സംശയമാണ്. നിങ്ങൾ medicine, IIT പോലുള്ള ഏറ്റവും കടുപ്പമേറിയ രംഗത്തൊക്കെ പോകാൻ ആഗ്രഹിക്കുന്നെങ്കിൽ Entrance കോച്ചിംഗ് repeat ചെയ്യുന്നതിൽ തകരാറില്ല. എങ്കിലും നമ്മൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്: നമ്മൾ പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന വിദ്യാർത്ഥിയാണോ? കൂടുതൽ അറിയാനും പഠിക്കാനും മനസ്സിലാക്കാനും ഇഷ്ടമാണോ?

എൻട്രൻസ് കോച്ചിംഗിന്റെ കാഠിന്യം ഏറ്റെടുക്കാനും ഒരു വർഷത്തോളം ആ motivation നിലനിർത്താനും തയ്യാറാണോ? ഇനി ഉദ്ദേശിക്കുന്ന കോഴ്സ് repeat ചെയ്തിട്ടും ലഭിച്ചില്ലെങ്കിൽ നിരാശപ്പെടാതെ മുമ്പോട്ടുപോകാൻ കഴിയുമോ? ആഗ്രഹിച്ച കോഴ്സ് കിട്ടാതെ വന്നാൽ മറ്റു കരിയർ പ്ലാനുകൾ മനസ്സിൽ കണ്ടിട്ടുണ്ടോ? ഏറ്റവും മികച്ച സ്ഥാപനങ്ങൾ തന്നെ കോച്ചിംഗിനു തിരഞ്ഞെടുക്കാം. ഇനി എത്ര നല്ല സ്ഥാപനമാണെങ്കിലും അവനവന്റെ കഠിനാധ്വാനത്തിന്റെ വെളിച്ചത്തിൽ മാത്രമാകും ഫലം ഉണ്ടാവുക.

"സാർ ACCA ആണോ CA ആണോ നല്ലത്?

CA യുടെ നിലവാരവും മികവും ഭാവിയും CA യ്ക്കു മാത്രമേ ലഭിക്കൂ. CA പഠനം കഠിനമാണ്. എന്നാൽ വിജയിച്ചാൽ വലിയ opportunity ആണ് ലഭിക്കുക. ACCA വിദേശ കോഴ്സാണ്. അതുകൊണ്ടുതന്നെ പ്രൈവറ്റ് മേഖലയിലും വിദേശ സ്ഥാപനങ്ങളിലും ഒക്കെയാവും ജോലി ലഭിക്കാൻ അവസരം ഉണ്ടാവുക. ACCA പഠിച്ചാൽ വിദേശത്തു ജോലി ലഭിക്കും എന്നൊന്നും കണ്ണും അടച്ചു വിശ്വസിക്കേണ്ട. തുടക്കത്തിൽ ഒരു entry കിട്ടാനും എക്സ്പിരിയൻസ് കിട്ടാനുമൊക്കെ പ്രയാസമാണ്. പിന്നീട് നിങ്ങളുടെ കഴിവുപോലെ മാത്രമായിരിക്കും കരിയർ സാദ്ധ്യതകൾ. എന്നാൽ CA വിജയശതമാനം കുറവായതുകൊണ്ട് ജയിച്ചാൽ ഉടൻ തന്നെ മികച്ച അവസരങ്ങൾ ലഭിക്കും. കുറച്ചു വർഷത്തെ എക്സ്പിരിയൻസ് നേടിക്കഴിഞ്ഞാൽ സ്വന്തമായി പ്രാക്ടീസ് ചെയ്യാം. എക്സ്പിരിയൻസ് ഉള്ളവർക്ക് വിദേശത്തും വലിയ ഡിമാന്റ് ആണ്. കണക്കിന് മിടുക്കരായ ആർക്കും ഈ രംഗത്തേക്ക് കടന്നുവരാം.

"കണക്കു പഠിച്ചാൽ സാധ്യതയുണ്ടോ?"

തീർച്ചയായും. കണക്കിന് മിടുക്കുള്ള കുട്ടികൾക്ക് എഞ്ചിനിയറിംഗ് പഠനത്തിന് പോകണം എന്ന് നിർബന്ധമില്ല. കണക്കിന് ഡിഗ്രി എടുത്താൽ Statistics, economics, software, Artificial intelligence, data science, banking, insurance, stock market, accounting, finance management മുതലായ മേഖലകളിൽ ഒക്കെ ഉന്നതപഠനം നടത്തുകയോ തൊഴിൽ നേടുകയോ ചെയ്യാൻ കഴിയും.

ജിയോളജി, cost accounting, company secretary, LLB ഒക്കെ നല്ല തൊഴിൽ അവസരങ്ങൾ നൽകുന്ന മേഖലകൾ ആണ്. പഠിക്കാൻ വലിയ കഴിവില്ല/താല്പര്യമില്ല - അങ്ങനെയുള്ളവർ ഏതെങ്കിലും ട്രെയിഡ് പഠിക്കുന്നത് വലിയ ഗുണം ചെയ്യും. ഇന്ത്യയിലും വിദേശത്തും എല്ലാം front line workers നെ ആവശ്യമാണ്. Beautician, hair cutting, tailoring, meat cutting, tree cutting, cooking, cook, farming, animal care ഒക്കെ വളരെ ആവശ്യക്കാർ ഉള്ള മേഖലകൾ ആണ്.

പാരാ മെഡിക്കൽ, പോളിടെക് ഡിപ്ലോമ, കമ്പ്യൂട്ടർ ഓപ്പറേഷൻ, ഹോട്ടൽ മാനേജ്മെന്റ്, sales & marketing, retailing & customer care, Montessori & kindergarten teachers, geriatric care, ഫുഡ് പ്രോസസ്സിംഗ്, ഫാഷൻ ഡിസൈനിംഗ്, ഇന്റീരിയൽ ഡിസൈൻ..... ഒക്കെ അഭിരുചി അനുസരിച്ച് പഠിച്ചു ജോലി നേടാം.

ഒരു ജോലിക്കും മാനക്കേട് തോന്നേണ്ടതില്ല. എല്ലാ ജോലിക്കും അതിന്റേതായ മഹത്വമുണ്ട്! ഇഷ്ടപ്പെട്ടു ചെയ്താൽ ഏതു ജോലിയും മഹത്തരമാക്കാം. അവനവന്റെ കഴിവുകൾ അനുസരിച്ചു കലാരംഗത്തും കായിക രംഗത്തും സാംസ്ക്കാരിക/സാമൂഹിക/ രാഷ്ട്രീയ/ ആത്മീയ രംഗത്തുമൊക്കെ പ്രവർത്തനമേഖല കണ്ടെത്താം.

പഠിക്കാൻ താല്പര്യമില്ലാത്ത കുട്ടികളെ ഒരു തൊഴിൽ പഠിക്കാൻ വിട്ടാൽ അവർക്കൊരു ജീവിതമാർഗ്ഗം ഉണ്ടാകും. മറിച്ചു അവരെ 'എടുത്തുപൊങ്ങാത്ത' കോഴ്സുകൾക്കൊക്കെ പറഞ്ഞുവിട്ടാൽ അവർ തെറ്റിപ്പോകാനും തോറ്റുപോകാനും കുറഞ്ഞു പോകാനും ഒക്കെ കാരണമാകും! വൈകാരികമായല്ല, ജ്ഞാനം കൊണ്ടാണ് ജീവിതം പണിയേണ്ടത്! ഒരു കരിയർ നേടിയെടുക്കുന്നതിൽ നിങ്ങൾക്ക് വിജയിക്കണം എന്നുണ്ടെങ്കിൽ നിങ്ങൾക്ക് ഏറ്റവും യോജിക്കുന്നതും അഭിരുചിയുള്ളതും ഇഷ്ടമുള്ളതുമായ രംഗം കണ്ടുപിടിക്കാൻ ശ്രമിക്കണം. കരിയർ ഒരു രംഗത്തെ മികവാണ്.... വൈദഗ്ദ്ധ്യമാണ്. ഏത് രംഗത്ത് എനിക്ക് ശോഭിക്കാൻ കഴി

യും..... മികവുറ്റതാക്കാൻ കഴിയും.... sincere ആയി സത്യ സന്ധമായി അത് കണ്ടെത്താൻ കഴിയണം. നല്ല ധൈര്യം വളരെ അനിവാര്യമാണ്. ഉയർന്ന വിശ്വാസം വളരെ പ്രധാനം! തോൽവിയും വീഴ്ചയും ഒക്കെ യാത്രയ്ക്കിടെ സംഭവിച്ചേക്കാം. എങ്കിലും ആത്യന്തികമായി നിങ്ങൾ വിജയിച്ചിരിക്കും!

ഇപ്പോൾ പ്ലസ് ടു കഴിയുമ്പോൾ തന്നെ വിദേശത്തു പഠിക്കാൻ പോകുന്നതാണ് പുതിയ trend. മിന്നുന്നതെല്ലാം പൊന്നല്ല. വിദേശത്തു പോകുന്നവർ ശ്രദ്ധിക്കുക. കഴിവതും ഒരു ബിരുദമെങ്കിലും കഴിഞ്ഞു വിദേശത്തു പോകുന്നത് നല്ലത്. പഠനമികവുണ്ടെങ്കിൽ മാത്രം 'മുന്തിയ' കോഴ്സുകൾ ഒക്കെ തിരഞ്ഞെടുക്കുക. നിങ്ങൾ പഠനത്തിൽ പുറകോട്ടാണെങ്കിൽ വലിയ കടം എടുത്തു വിദേശത്തു പോകാതിരിക്കാം. ഒരു തൊഴിൽ പഠിച്ചു പ്രവർത്തി പരിചയം നേടി ജോലിക്കായി പോകാം. നല്ല സ്ഥാപനങ്ങളിൽ മാത്രം പഠിക്കാൻ ചേരാം. ഇംഗ്ലീഷ് ഭാഷയോ ലോക്കൽ ഭാഷയോ പാർട്ടൈം ജോലി കിട്ടാൻപോലും ആവശ്യമാണ്. എന്ത് പഠിച്ചാലും നൈപുണ്യം ഉണ്ടെങ്കിൽ മാത്രമെ വിദേശ രാജ്യങ്ങളിൽ തൊഴിൽലഭിക്കൂ. നല്ല തീരുമാനങ്ങൾ നല്ല ജീവിതത്തെ സൃഷ്ടിക്കുന്നു. അദ്ധ്വാനം അത് മഹത്തരമാക്കുന്നു! ദൈവം ഏവരെയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

*(സുനിൽ ഡി കുരുവിള, ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും, കൗൺസിലറും കരിയർ ഗൈഡുമാണ്. സെൽ ഫോൺ +91 9656144712. 'Sunil Kuruvilla' എന്ന You Tube ചാനലിലും ലഭ്യമാണ്)*




ക്നായിതോമാ പ്രയർ ഫെലോഷിപ്പ് 9-ാം വാർഷികം അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. റവ. ഫാ. സി. സി. ഏലിയാസ് കട്ടയിൽ, സജി ഫിലിപ്പ് കട്ടയിൽ, റവ. ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, കൊച്ചുമോൻ മടുക്കമൂട്ടിൽ, സാബു ജേക്കബ് ചിറയിൽ എന്നിവർ സമീപം

## St. Mary's Knanaya Syrian Church, Hyderabad

വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ നമ്മുടെ ഹൈദരബാദ് സെന്റ് മേരീസ് ക്നാനായപള്ളി, സെക്കന്ദരാബാദിൽ Yellareddyguda, Saket എന്ന സ്ഥലത്തു ആരാധന നടത്തി വരുന്നു. ഞായറാഴ്ച 8.15 A.M. ന് പ്രഭാത നമസ്ക്കാരവും, 9.00 A.M. നു വി. കുർബ്ബാനയും ഉണ്ടായിരിക്കുന്നതാണ്. ഹൈദരബാദിൽ പഠനത്തിനായും, ജോലിക്കായും കടന്നുവരുന്ന ക്നാനായ സഹോദരീ സഹോദരങ്ങൾ, ഈ ദൈവാലയത്തിൽ കടന്നുവന്ന് ആരാധനയിൽ സംബന്ധിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,

ഫാ. ഷിജു തോമസ് കല്ലേലിൽ (വികാരി)
(Mob: 9400145964)
അനി കുറിയാക്കോസ് (ട്രസ്റ്റി)
(Mob: 9390056188)
മത്തായി പി.യു. (സെക്രട്ടറി)
(Mob: 9871708659)

## NAZARETH COLLEGE OF PHARMACY OTHERA, THIRUVALLA 689546

Ph: 0469-2657546, 9495237292

## WANTED

### ASSISTANT PROFESSORS

(Qualification: M.Pharm with First Class)

| Department | Vacancy |
|---|---|
| Pharmacology | 1 No |
| Pharm, Chemistry/ Analysis | 1 No |
| Pharmaceutics | 1 No |

(leave Vacancy 6 Months

Apply with CV and copies of certificates to the manager by post or Email to nazarethpharmacy@yahoo.co.in on or before 26/8/2022

# THE MAJOR APOSTLES - ST.PETER AND ST.PAUL

JOBIN PALAKUDY

Feast on honor of the Holy Apostles Mor Peter "Principles over all the Church" and Mor Paul "Teacher of all nations".

Memorial day of both Apostles : 29 th June -The Orthodox Church and all major Christian Churches celebrate simultaneously on 29.

June commemoration as Christian Virtues of these two great Apostles Princes, Mor Peter and Mor Paul preaching, defending and giving their lives for Jesus Christ. The day 29th June is the anniversary of the death of both Apostles, killed in Rome during the persecution of Christians in 67 by Ceasar Nero.Together , these two great men are martyred for Christ, which fully confirm their love for the Savior.

Peter, who was originally named Simon and was from Lake Genesis (Bethsaida), became one of Christ's first Desciples. Peter became a "fisherman" and performed many miracles himself. The sick were healed by the shadow of Peter passing by ( Acts 5, 15). Many converts and community foundations are coming back to Him. Immediately he was the first to call Jesus as the son of God. What significance he was supposed to have for Jesus Christ and Christianity was given by his renaming "Peter (Greek : petros=Rock-; Mark 3,16). On this confession Jesus Christ promised him: "You are Peter, and on this rock I want to build my church. I want to give you the keys of the kingdom of heaven: whatever you bind on earth , shall be bound in heaven also." (Mathew 16, 16-19). Jesus Christ confirmed his assignment to Peter in which he repeats three times: "Shepherding my sheep" (John 21: 15-17)

This is why Jesus Christ appoints him the supreme teacher, priest and shephered of the kingdom of God on Earth. Preaching after the broadcast of the saint, Spirit publicly first and converts on Pentecost, three thousand Jews, he heals one lame (Acts 9, 32-35) and he welcomes the first heathens into the church. The church in Antioch was the first to be named "Christian" according to the Apostles. St. Peter founded the Church and was the first Patriarch over the East, it was established by him in about 37 AD.

"Antioch ,the patriarchy over the east is approaching that church because it is "the first seat of the first apostle Peter!" Peter was crucified with his head down because he deem himself unworthy to die the same death as his master.

Paul was a Pharisees , whose Hibroo name was Saul, was born in Tarsus(Turkey). Like his father, Saul

was a tent maker by profession. He was an advocate of the radical Jewish faith and began to passionately persecute the followers of the new-born Christianity. The apostles story is about the so - called Damascus experience that made Saul rethink completely.

He was on his way to Damascus, " to bound up the men and women of Jesus, way, and to take them to Jerusalem." "(Acts .9:2) When suddenly a light shone on him, and a voice asked him, "Saul, Saul, why art Thou persecuting me?" It was the voice of Jesus Christ speaking to Saul!. After encountering Christ, he travelled to Damascus where he was baptized and regained the lost sight when Ananias , a disciple of Jesus, laid hands on him.

From now on Saul was called Paul. Paul become a staunch follower of Jesus Christ, proclaiming him everywhere as the Christ, the son of God. And so he went on too many mission trips, mainly in the eastern Mediterranean, he founded many congregations. "Feeling death approaching , he wrote to Thimothy, " I have fought the good fight" ( 2 Timothy 4:7). Certainly not the battle of a fielder , but that of a preacher of the word of God, in faithfulness to Jesus Christ and his church , for which he has given himself all." Paul also found AD.67. under Ceaser Nero died by the sword and died martyr.

May their prayers be with us all.



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

**തെറ്റുകാരായ കുട്ടികളോടുള്ള സമീപനം**

ഒരു ഞായറാഴ്ച സെമിത്തേരിയിൽ ധൂപപ്രാർത്ഥനയും സൺഡേസ്കൂളും കഴിഞ്ഞ് ഓഫീസിൽ വിശ്രമിക്കുന്ന വികാരി അച്ചനെ കാണുവാൻ ജോസഫിന്റെയും ലിസ്സിയുടെയും നേതൃത്വത്തിൽ ഫൈവ് ഫിംഗേഴ്സ് എത്തി. ഫൈവ് ഫിംഗേഴ്സിനെ കണ്ടതും ഉന്മേഷത്തോടെ അച്ചൻ ചോദിച്ചു:

"എന്താണ് ഐവർ സംഘത്തിന്റെ ആഗമനോദ്ദേശം? ദുരുദ്ദേശമൊന്നുമില്ലല്ലോ"

ജോസഫ് പറഞ്ഞു:

"ഒരു ദുരുദ്ദേശവും അച്ചന്റെ അടുക്കൽ നടക്കില്ലല്ലോ. അതിനാൽ സദുദ്ദേശത്തോടെയാണ് ഞങ്ങളുടെ സന്ദർശനം"

ലിസ്സി പറഞ്ഞു:

"അച്ചോ ഉള്ളത് പറഞ്ഞാൽ നമ്മുടെ ക്ലാസ്സിന്റെ ബാക്കി എന്താണെന്ന് അറിയുവാനാണ് ഞങ്ങൾ വന്നത്. പേരന്റിംഗിന്റെ ക്ലാസ്സ് എല്ലാവരുടെയും തലയ്ക്കു പിടിച്ചിരിക്കുകയാണ്. അത് കേൾക്കുവാനുള്ള ആവേശത്തിലാണ് എല്ലാവരും".

"ലിസ്സി, പേരന്റിംഗ് ഒരു സെഷൻ കൂടി നടത്തി അവസാനിപ്പിക്കാമെന്ന് കരുതുകയാണ്. എന്നാണ് എല്ലാവർക്കും സൗകര്യപ്രദമായ ദിവസമെന്ന് അന്വേഷിക്കുക. നമുക്ക് ആ രീതിയിൽ ക്ലാസ്സ് വയ്ക്കാം. നിങ്ങൾ ആലോചിച്ചിട്ട് പറയുക. ഞാൻ അല്പം തിരക്കിലാണ്. നമ്മുടെ ഇടവകയിലെ രോഗികളായ രണ്ടുമൂന്നുപേരുടെ ഭവനങ്ങൾ സന്ദർശിക്കുവാൻ ഞാൻ പദ്ധതിയിട്ടിരിക്കുകയാണ്. അതു കഴിയുമ്പോൾ നമുക്ക് കാണാം. അപ്പോൾ നിങ്ങൾ എന്നു വേണമെന്ന് പറഞ്ഞാൽ മതി".

"അച്ചോ, രോഗീസന്ദർശനം നടത്താൻ പോകുന്നത് തെക്കേതിലെ പാപ്പച്ചായന്റെ വീട്ടിലാണെങ്കിൽ അതിനടുത്തല്ലെ എന്റെ വീട്. പാപ്പച്ചായന്റെ വീട്ടിലെ സന്ദർശനം കഴിഞ്ഞ് എന്റെ വീട്ടിൽ ഒന്നു കയറുകയാണെങ്കിൽ ഞങ്ങൾ വൈകുന്നേരം അവിടെ ഒരുമിച്ചു കൂടാം".

ജോജോ പറഞ്ഞ ഉടനെ ബിനു പറഞ്ഞു.

"അങ്ങനെയെങ്കിൽ വൈകുന്നേരത്തെ കാപ്പിയുടെ കാര്യം തീരുമാനമായി".

"കാപ്പി മാത്രം പോരാ, സ്നാക്സും വേണം" ജോജോ പറഞ്ഞു:

"ഏറ്റിരിക്കുന്നു. അപ്പോൾ 4 മണിയ്ക്ക് എല്ലാവരും വരിക".

"ശരി. അങ്ങനെയാകട്ടെ"

അച്ചൻ ഭവനസന്ദർശനത്തിനായി എഴുന്നേറ്റു.

ഫൈവ് ഫിംഗേഴ്സ് കൃത്യം 4 മണിയായപ്പോൾ ജോജോയുടെ ഭവനത്തിലെത്തി. താമസിയാതെ അച്ചനും എത്തി. കാപ്പികുടി കഴിഞ്ഞപ്പോൾ അച്ചൻ ചോദിച്ചു.

"നിങ്ങൾ എന്തു തീരുമാനിച്ചു? എന്നു കൂടുവാനാണ് താൽപര്യപ്പെടുന്നത്?"

ജോസഫാണ് മറുപടി പറഞ്ഞത്:

"അച്ചോ പുതുഞായറാഴ്ച മീറ്റിംഗ് കൂടാമെന്നാണ് ഞങ്ങളുടെ അഭിപ്രായം".

"എന്നാൽ പിന്നെ അതു കഴിഞ്ഞുള്ള ഞായറാഴ്ച ആയാലോ? അത് എനിക്കു പ്രാധാന്യമുള്ള ദിവസമാണ്" അച്ചൻ പറഞ്ഞു.

"എന്താണച്ചോ പ്രാധാന്യം? ഞങ്ങളൊന്നറിയട്ടെ" രജനി പറഞ്ഞു.

"അന്നാണ് ഞങ്ങളുടെ "Wedding Anniversary" അച്ചൻ പറഞ്ഞു. കരഘോഷത്തോടെ എല്ലാവരും സമ്മതിച്ചു.

'അന്നത്തെ കാപ്പിയും സ്നാക്സും ഞാൻ സ്പോൺസർ ചെയ്തിരിക്കുന്നു'. അച്ചൻ പറഞ്ഞു.

എല്ലാവർക്കും സന്തോഷമായി.

പുതുഞായറാഴ്ചയ്ക്കു ശേഷമുള്ള ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിയ്ക്ക് എല്ലാവരും പള്ളിയിലെത്തി. രണ്ട് ഞായറാഴ്ച പള്ളിയിൽ അറിയിപ്പ് നൽകിയതിനാൽ Parents ന് കാര്യങ്ങൾ ക്രമീകരിക്കുവാനുള്ള സമയവും ലഭിച്ചു. Parenting ന്റെ last session ആണെന്ന് അറിയിച്ചതിനാൽ കൂടുതൽ Parents എത്തിച്ചേർന്നു.

"തെറ്റുകാരായ കുട്ടികളോടുള്ള സമീപനം എങ്ങനെയായിരിക്കണമെന്ന് ചർച്ചചെയ്തുകൊണ്ട് Parenting എന്ന വിഷയം അവസാനിപ്പിക്കാമന്ന് കരുതുന്നു". അച്ചൻ ആരംഭിച്ചു.



ആവേശഭരിതരായ ചെറുപ്പക്കാരായ മാതാപിതാക്കൾ ആകാംക്ഷയോടെ കേട്ടിരിക്കയാണ്. അച്ചന്റെ ശബ്ദമല്ലാതെ മറ്റൊന്നും കേൾക്കാനില്ല.

കുട്ടിത്തം കുട്ടികളുടെ മാത്രം പ്രത്യേകതയാണ്. അവർ നിഷ്കളങ്കരായതിനാൽ പരസ്യമായി തെറ്റു ചെയ്യുകയും തെറ്റ് മറച്ചുവയ്ക്കുവാൻ വൃഥാ പ്രയത്നിക്കുകയും ചെയ്യും. അവരുടെ വികാര പ്രകടനങ്ങൾ നിയന്ത്രിക്കാനുള്ള പക്വത അവർക്കില്ലാത്തതുകൊണ്ട് അവരുടെ കുറ്റങ്ങൾ മറ്റുള്ളവർ വേഗത്തിൽ ശ്രദ്ധിക്കുന്നു. അങ്ങനെ അവർ കുറ്റവാളിയായി മുദ്രകുത്തപ്പെടുന്നു. സത്യത്തിൽ ബാല്യത്തിലെ ചപലതകളെയല്ലെ നാം കുറ്റങ്ങളായി കാണുന്നത്.

കുട്ടികളുടെ കൊച്ചുതെറ്റുകളെ പർവ്വതീകരിച്ച് അവരെ ശിക്ഷിച്ച് സായൂജ്യമടയുന്ന ചില അദ്ധ്യാപകരെ എനിക്കറിയാം. അപ്രകാരം പ്രവർത്തിച്ചിട്ടുള്ള ഒരു സൺഡേസ്കൂൾ അദ്ധ്യാപകനെ പരിചയപ്പെടുത്താം.

താനൊരു മാതൃകാദ്ധ്യാപകനാണെന്നും കുട്ടികളുടെ തെറ്റുകൾക്ക് തക്ക ശിക്ഷ കൊടുക്കുവാൻ നിയോഗിക്കപ്പെട്ടവനാണെന്നുമുള്ള അബദ്ധധാരണയിലാണ് ഈ അദ്ധ്യാപകൻ. നിവൃത്തികേടുകൊണ്ട് കുട്ടികൾ ആ സൺഡേസ്കൂളിൽ  സംബന്ധിക്കുന്നതാണ്. ഈ അദ്ധ്യാപകൻ കുട്ടികളുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ കഴിയാതെ പോയ വ്യക്തിയാണ്. ഞാൻ പലപ്പോഴും കുട്ടികളോട് സ്നേഹമായി പെരുമാറണമെന്ന് പറയുമ്പോൾ സാർ പറയും:

“അച്ചോ ഞാൻ വളരെ സ്നേഹത്തിലാണ് കുട്ടികളോട് പെരുമാറുന്നത്. നന്നായി പഠിക്കുന്ന അച്ചടക്കമുള്ള കുട്ടികളെ എനിക്ക് വളരെ ഇഷ്ടമാണ്. എന്നാൽ ഉഴപ്പന്മാരായ കുട്ടികൾക്ക് ഞാൻ തക്ക ശിക്ഷ കൊടുക്കും”.

“ആരാണ് ഉഴപ്പന്മാർ? അവർ എങ്ങനെ ഉഴപ്പന്മാരായി? അവരുടെ ജീവിത സാഹചര്യങ്ങൾ സാറിനറിയാമോ? എന്ന് ചോദിച്ചപ്പോൾ സാറിന് മൗനമായിരുന്നു ഉത്തരം.

ഒരു ഞായറാഴ്ച വി. കുർബ്ബാനയുടെ സമാപന ഘട്ടത്തിൽ വി. കുർബ്ബാനയുമായി ഞാൻ പടിഞ്ഞാറോട്ട് തിരിഞ്ഞു വന്നപ്പോൾ ഏങ്ങലടിച്ചു കരയുന്ന ഒരു കുട്ടിയെ ഞാൻ കണ്ടു. എല്ലാവരും നിൽക്കുന്ന സ്ഥലത്തുനിന്നും മുന്നോട്ട് വന്ന് അഴിക്കകത്ത് തനിയെ നിന്ന് കരയുകയാണ്. എനിക്ക് വളരെ സങ്കടം തോന്നി. ആ കുഞ്ഞിന്റെ കരച്ചിൽ ഇന്നും എന്റെ കൺമുമ്പിലുണ്ട്. വി. കുർബ്ബാന കഴിഞ്ഞ് നടന്ന സംഭവം എന്താണെന്ന് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് വി. കുർബ്ബാനയ്ക്കിടയിൽ സംസാരിച്ചതിന് ഹെഡ്മാസ്റ്റർ ചെവിക്കു പിടിച്ച് അഴിക്കകത്ത് കയറ്റി നിർത്തുന്ന ശിക്ഷാരീതി നടപ്പിലാക്കിയതാണ്. ആ കുട്ടിയുടെ മാതാപിതാക്കളും സഹോദരങ്ങളും ബന്ധുക്കളും വലിയ അപമാനത്തിലും സങ്കടത്തിലുമായി. ഞാൻ ഹെഡ്മാസ്റ്ററെ സമീപിച്ച് മനഃശാസ്ത്രപരമായി ആ കുട്ടിക്കുണ്ടായ ആഘാതത്തെക്കുറിച്ച് ബോധ്യപ്പെടുത്തി. വർത്തമാനം പറയുക എന്നത് കുട്ടികളുടെ സ്വഭാവമാണ്. അവരുടെ ആ ഊർജ്ജത്തെ മറ്റ് വഴികളിലൂടെ നമുക്ക് ഉപയോഗിക്കാം. അവരെ പരസ്യമായി ശിക്ഷിക്കുമ്പോൾ അവർക്കുണ്ടാകുന്ന ആഘാതം ചിലപ്പോൾ അവരെ സാമൂഹികവിരുദ്ധരാക്കാം. പള്ളിയോടും ദൈവത്തോടും അകന്നുപോകുവാൻ ഇടവന്നേക്കാം.

തെറ്റു ചെയ്യാത്തവർ കുട്ടികളല്ല. കുട്ടികളുടെ തെറ്റുകൾ കണ്ട് മാതാപിതാക്കൾ അന്തം വിടേണ്ട. അബദ്ധങ്ങളും അപകടങ്ങളും കുസൃതിത്തരങ്ങളും തെറ്റുകളുമൊക്കെ കുട്ടികളുടെ കൂടെപ്പിറപ്പാണ്. തെറ്റുചെയ്യുന്ന കുട്ടികളെ അതിരുവിട്ട് ശിക്ഷിക്കുമ്പോൾ കുട്ടികളെ മാനസികമായി തളർത്തിക്കളയുകയാണ്. അങ്ങനെ പ്രവർത്തിക്കുന്ന മാതാപിതാക്കളും അദ്ധ്യാപകരും പക്വതയില്ലാത്തവരാണ്.

സ്വതന്ത്രമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കുട്ടികളാണ് തെറ്റുകൾ വരുത്തുന്നത്. അവരുടേതായ ചിന്തയിൽ അവ തെറ്റുകളല്ല. അതുകൊണ്ടുതന്നെ തങ്ങളുടെ തെറ്റുകളെ ന്യായീകരിക്കുവാൻ ശ്രമിക്കുകയും അതിനുവേണ്ടി വാദപ്രതിവാദങ്ങൾ നടത്തുവാൻ പ്രയത്നിക്കുകയും ചെയ്യും. പിൽക്കാലത്ത് ഇത്തരം ശ്രമങ്ങൾ അവരുടെ വ്യക്തിത്വത്തെ കരുപിടിപ്പിക്കുവാൻ സഹായിക്കും. മാതാപിതാക്കളുടെ പിൻതുണയില്ലാതെ ജീവിക്കേണ്ട സാഹചര്യങ്ങളിൽ പ്രതിസന്ധികളായ ഘട്ടങ്ങളിൽ അടിപതറാതെയിരിപ്പാൻ സഹായിക്കും. സ്വതന്ത്രചിന്താശൈലി അവരുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുവാൻ സഹായിക്കും. കീ കൊടുക്കുമ്പോൾ പ്രവർത്തിക്കുന്ന പാവയല്ല കുട്ടികൾ. സ്വതന്ത്രമായി ചിന്തിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ അവരെ പിൻതുണയ്ക്കണം.

ഒരു പക്ഷെ കുട്ടികൾ വഴക്കാളികളും അച്ചടക്കമില്ലാത്തവരും അനുസരണംകെട്ടവരും ബഹളക്കാരും കുസൃതിക്കാരും നിലത്തുകിടന്ന് ഉരുളുന്നവരുമാകാം. പക്ഷെ അവരോടുള്ള നമ്മുടെ സമീപനം പക്വതയുള്ളതായിരിക്കണം. അവർ ഭാവിയിലെ പൗരന്മാരും ഒരു പക്ഷെ നമ്മെ നയിക്കേണ്ടവരുമാകാം. അതിനായി ഇപ്പോൾ നാം അവരുടെ വഴികാട്ടികളാകണം.

തെറ്റുവരുത്തുവാൻ നൽകുന്ന സ്വാതന്ത്ര്യമാണ് ശരിയിലേയ്ക്ക് വളരുവാനുള്ള പ്രചോദനം. ഒരു ദിവസം കൊണ്ട് പൂർണ്ണവളർച്ച പ്രാപിക്കുകയോ ആദ്യതവണ തന്നെ പിഴവില്ലാതെ പ്രവർത്തിക്കുകയോ ചെയ്യുന്ന ഒരാളുപോലുമില്ല. പിച്ചവയ്ക്കുന്ന കുഞ്ഞ് എത്ര പ്രാവശ്യം വീണതിന് ശേഷമാണ് ശരിയായി നടക്കുവാൻ പഠിക്കുന്നത്. തെറ്റു വരുത്തുന്നതല്ല അപകടം; തെറ്റുമോ എന്ന ഭയമാണ് ഏറെ അപകടം. തെറ്റുമെന്നുള്ള ഭയംകൊണ്ട് ഒന്നും ചെയ്യാതിരിക്കുന്നതാണ് ഏറ്റവും വലിയ അബദ്ധം. തെറ്റിയാലും കുഴപ്പമില്ല; നീ അത് ചെയ്യണം എന്ന് കുട്ടികൾക്ക് ധൈര്യം പകർന്നു കൊടുക്കണം. ഭയപ്പെടുത്തിയാൽ അവർ ഭയചകിതരാകും. അതുകൊണ്ട് തെറ്റുപറ്റുന്ന കുട്ടികളോടുള്ള സമീപനത്തിന് മാറ്റം വരുത്തണം.

(തുടരും)




ഫാ. സിജോ സ്ക്കറിയ
(വികാരി, സെന്റ് ജേക്കബ് ക്നാനായ വലിയപള്ളി, രാമമംഗലം)

## വാങ്ങിപ്പിനു ശേഷം 1–ാം ഞായർ
## (മർക്കോ. 10:35–45) 21–08–2022

യേശു തന്റെ യെറുശലേമിലേക്കുള്ള യാത്രാമദ്ധ്യേ തന്റെ പീഡാനുഭവത്തെക്കുറിച്ചും ഉത്ഥാനത്തെക്കുറിച്ചും ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്ത സമയത്ത് സെബതി പുത്രന്മാരായ യാക്കോബും യോഹന്നാനും, സ്വർഗ്ഗത്തിൽ ഞങ്ങൾക്ക് ലഭിക്കുന്ന സ്ഥാനങ്ങളെക്കുറിച്ച് യേശുവിനോട് ചോദിക്കുകയും, അതിനു നൽകുന്ന മറുപടിയുമാണ് മർക്കോസ് 10:35–45 ൽ കാണുന്നത്. വി. മത്താ. 18:1–5–ൽ ശിഷ്യന്മാർ, സ്വർഗ്ഗത്തിൽ ആരാണ് വലിയവൻ? എന്ന ചോദ്യവുമായി യേശുവിനെ സമീപിക്കുമ്പോൾ ശിശുവിനെപ്പോലെ നിഷ്കളങ്കനും വിനയവും ഉള്ളവരായി തീരുവാൻ യേശു പഠിപ്പിക്കുന്നുണ്ട്. യേശുവിന്റെ സന്തത സഹചാരികളായി കൂടെ നടന്ന ശിഷ്യന്മാർക്ക് അവന്റെ പ്രബോധനങ്ങളെ ശരിയായ അർത്ഥത്തിൽ ഗ്രഹിക്കാൻ സാധിച്ചിരുന്നില്ല എന്ന് ഈ വചനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഉത്ഥാനത്തിനുശേഷം യേശു രാജാവാകുമെന്നും അപ്പോൾ ലഭിക്കുന്ന ഭൗതികമായ സ്ഥാനങ്ങളെയും അധികാരത്തെയുംകുറിച്ചുള്ള ചിന്തയായിരിക്കണം ശിഷ്യന്മാരെ ഈ ചോദ്യത്തിന് പ്രേരിപ്പിച്ചത് അതിനു മറുപടിയായി ശിഷ്യന്മാർക്കു മാത്രമല്ല സർവ്വ ലോകത്തിനുമുള്ള സന്ദേശമാണ് യേശു ഈ വേദഭാഗത്തിലൂടെ നൽകുന്നത്.

**1. ക്രിസ്തുവിന്റെ പാനപാത്രം കുടിക്കുകയും അവൻ ഏറ്റ മാമോദീസ സ്വീകരിക്കുകയും ചെയ്യണം.**

ക്രിസ്തു സ്വീകരിച്ച പാനപാത്രം, സഹനമാണ്. ക്രിസ്തുവിന്റെ കുരിശ് എടുത്ത് അവനെ അനുഗമിക്കണം. ജീവിതത്തിൽ പ്രശ്നങ്ങൾ വരുമ്പോൾ, പ്രതിസന്ധികൾ വരുമ്പോൾ തളർന്നു പോകാതെ, നിരാശപ്പെട്ടു പോകാതെ, ക്രിസ്തുവിന്റെ സഹനത്തോട് ചേർന്ന് നിന്ന് അതിനെ അതിജീവിക്കുവാൻ നമുക്ക് സാധിക്കണം. വി. കുർബ്ബാന, കർത്താവിന്റെ ജനനം മുതൽ ഉത്ഥാനം വരെയുള്ള സ്മരണയിലേക്ക് നമ്മെ നയിക്കുമ്പോൾ, കർത്താവിന്റെ ശരീരരക്തങ്ങൾ നാം അനുഭവിക്കുമ്പോൾ പാനപാത്രത്തിന്റെ അനുഭവം നമ്മിൽ നിറയുന്നു. വി. മാമോദീസായിലൂടെ നാം പ്രാപിച്ച പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിൽ നിലനിൽക്കാൻ നമുക്ക് സാധിക്കുമ്പോൾ സ്വർഗ്ഗരാജ്യത്തിന്റെ അനുഭവം നമ്മിൽ ഉണ്ടാകും.

**2) നല്ല ശുശ്രൂഷകൻ ആകണം.**

ഒന്നാമൻ ആകാൻ ആഗ്രഹിക്കുന്നവൻ, എല്ലാവർക്കും ദാസനും, ശുശ്രൂഷ മനോഭാവം ഉള്ളവനും ആയിരിക്കണം എന്ന് യേശു ഉദ്ബോധിപ്പിക്കുന്നു. ദൈവ സൃഷ്ടിയിൽ, ഒരു വ്യക്തിയുടെ ശ്രേഷ്ഠതയും, വിജയവും അളക്കപ്പെടുന്നത് സാമൂഹിക പദവിയൊ, സമ്പത്തൊ, ഔദ്യോഗിക സ്ഥാനങ്ങളോ നോക്കിയല്ലെന്നും, മറിച്ച് ശുശ്രൂഷാ മനോഭാവമാണ് ദൈവം നോക്കുന്നത് എന്നും ഈ വേദഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നു. യേശു പറയുന്നു, ഞാൻ ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനാണ് ലോകത്തിലേക്ക് വന്നത്.

ഇന്ന് അദ്ധ്യാത്മിക ജീവിതത്തിൽപോലും ഭൗതികമായ സ്ഥാനങ്ങൾക്കും, അധികാരത്തിനും വേണ്ടി മത്സരിക്കുന്ന കാഴ്ചകൾ ചുറ്റുപാടും നാം കാണുന്നുണ്ട്. ക്രിസ്തീയ ജീവിതം ശുശ്രൂഷ ജീവിതമാണെന്ന് വിനയത്തോടും, താഴ്മയോടും കൂടെ മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുന്ന മനോഭാവത്തിൽ ജീവിച്ച്, ദൈവത്തിന് പ്രസാദകരമായ ജീവിതം നയിച്ച്, സ്വർഗ്ഗരാജ്യം അനുഭവിക്കാൻ നമുക്ക് സാധിക്കട്ടെ.

## വാങ്ങിപ്പിനു ശേഷം 2–ാം ഞായർ
## (ലൂക്കോ. 11:09–20) 28–08–2022

യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുകയും, തുടർന്ന് പ്രാർത്ഥനയുടെ പ്രാധാന്യവും, ഫലസിദ്ധിയെക്കുറിച്ചുമുള്ള വ്യവസ്ഥകൾ പഠിപ്പിക്കുകയും ചെയ്യുന്ന വേദഭാഗമാണിത്.

പ്രാർത്ഥന എന്നാൽ പലർക്കും പല തരത്തിലാണ്. ആരാധിക്കാനും, സ്തുതിക്കാനും, നന്ദി പറയാനും, സഹായം ചോദിക്കാനുമൊക്കെ നമ്മൾ പ്രാർത്ഥനകൾ ഉപയോഗിക്കുന്നു. ദൈവവുമായുള്ള സംഭാഷണമാണല്ലോ പ്രാർത്ഥന. പ്രാർത്ഥിക്കുന്നതിന്റെ മനോഭാവം അനുസരിച്ച് അതിന്റെ ഫലം ലഭിക്കുന്നു. ഈ വേദഭാഗത്ത് മൂന്നു പ്രാർത്ഥനാ രീതികളും അതിന്റെ ഫലവും യേശു പഠിപ്പിക്കുന്നു.

**1) യാചിപ്പിൻ – നിങ്ങൾക്കു കിട്ടും**

പൂർണ്ണ വിശ്വാസത്തോടെ എന്ത് യാചിച്ചാലും ദൈവം നൽകും എന്നത് ദൈവത്തിന്റെ വാഗ്ദാനമാണ്. നമ്മുടെ പ്രാർത്ഥനകളിൽ കൂടുതലും, യാചനകളും, അപേക്ഷകളും ആയിരിക്കാം. നാം ദൈവത്തോട് ചോദിച്ച് വാങ്ങുന്നതിനേക്കാൾ, ദൈവം അറിഞ്ഞു നൽകുന്ന അനുഗ്രഹങ്ങളെ ഓർത്ത് നാം ദൈവത്തോട് നന്ദി പറയണം. നല്ല യാചനകൾ ദൈവം കേൾക്കും, എന്നാൽ ചിലപ്പോൾ ചില കാര്യങ്ങൾ ദൈവം നമുക്ക് സാധിച്ചു തരാറില്ല. അതിനുള്ള കാരണം, നമ്മുടെ കുഞ്ഞുങ്ങൾ എന്ത് ചോദിച്ചാലും മാതാപിതാക്കൾ സാധിച്ചു കൊടുക്കാറുണ്ട്. എന്നാൽ കുഞ്ഞുങ്ങൾക്ക് ആവശ്യമില്ലാത്തത്, അവർക്ക് ദോഷം വരുത്തുന്ന കാര്യങ്ങൾ എത്ര വാശി പിടിച്ചാലും മാതാപിതാക്കൾ വാങ്ങിക്കൊടുക്കാറില്ല. അതുപോലെയാണ് ദൈവവും. നന്മയ്ക്കായി തീർക്കുന്നത് ദൈവം നമുക്ക് നൽകും. നല്ല യാചനകളുമായി നമുക്ക് ദൈവത്തെ സമീപിക്കാം. ദൈവരാജ്യത്തിനുവേണ്ടി, പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻവേണ്ടി വിശുദ്ധിയിൽ ജീവിക്കാൻവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**2) അന്വേഷിപ്പിൻ – നിങ്ങൾ കണ്ടെത്തും**

അപേക്ഷകൾ മാത്രമല്ല പ്രാർത്ഥന, ചിലത് അന്വേഷിക്കുന്നതും കൂടിയാണ്. സങ്കീർത്തനങ്ങൾ 27:8 ൽ "യഹോവ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു" എന്നും, "എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവൻ എന്നെ കണ്ടെത്തും" എന്ന് സദൃശ്യവാക്യങ്ങൾ 8:17 ൽ പറയുന്നു. വി. മത്തായി 6:33 ൽ, "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷി

പ്പിൻ അതോടുകൂടി എല്ലാം നിങ്ങൾക്ക് കിട്ടും". ദൈവനീതി അന്വേഷിക്കുന്നവൻ സ്വന്തം താൽപര്യങ്ങൾക്കുപരിയായി ദൈവഹിതത്തിന് ജീവിതത്തിൽ പ്രധാന്യം നൽകുന്നു.

**3) മുട്ടുവിൻ – നിങ്ങൾക്കു തുറന്നു തരും**

"അൻപുടയോനെ നിൻ വാതിൽ
മുട്ടുന്നു ദാസർ നാദം
ആവശ്യത്താൽ യാചിക്കും
അടിയാരെ തള്ളീടല്ലെ"

ആരും അറിയാതെയോ, കേൾക്കാതെയോ, ദൈവത്തോട് ചോദിക്കാനും, ദൈവത്തെ അന്വേഷിക്കാനും കഴിയും. എന്നാൽ മുട്ടുന്നത് ഒരു പ്രവർത്തിയാണ്. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമെന്ന് യാക്കോബ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നുണ്ട്. ഹൃദയംകൊണ്ടും, മനസ്സുകൊണ്ടും ദൈവത്തെ തേടുന്നതിനൊപ്പം നമ്മുടെ പ്രവർത്തികളിലും ദൈവമഹത്വം കണ്ടെത്താം.

ചോദിച്ചാൽ നൽകുന്ന, അന്വേഷിച്ചാൽ കണ്ടെത്തുന്ന, മുട്ടിയാൽ തുറക്കുന്ന ദൈവസന്നിധിയിൽ നമ്മെ സമർപ്പിച്ചു പ്രാർത്ഥിക്കാം.

## വാങ്ങിപ്പിനു ശേഷം 3-ാം ഞായർ (ലൂക്കോ. 17:22-27) 04-09-2022

യേശുവും തന്റെ ശിഷ്യന്മാരും കഫർന്നഹൂമിൽ എത്തിയപ്പോൾ നികുതി പിരിക്കുന്നവർ, പത്രോസിനോട് ചോദിക്കുന്നു; നിങ്ങളുടെ ഗുരു ദൈവാലയ നികുതി കൊടുക്കുന്നില്ലേ? "ഉവ്വ്" എന്ന് പത്രോസ് മറുപടി നൽകുകയും, തുടർന്ന് സാമൂഹിക നിയമങ്ങളോട് എങ്ങനെ പ്രതികരിക്കണമെന്ന് യേശു ഈ വചനത്തിലൂടെ പഠിപ്പിക്കുന്നു.

രാജഭരണകാലത്ത് രാജാക്കന്മാർ നികുതി പിരിച്ചിരുന്നത് പ്രജകളിൽ നിന്നുമാണ്. രാജാവിന്റെ സ്വന്തം മക്കൾ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ഈ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ദൈവപുത്രനായ യേശുവിന് നികുതി കൊടുക്കേണ്ട ആവശ്യം ഇല്ലായിരുന്നു. എന്നിരുന്നാലും ദൈവാലയ നികുതി കൊടുക്കുവാൻ യേശു തയ്യാറാകുന്നു. സാമൂഹിക നിയമങ്ങൾ പാലിക്കുന്നതു മൂലം ദൈവഹിതം ലംഘിക്കപ്പെടുന്നില്ല എങ്കിൽ സമൂഹത്തിൽ അതുമൂലം കലഹങ്ങളോ, വിഭാഗീയതയോ ഉണ്ടാകാതിരിക്കുന്നതിനായി, നിയമം അനുസരിക്കുന്നതാണ് നല്ലതെന്ന് വചനത്തിലൂടെ ക്രിസ്തു ഉദ്ബോധിപ്പിക്കുന്നു.

ക്രിസ്തീയ ജീവിതം നയിക്കുന്നവർ സാമൂഹിക പ്രതിബന്ധത ഉള്ളവരാകണം. സമൂഹത്തിന്റെ കുറ്റങ്ങളും കുറവുകളും ചൂണ്ടികാട്ടി, കുറ്റം വിധിക്കുന്ന പതിവ് സാധാരണമാണ്. നന്മയും തിന്മയും നിറഞ്ഞ ആളുകളുടെ കൂട്ടമാണ് സമൂഹം. കളങ്കമില്ലാത്ത സമൂഹം ഉണ്ടാകണമെങ്കിൽ പാപമില്ലാത്ത മനുഷ്യരുണ്ടാകണം. തിന്മയെ ഭയന്ന് സാമൂഹിക ഒളിച്ചോട്ടം നടത്തുന്നതിന് പകരം ആ സമൂഹത്തോട് ചേർന്ന് നിന്ന്, അതിന്റെ ദുഷ്ടതകൾക്കെതിരായി പോരാടുവാൻ നമുക്ക് സാധിക്കണം.

ഇന്ന് സാഹചര്യങ്ങളെ പഴിക്കുന്ന സ്വയം ന്യായീകരിക്കുന്ന വ്യക്തിത്വങ്ങൾ നമ്മുടെ ചുറ്റും ധാരാളമുണ്ട്. സഭാജീവിതത്തിലൂടെ നാം കടന്നുപോകുമ്പോൾ, നാം ആയിരിക്കുന്ന സഭയിൽ, അല്ലെങ്കിൽ സമൂഹത്തിൽ ആത്മീയത കുറവാണ്, ഇത് പോരാ അങ്ങനെ പോരാ എന്നൊക്കെ പറഞ്ഞ് സഭയെയും നേതൃത്വത്തെയും സഭാസംവിധാനങ്ങളെയും കുറ്റപ്പെടുത്തി മറ്റ് സഭയിലേക്ക് പോകുന്നവർക്ക് ഒരു താക്കീതായി ക്രിസ്തു ഈ വചനം ഓർമ്മപ്പെടുത്തുകയാണ്. നാം ജനിച്ചു വളർന്ന സമൂഹത്തിൽ, തിന്മകൾ ഉണ്ടെങ്കിൽ അതിൽ അനുരൂപരാകാതെ, മറ്റുള്ളവർക്ക് ഒരു വെളിച്ചമായി, മറ്റുള്ളവരെയും, ആ സമൂഹത്തെ മുഴുവനും വെളിച്ചത്തിലേക്ക് നയിക്കാൻ പരിശ്രമിക്കാം.

## വാങ്ങിപ്പിനു ശേഷം 4-ാം ഞായർ (വി. മർക്കോ. 6:1-6) 11-09-2022

മുപ്പതു വർഷത്തോളം സാധാരണക്കാരനായി ജീവിച്ചതിനുശേഷമാണ് യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചത്. തന്റെ മാതാപിതാക്കന്മാരോടൊപ്പം മരപ്പണി ചെയ്ത് ജീവിച്ച യേശു തിരിച്ചു വരുന്നത് തികച്ചും വ്യത്യസ്തനായിട്ടാണ്. യഹൂദർ 'റബ്ബീ' എന്ന് ആദരവോടെ വിളിക്കുന്ന ഒരു ഗുരുവായും, അനേക അത്ഭുതങ്ങൾ പ്രവർത്തിച്ചവനും, അനേകം അനുയായികളുമുള്ള ഒരു പ്രവാചകനുമൊക്കെ ആയിട്ടാണ് യേശു സ്വന്തം നാട്ടിലേക്ക് മടങ്ങിയെത്തുന്നത്. എന്നാൽ സ്വന്തം നാട്ടിലെ ജനം യേശുവിൽ വിശ്വസിക്കാൻ തയ്യാറായില്ല എന്നത് മാത്രമല്ല, ഇവൻ തച്ചന്റെ മകനല്ലേ, നന്മ പഠിപ്പിക്കാൻ ഇവന് അധികാരം കൊടുത്തതാര് എന്നിങ്ങനെയുള്ള വിമർശനങ്ങളുമായി ജനം യേശുവിനെ സമീപിക്കുന്നു. വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ ജനത്തിന്റെ അവിശ്വാസം നിമിത്തം വീര്യപ്രവർത്തികളൊന്നും ചെയ്യാൻ യേശുവിന് സാധിച്ചില്ല.

ജനിച്ചകാലം മുതൽ മാതാപിതാക്കന്മാരിലൂടെയും, സൺഡേ സ്കൂളിലൂടെയും, പള്ളിയിൽനിന്നും, പുരോഹിതന്മാരിലൂടെയും ഒക്കെ ധാരാളം കേട്ട് പരിചിതനാണ് ക്രിസ്തു നമ്മുടെ ജീവിതത്തിൽ. എന്നാൽ കേട്ടറിഞ്ഞ ക്രിസ്തുവിനെക്കാൾ, അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനോടുള്ള വിശ്വാസമാണ് നമ്മെ അനുഗ്രഹത്തിലേക്ക് നയിക്കുന്നത്.

നോമ്പ് കാലത്തോ, ധ്യാനം കൂടിയതിനു ശേഷമോ, വി. കുമ്പസാരം നടത്തി വി. കുർബ്ബാന സ്വീകരിക്കുന്ന സമയത്ത് നാം നല്ല തീക്ഷ്ണതയോടെ ക്രിസ്തുവിനെ സ്വീകരിക്കും. എന്നാൽ ക്രമേണ അതിന്റെ തീക്ഷ്ണത കുറയുന്ന കാഴ്ച സാധാരണമാണ്. വി. കുർബ്ബാനയിൽ വെറും കാഴ്ചക്കാരായി പങ്കെടുക്കുന്ന ആളുകളുടെ എണ്ണം കൂടിവരികയാണ്. സഭയുടെ ഓരോ കൂദാശകളിലും, ആചാരങ്ങളിലും പെരുന്നാളുകളിലുമൊക്കെ ആത്മീയ അന്ധത കൂടി വരികയാണ്. അതിനുള്ള കാരണം നമ്മുടെ വിശ്വാസക്കുറവും, അതിനോടുള്ള തെറ്റായ മനോഭാവവുമാണ്.

ജനത്തിന്റെ അവിശ്വാസമാണ് ദൈവീക പ്രവർത്തനത്തിന് തടസ്സമാകുന്നത്. ഇന്ന് അനുഗ്രഹത്തിനുവേണ്ടി ഓടുന്ന ധാരാളം ആളുകളെ കാണാം. ഈ പള്ളിയിൽ അനുഗ്രഹം കുറവാണ്, മറ്റേതെങ്കിലും പള്ളിയിൽ പോയാൽ അനുഗ്രഹം കൂടുതൽ കിട്ടും, ഇവിടെ ആത്മീയത കുറവാണ്, അവിടെ ആത്മീയ നിറവുണ്ട് എന്ന് ചിന്തിക്കുന്നവർക്കുള്ള സന്ദേശമാണ് ഈ വേദഭാഗം. നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുമ്പോൾ അനുഗ്രഹം ഉണ്ടാകും. വൈദികരെ വി. കുർബ്ബാന ചൊല്ലുവാൻ പരിശീലിപ്പിക്കുമ്പോൾ പഠിപ്പിക്കുന്ന ഒരു വലിയ കാര്യമുണ്ട്. പ്രഥമബലി അർപ്പിക്കുന്നതുപോലെ വിശുദ്ധിയോടും, ഒരുക്കത്തോടും കൂടി വേണം ഓരോ ബലിയും അർപ്പിക്കുവാൻ. ഓരോ ബലി പൂർത്തീകരിക്കുമ്പോഴും സമാപന പ്രാർത്ഥനയിൽ ബലിപീഠത്തോട് യാത്ര പറയുന്ന രംഗം ഏറെ ശ്രേഷ്ഠമാണ്. അതുപോലെ തന്നെ നമുക്ക് ലഭിക്കുന്ന ഓരോ അവസരവും, ദൈവത്തിന്റെ അനുഗ്രഹമാണെന്ന് തിരിച്ചറിഞ്ഞ് വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# ജനാധിപത്യം

റ്റി. സി. തോമസ്, തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിൽ ജനാധിപത്യ ഭാരതത്തിന്റെ രാഷ്ട്രപതിയായി സുവർണ്ണ ശോഭയോടെ ശ്രീമതി ദ്രൗപതി മുർമു എന്ന വനിത തെരഞ്ഞെടുക്കപ്പെട്ട ല്ലോ. സാമൂഹികവും ജാതീയവുമായ വിവേചനങ്ങളെ മറി കടക്കാനുള്ള ജനാധിപത്യത്തിന്റെ അടിത്തറയ്ക്ക് അടിവര യിടുന്നതാണ് ഗോത്രവർഗ്ഗത്തിൽ നിന്നും ഒരാൾ തെരഞ്ഞെ ടുക്കപ്പെടുന്നത്. ദളിത് സമൂഹത്തിൽ നിന്നൊരാൾ രാഷ്ട്ര പതി സ്ഥാനത്ത് എത്തുന്ന ദിവസം മാത്രമേ ഇൻഡ്യക്ക് പൂർണ്ണ സ്വാതന്ത്ര്യം ലഭിച്ചതായി കണക്കാക്കാൻ കഴിയുക യുള്ളു എന്ന രാഷ്ട്ര പിതാവ് മഹാത്മാഗാന്ധിയുടെ സ്വപ്നം 1997-ൽ കെ.ആർ നാരായണനിലൂടെയാണ് ആദ്യം യാഥാർത്ഥ്യമായത്.

'ജനങ്ങൾ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ജനങ്ങ ളുടെ ഭരണം' ജനാധിപത്യത്തെക്കുറിച്ച് മഹാനായ ഏബ്രഹാം ലിങ്കൺ കുറിച്ചിട്ട ഈ വരികൾ നിത്യനൂതനമാ ണ്. ജനാധിപത്യത്തിന്റെ ശ്രീകോവിൽ എത്ര പവിത്രമാ ണെന്ന് ഈ വരികൾ വ്യക്തമാക്കുന്നു. ലോകത്ത് ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളിലൊന്നാണ് നമ്മുടെ ഇൻഡ്യ. ഏറ്റവും കൂടുതൽ വോട്ടർമാരുള്ള രാജ്യം കൂടിയാണ് ഭാര തം. ഏകാധിപതികളുടെ ക്രൂരമായ മർദ്ദനങ്ങളും പീഡന കളും സഹിച്ച് അടിമത്തത്തിന്റെ ചങ്ങലക്കെട്ടിൽ ഞെരിഞ്ഞ മർന്നു കഴിഞ്ഞുകൂടിയ ജനതയ്ക്ക് ജനാധിപത്യം ആശ്വാ സത്തിന്റെ കുളിർമ്മയേകി. സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കാൻ കഴിയുന്നതിൽ അവർ നിർവൃതികൊണ്ടു. ജനാ ധിപത്യത്തിൽ പൗരന്മാർക്ക് സ്വന്തമായ അവകാശങ്ങളും കടമകളുണ്ട്. പൗരാവകാശങ്ങളും കടമകളും ഒരു നാണയ ത്തിന്റെ രണ്ടുവശങ്ങൾപോലെ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. അവകാശങ്ങളെപ്പറ്റി മാത്രം ബോധവാനായാൽ പോരാ മറിച്ച് കടമകളെപ്പറ്റിയും ബോദ്ധ്യമുള്ളവരായിരിക്കണം ഉത്തമ പൗരന്മാർ. അച്ചടക്കമുള്ള ഒരു ജനതയാണ് ജനാധിപത്യ സംവിധാനത്തിന്റെ താക്കോൽ. ഇൻഡ്യയോടൊപ്പം സ്വാതന്ത്ര്യം പ്രാപിച്ച പല രാജ്യങ്ങളും പിന്നീട് ഏകാധിപ ത്യത്തിന്റെയും പട്ടാള ഭരണത്തിന്റെയും കീഴിൽ അമർന്ന ചരിത്രം നമുക്ക് മുൻപിലുണ്ട്.. ഒരാൾ ഒരു രാജ്യത്ത് ജനിച്ച തുകൊണ്ടോ അവിടെ വോട്ടു രേഖപ്പെടുത്തിയതുകൊണ്ടോ മാത്രം ആ രാജ്യത്തെ യഥാർത്ഥ പൗരനാകുന്നില്ല. രാജ്യത്തെ ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി തന്നാലാകു ന്നതെല്ലാം ചെയ്യുന്ന ആളായിരിക്കണം ഒരു പൗരൻ. കൽക്ക ത്തയിലെ മദർ തെരേസ ജന്മം കൊണ്ട് ഒരു ഇൻഡ്യൻ പൗര യല്ലായിരുന്നു. ഇവിടെ ജനിച്ചു വളർന്ന നമ്മിൽ പലരേക്കാൾ മാതൃകാപരമായ സേവന പ്രവർത്തനങ്ങൾകൊണ്ട് മികച്ച ഒരു ഇൻഡ്യൻ പൗരയായിരുന്നു അവർ. നമ്മുടെ പൗരത്വ ത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നത് ജന്മം കൊണ്ടല്ല പ്രവൃത്തി കൊണ്ടാണ് എന്ന് ഇതു വ്യക്തമാക്കുന്നു.

ജനാധിപത്യ രാജ്യങ്ങളിൽ പൗരന്മാർ സുരക്ഷിതരും സംസ്ക്കാരസമ്പന്നരുമായിരിക്കണം. തുല്യാവസരവും അവ സര സമത്വവും എല്ലാവർക്കും വാഗ്ദാനം ചെയ്യുന്നു. ഓരോ രുത്തർക്കും തങ്ങളുടെ അർഹതയ്ക്കനുസരിച്ചുള്ള സ്ഥാന മാനങ്ങൾ നേടാം. രാജ്യത്തിന്റെ പരമാധികാരിയാകാൻവരെ ഏതൊരു പൗരനും അവകാശമുണ്ട്. വർണ്ണമോ, വർഗ്ഗമോ, ജാതിയോ, മതമോ, ഭാഷയോ, വേഷമോ, ധനമോ, പ്രാദേ ശിക ഭേദമോ ഒന്നും ഇതിൽ വിലങ്ങുകൾ സൃഷ്ടിക്കുന്നില്ല. ജനഹിതത്തിനു വിരുദ്ധമായി നീങ്ങുന്ന ഒരു വമ്പനും അധി കകാലം അധികാരത്തിൽ കഴിയാൻ സാധിക്കില്ല. അഭിപ്രായ സ്വാതന്ത്ര്യവും സഞ്ചാര സ്വാതന്ത്ര്യവും സ്വത്തു സമ്പാദി ക്കാനുള്ള അവകാശവും ജനാധിപത്യത്തിൽ പൗരാവ കാശത്തിന്റെ മാറ്റു കൂട്ടുന്നു. ജനങ്ങളുടെ ദാസനാണ് ഭരണ കർത്താവ്. ഒരിക്കലും അധികാരം കൈയ്യാളുന്ന സ്വേച്ഛാധി കാരിയല്ല. രാഷ്ട്രീയകക്ഷികളുടെ ബാഹുല്യം സന്ദർഭത്തി നൊത്തുള്ള കാലുമാറ്റങ്ങൾ, മന്ത്രിസഭയുടെ അല്പായുസ്സ് തുടങ്ങി ഒട്ടേറെ ജീർണ്ണതകൾ ജനാധിപത്യ സംവിധാനത്തി ലുണ്ടാകാം. ജനങ്ങൾ ജാതിയും മതവും പ്രാദേശികതയും നോക്കി വോട്ടു ചെയ്താൽ യോഗ്യരായ പലർക്കും ഒരി ക്കലും അധികാര സ്ഥാനങ്ങളിലേക്ക് പ്രവേശിക്കാൻ കഴി യാതെ വന്നേക്കാം. സാമൂഹിക പ്രതിബദ്ധതയും വികസന വീക്ഷണവുമുള്ള രാജ്യസ്നേഹികളായ പൗരന്മാർ ജനാ ധിപത്യത്തിലൂടെ താക്കോൽ സ്ഥാനങ്ങളിൽ അധികാരത്തിൽ വരാൻ ജനങ്ങൾ വഴിയൊരുക്കണം.

അച്ചടക്കം ഒരു ജനാധിപത്യ സമൂഹത്തിന്റെ ജീവരക്ത മാണ്. അച്ചടക്കം, നിയമപാലനം, മൂല്യബോധം ഇവയില്ലാത്ത ഒരു ജനാധിപത്യം അതെത്ര വലുതായാലും നിലനിൽക്കു കയില്ല. ക്രമസമാധാനം ഉറപ്പാക്കാൻ ചുമതലപ്പെട്ട പല സർക്കാർ സംവിധാനവും ബാഹ്യപ്രേരണക്കു വഴങ്ങി വരു ന്നത് അപകടകരമാണ്. ഒരാളുടെ സ്വാതന്ത്ര്യം മറ്റൊരാളിന്റെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമാകരുത്. അധികാരവും പ്രവർത്തന സ്വാതന്ത്ര്യവും തമ്മിൽ സന്തുലനം ഉണ്ടാവണം. പാർലമെന്റും നിയമസഭയും നമ്മുടെ ജനപ്രതിനിധികൾ പര സ്പരം ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിക്കുന്ന വെറും വേദികളാക്കി സമയം കളയാതെ ക്രിയാത്മകമായി പ്രവർത്തിക്കാൻ തയ്യാറാവണം. ജനങ്ങളുടെ അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കാൻ പ്രവർത്തിക്കുക എന്നതാണ് ജനാ ധിപത്യ സർക്കാരിന്റെ ലക്ഷ്യം. സർക്കാർ എല്ലാവരുടെയും സർക്കാർ ആകണം. സ്ഥാനമാനങ്ങൾക്കും അധികാരക്കസേ രകൾക്കും ഉപരി പൊതുജനസേവനം മുന്നിൽ കണ്ടുകൊണ്ട് പുതിയ തലമുറ മുന്നോട്ടു വരണം. അവരുടെ കൈയ്യിൽ ജനാധിപത്യത്തിന്റെ ഭാവി ശോഭനമായിരിക്കും. കരുത്തുറ്റ പ്രതിപക്ഷംകൂടി ചേർന്നതാണ് ശക്തമായ ജനാധിപത്യം. രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവം നിർവചിക്കുന്നതിലും ജനാധിപത്യ സംവിധാനം അരക്കിട്ടുറപ്പിക്കുന്നതിലും പൗര ന്മാരുടെ പങ്ക് വളരെ വലുതാണ്. ജോൺ എഫ് കെന്നഡി പറയുന്നു രാജ്യം നിങ്ങൾക്ക് എന്തു ചെയ്തുവെന്നല്ല നിങ്ങൾ രാജ്യത്തിന് എന്ത് ചെയ്യുന്നുവെന്നാണ് ചിന്തിക്കേ ണ്ടത്.

എല്ലാ ഇൻഡ്യൻ പൗരന്മാർക്കും ഭരണഘടന അനുശാ സിക്കുന്ന ചില അവകാശങ്ങളും സ്വാതന്ത്ര്യങ്ങളുമുണ്ട്. ഈ അടിസ്ഥാന സ്വാതന്ത്ര്യങ്ങളും മൗലികാവകാശങ്ങളും

ആരാലും നിഷേധിക്കുവാൻ കഴിയുന്നതല്ല. മറിച്ച് ഇക്കാര്യത്തിൽ എന്തെങ്കിലും ലംഘനമുണ്ടായാൽ അതു സംരക്ഷിക്കാൻ അതിനെതിരെ രാജ്യത്തെ നീതിന്യായ കോടതികളെ സമീപിക്കാൻ പൗരന്മാർക്ക് അവകാശമുണ്ട്. മൗലികാവകാശങ്ങളിൽപ്പെട്ട ഒന്നാണ് നിയമത്തിനു മുന്നിലുള്ള സമത്വം. അഭിപ്രായ സ്വാതന്ത്ര്യം, സമാധാനപരമായി സംഘടിക്കാനുള്ള അവകാശം, സംഘടനകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം, ഏതു ജോലിയും തൊഴിലും വ്യാപാരവും ചെയ്യാനുള്ള സ്വാതന്ത്ര്യവുമുണ്ട്. നിയമപരമായി അറസ്റ്റു ചെയ്യപ്പെട്ട ആളെ ഒരു നിയമജ്ഞന്റെ സഹായം തേടുന്നതിൽനിന്നു വിലക്കാൻ പാടില്ലെന്നും ഭരണഘടന വ്യക്തമാക്കുന്നു. ജനാധിപത്യത്തിന്റെ തൂണുകളെ ദുർബലപ്പെടുത്തുന്ന വർഗീയ ഭീകര പ്രവർത്തനങ്ങൾക്കു നേരേ ജനാധിപത്യ വിശ്വാസികൾ കൂടുതൽ ജാഗ്രത പുലർത്തണം. ഭരണഘടന വിഭാവന ചെയ്യുന്ന അടിസ്ഥാന തത്വങ്ങളുടെ കാവൽക്കാരായിരിക്കണം ജനാധിപത്യത്തിൽ ഭരണാധികാരികൾ.

## അർദ്ധദിന സെമിനാറും അനുമോദനവും

ക്നാനായ കോൺഗ്രസ്സ് കേന്ദ്രകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന കേന്ദ്ര പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളത്തിന് അനുമോദനവും, 'കൗമാരവും കുടുംബ ബന്ധങ്ങളും എന്ന വിഷയത്തിൽ അർദ്ധദിന സെമിനാറും റാന്നി ഇട്ടിയപ്പാറ ചാപ്പലിൽ നടത്തപ്പെട്ടു. ഫാ. രാജൻ എബ്രഹാം കുളമടയിലിന്റെ അദ്ധ്യക്ഷതയിൽ **ശ്രീ. പ്രമോദ് നാരായണൻ എം.എൽ.എ.** ഉദ്ഘാടനം ചെയ്തു. വെരി.റവ. റോയ് മാത്യൂസ് കോറെപ്പിസ്ക്കോപ്പാ, ഫാ. അനൂപ് സ്റ്റീഫൻ, റോയ് പുത്തൻ പുരയ്ക്കൽ, അനീഷ് റ്റി. സി. തകിടിയിൽ, കൊച്ചുമോൻ ഒറ്റതൈയ്ക്കൽ, ബിബിൻ കല്ലംപറമ്പിൽ, ജയമോൻ മേപ്രത്ത്, ബിനു കല്ലേമണ്ണിൽ, അനിഷ് കയ്യത്ര, സെറിൻ പള്ളത്ര എന്നിവർ പ്രസംഗിച്ചു. **ഫാ.ഡോ. തോമസ് എബ്രഹാം മലേച്ചേരിയിൽ** (എം.എസ്.ഒ.റ്റി. സെമിനാരി അധ്യാപകൻ) അർദ്ധദിന സെമിനാർ നയിച്ചു.

## ക്നാനായ സോഷ്യൽ ഫോറം

ക്നാനായ യാക്കോബായ, ക്നാനായ കത്തോലിക്ക വിഭാഗങ്ങളിലെ ഏക അൽമായ സംഘടനയാണ് ക്നാനായ സോഷ്യൽ ഫോറം. 1979 ൽ കോട്ടയത്ത് തുടങ്ങിയ ഈ സംഘടന ക്നാനായക്കാരുടെ ഇടയിൽ വിവിധ സാമൂഹിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഒരേ രക്തവും, ഒരേ മാംസവുമായ നമ്മളുടെ ഇടയിൽ കൂടുതൽ ഐക്യവും, സ്നേഹവും, സഹകരണവും ഉണ്ടാകുന്നതിന് വേണ്ടിയാണ് ഈ സംഘടന സ്ഥാപിക്കപ്പെട്ടത്. ക്നാനായ സോഷ്യൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ "ക്നാനായ സമുദായം ചരിത്ര വഴികളിലൂടെ" എന്ന വിഷയത്തെ അധികരിച്ച് ഒരു രചനാമത്സരം സംഘടിപ്പിക്കുന്നു. A4 സൈസ് പേപ്പറിന്റെ 7 പേജിൽ കുറയാത്ത രചനകൾ 31-10-22 ന് മുമ്പായി ഫിലിപ്പ് കെ. ജോസഫ് കരിനാട്ട്, ഇറഞ്ഞാൽ, മുട്ടമ്പലം പി. ഒ. കോട്ടയം എന്ന വിലാസത്തിലോ willyjoseph57@gmail.com, benoykurian999@yahoo.com എന്ന e-mail വഴിയോ അയച്ചു തരേണ്ടതാണ്. പ്രായഭേദമെന്യേ ആർക്കും പങ്കെടുക്കാവുന്നതാണ്.

First Price - Rs .5001.00
Second Price - Rs. 3001.00
Third Price - Rs. 2001.00

അഡ്വ. സ്റ്റീഫൻ ചാഴിക്കാടൻ- പ്രസിഡന്റ്
വില്ലി വടാമറ്റം, ജനറൽ സെക്രട്ടറി
ബിനോയി കുര്യൻ, ട്രഷറർ

## ക്നാനായ സണ്ടേസ്കൂൾ സമാജം കേന്ദ്ര കമ്മറ്റി

റവ.ഫാ. മോനായി കെ. ഫിലിപ്പ് കർക്കിടകം പള്ളിൽ (ഡയറക്ടർ), റവ.ഫാ. ജിനു കുരുവിള കിഴക്കേമുട്ടത്തിൽ (ജനറൽ സെക്രട്ടറി), സജി സ്കറിയ കരിമ്പന്നൂർ (ഓർഗനൈസിങ്ങ് സെക്രട്ടറി), പി.ഐ. ചാക്കോ പാടകശ്ശേരിൽ, (നീലംപേരൂർ ഡിസ്ട്രിക്ട് ഇൻസ്പെക്ടർ), കെ. ജെ.സ്കറിയ കളത്തിൽ (നീലംപേരൂർ ഡിസ്ട്രിക്ട് സെക്രട്ടറി), എ. റ്റി. ജയിംസ് അഴകത്തുചിറയിൽ, (റാന്നി ഡിസ്ട്രിക്ട് സെക്രട്ടറി) എ.എം. ഇട്ടിയവിര എണ്ണയ്ക്കാപള്ളിൽ, (റാന്നി ഡിസ്ട്രിക്ട് ഇൻസ്പെക്ടർ), ജോർജ് കുര്യൻ മുളമൂട്ടിൽ (കറ്റോട് ഡിസ്ട്രിക്ട് ഇൻസ്പെക്ടർ), തമ്പി ഏബ്രഹാം ആശാരി മുറിയിൽ (കറ്റോട് ഡിസ്ട്രിക്ട് സെക്രട്ടറി), ഒ.യു. ഉതുപ്പ് ഒലിയപുറത്ത് (കല്ലിശ്ശേരി ഡിസ്ട്രിക്ട് ഇൻസ്പെക്ടർ), പി.എ. ഏബ്രഹാം കുഴികണ്ടത്തിൽ (കല്ലിശ്ശേരി ഡിസ്ട്രിക്ട് സെക്രട്ടറി) സജി. റ്റി. തോമസ് തെക്കേകരോട്ട് (ചിങ്ങവനം ഡിസ്ട്രിക്ട് സെക്രട്ടറി), ബിനോ പി. ഏലിയാസ് പാറക്കുളം (ചിങ്ങവനം ഡിസ്ട്രിക്ട് ഇൻസ്പെക്ടർ), പി.സി. ഏബ്രഹാം പ്ലാന്തോട്ടം (ഓഫീസ് സെക്രട്ടറി.)

## ക്നായിതോമ പ്രയർ ഫെലോഷിപ്പ്
### 9-ാ മത് വാർഷികം നടത്തി

പൂവൻതുരുത്ത്: ക്നായിതോമ പ്രയർഫെലോഷിപ്പിന്റെ 9-ാമത് വാർഷികം 10-07-2022 ഞായർ പാ ക്കിൽ സെന്റ്തോമസ് യാക്കോബായ പള്ളിയുടെ പാരീഷ്ഹാളിൽ വച്ച് ക്നായിതോമ പ്രയർ ഫെലോഷിപ്പ് വൈസ്.പ്രസി. റവ.ഫാ. സി.സി. ഏലിയാസ് കട്ടയിലിന്റെ അദ്ധ്യക്ഷതയിൽകൂടി. അഭി. കുറിയാക്കോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത വാർഷിക യോഗം ഉദ്ഘാടനം ചെയ്തു.

സന്ധ്യാപ്രാർത്ഥനയോടെ ആരംഭിച്ച വാർഷിക യോഗത്തിൽ റവ.ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ മുഖ്യ സന്ദേശം നൽകി. റവ. ഡീ. ചിക്കു ബേബി കാരിമറ്റത്തിൽ സമർപ്പണ പ്രാർത്ഥന നടത്തി. ശ്രീമതി. നാൻസി റെജി മടുക്കമൂട്ടിൽ വേദപുസ്തകം വായിച്ചു. സെക്രട്ടറി ശ്രീ. സജി. സി. ഫിലിപ്പ് കട്ടയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. റെജി. എം. ഏലിയാസ് മടുക്കമൂട്ടിൽ സ്വാഗതവും, ജോ. സെക്ര. ശ്രീ. കൊച്ചുമോൻ മടുക്കമൂട്ടിൽ കൃതജ്ഞതയും പറഞ്ഞു




കാട്ടിൽ ഒരു നായാട്ടുപാർട്ടി രൂപം കൊണ്ടു. സിംഹവും കുറുക്കനും കഴുതയും മാത്രമായിരുന്നു അംഗങ്ങൾ. വളരെ രസകരമായ ഒരു പിന്തുടരലിന് ശേഷം അവർ വലിയ ഒരു കലമാനിന്റെ കഥ കഴിച്ചു.

മൂന്നുപേർക്കും നല്ല വിശപ്പുണ്ടായിരുന്നു പ്രത്യേകിച്ചും സിംഹത്തിന്. 'നോക്കു സുഹൃത്തേ!' കഴുതയുടെ നേരെ തിരിഞ്ഞുകൊണ്ട് സിംഹം അലറി 'ഈ മാനിനെ മൂന്നായി ഭാഗിക്കു നമ്മുടെ ഡിന്നർ ഇനിയും താമസിപ്പിക്കേണ്ട. എന്റെ വയറാണെങ്കിൽ വിശപ്പുകൊണ്ട് കത്തിയെരിയുകയാണ്'.

കഴുത ഉടനെ ജോലിയിൽ മുഴുകി അതു മാനിനെ മൂന്ന് സമഭാഗങ്ങളാക്കാൻ പണിപ്പെടുകയായിരുന്നു. സിംഹത്തിന് കണ്ടു നിൽക്കാൻ കഴിഞ്ഞില്ല. അത് ഒരലർച്ചയോടെ ചാടിവീണ് കഴുതയെ കൊന്ന് കീറി മലർത്തിയിട്ടു.

'ഇനി കുറുക്കൻ സുഹൃത്ത് വരൂ! ഒരിടത്ത് മാറി ഇരുന്നുകൊണ്ടു സിംഹം വിളിച്ചു. താങ്കൾക്ക് ഈ കലമാനിനെ രണ്ടായി ഭാഗിക്കാൻ എത്ര മിടുക്കുണ്ടെന്നു കാണട്ടെ'

കുറുക്കൻ വല്ലാതെ ഒന്നു പരുങ്ങുകയും വിയർക്കുകയും ചെയ്തു. എങ്കിലും ധൈര്യക്കുറവ് കാട്ടിയില്ല. പതുക്കെ അത് കലമാനിന്റെ ജഡത്തിനരികെ സമീപിച്ചു. ശരീരമാകെ കീറിപ്പൊളിഞ്ഞ നിലയിൽ മരിച്ചു കിടക്കുന്ന കഴുതയുടെ നേരെ ഒന്നു കണ്ണയച്ച ശേഷമാണ് കുറുക്കൻ ഭാഗം വെക്കാൻ തുടങ്ങിയത്.

ഭാഗം വെക്കൽ തീരാൻ ഒട്ടും താമസമുണ്ടായില്ല. തന്റെ വായിൽ ഒരിക്കൽ കൊള്ളാവുന്നത്രയും മാംസം മാത്രമേ കുറുക്കൻ തനിക്കായി വച്ചുള്ളു. ബാക്കി 'സിംഹഭാഗം' മുഴുവനും മൃഗരാജാവിനായി വെച്ച് കുറുക്കൻ മാറി നിന്നു.

'വളരെ നന്നായിരിക്കുന്നു.' സിംഹം സസന്തോഷം തല കുലുക്കിക്കൊണ്ട് പറഞ്ഞു: 'ആരാണ് നിന്നെ ഇത്രയും നന്നായി ഭാഗം വെക്കാൻ പഠിപ്പിച്ചത്?

'പ്രത്യേകമായി ആരും പഠിപ്പിച്ചില്ല'. കുറുക്കൻ മറുപടി നൽകി: 'തുറന്നുവെച്ച പുസ്തകംപോലെ അപ്പുറത്ത് മരിച്ചു കിടക്കുന്ന നമ്മുടെ സുഹൃത്തിനെ, കഴുതയെ ഒരു തവണ നോക്കുകയേ വേണ്ടി വന്നുള്ളു, എനിക്ക്'.

മറ്റുള്ളവരുടെ അനുഭവങ്ങളിൽനിന്നും നാം പലതും പഠിക്കുന്നുണ്ട്.

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. വിക്കനും തടിച്ച നാവുള്ളവനുമായവൻ ആര്?
2. യോസേഫിന്റെ ആദ്യ ജാതൻ ആര്?
3. യോശുവ നിഗ്രഹിച്ച യെരുശലേം രാജാവിന്റെ പേരെന്ത്?
4. ദാവീദ് തോട്ടിൽ നിന്നെടുത്ത മിനുസമുള്ള കല്ലെത്ര?
5. ശലോമോൻ പണിത ആലയത്തിന്റെ ചുവരിൽ കൊത്തിയിരുന്ന രൂപങ്ങൾ ഏവ?
6. ഇന്ത്യ വാണ പേർഷ്യൻ ചക്രവർത്തി ആര്?
7. ഏറ്റവും വലിയ സങ്കീർത്തനം ഏത്?
8. പുകയുന്ന രണ്ടു മുറിക്കൊള്ളി എന്നു ഉപമച്ചിരിക്കുന്ന രണ്ടു വ്യക്തികൾ ബൈബിളിലുണ്ട്. അവർ ആരെല്ലാം?
9. യേശുവിനെ കണ്ടിട്ടു അത്യന്തം സന്തോഷിച്ച ദേശാധിപതി ആര്?
10. ആഭിചാരം ചെയ്തു താൻ മഹാൻ എന്നു പറഞ്ഞ് ശമര്യ ജാതിയെ ഭ്രമിപ്പിച്ചു പോന്നവൻ ആര്?

**ജൂലൈ മാസത്തിലെ ഉത്തരങ്ങൾ**

1. ശമുവേൽ (ശമുവേൽ 10:25)
2. യോവാശ് (2 രാജാക്കന്മാർ))
3. ശലോമോൻ (ഉത്തമഗീതം 1:1)
4. യെരുശലേം (യെശയ്യാവ് 1:6)
5. നിനെവേ (യോനാ 1:2)
6. 62 (ദാനിയേൽ 5:31)
7. തെക്കോവ (ആമോസ് 1:1)
8. 40 ദിവസം (40 രാവും പകലും) മത്താ. 4:2
9. ലില്ലിപുഷ്പം പോലെ (ലൂക്കോസ് 8:3)
10. ഇതര കാനോനിക (അപ്പോ ക്രിഫ ഗ്രന്ഥങ്ങൾ) അല്ലെങ്കിൽ ഉത്തര കാതോലിക ഗ്രന്ഥങ്ങൾ

## അറിയിപ്പ്

**ക്നാനായ സമുദായത്തിലെ വാങ്ങിപ്പോയ എല്ലാ വൈദികരുടെയും ഫോട്ടോ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ആൽബം തയ്യാറാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വാങ്ങിപ്പോയ വൈദികരുടെ ഫോട്ടോയും മേൽവിലാസവും കൈവശമുള്ളവർ താഴെ കാണിച്ചിരിക്കുന്ന ഫോൺ നമ്പറിലുള്ള വാട്സാപ്പിൽ അയച്ചുതന്നു സഹകരിക്കണമെന്ന് അറിയിക്കുന്നു.**

**9447660365**

# 7th Death Anniversary
## 06/08/2022



# ACHAMMA ZACHARIAH
## Peedikaparampil
## Kuttoor, Thiruvalla.

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt -O

## 40 – ാം ചരമദിനം

28 – 08 – 2022



Advt -R

## കെ. സി. സൈമൺ (അനിയൻകുഞ്ഞ്)

ഓണാട്ട്, കോട്ടയം

ഞാൻ നിങ്ങളിൽ നിന്നും വേർപിരിഞ്ഞെങ്കിലും എന്റെ സ്നേഹവും സ്വർഗ്ഗപിതാവിന്റെ പക്കലുള്ള എന്റെ പ്രാർത്ഥനയും എപ്പോഴും നിങ്ങളോടുകൂടി ഉണ്ടായിരിക്കും. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ....

എന്നിൽ വിശ്വസിച്ചവൻ മരിച്ചാലും ജീവിക്കും

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

23 – 08 – 2022



Advt - S

## Annamma Thomas

Kannathumuriyil, Mammukku, Ranny

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 25 – ാം ചരമവാർഷികം

05 – 08 – 2022



Advt -O

## C. Zachariah

(ചിറയിൽ, കറിയാച്ചൻ), ഈര

ഭൂമിയിലുള്ള നമ്മുടെ ശരീരമാകുന്ന ഈ ഭവനം അഴിഞ്ഞുപോയാൽ, ദൈവനിർമ്മിതമായ, കൈപ്പണിയല്ലാത്ത, ഒരു ഭവനം സ്വർഗ്ഗത്തിൽ എന്നെന്നേക്കുമായി ഞങ്ങൾക്കുണ്ട് എന്ന് ഞങ്ങൾ അറിയുന്നു. ഇതു നിമിത്തം ഞങ്ങൾ നെടുവീർപ്പിടുകയും, സ്വർഗീയമായ ഞങ്ങളുടെ ഭവനത്തെ ധരിക്കണം എന്നു പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നു.

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

| 32 – ാം ചരമവാർഷികം 29/8/2022 | 12 – ാം ചരമവാർഷികം 19/9/2022 |
|---|---|



| തോമസ് മാത്യു | മറിയാമ്മ മാത്യു |
|---|---|

Advt - S

ചെറുകരേത്ത്, മഴുക്കീർ, കല്ലിശ്ശേരി

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 10th Death Anniversary
31-08-2022



## MARIAMMA JOSEPH
**Panachayil, Vallamkulam**

Advt -O

സന്തപ്ത കുടുംബാംഗങ്ങൾ

## 1st Birthday in Heaven
18-08-2022



## Jose Thomas
**Kunnumpurathu House**
**Ettumanoor, Kottayam**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt -O



## 1st Death Anniversary In Heaven
**28-08-2022**

## I. P. ITTIAVIRAH
**Edasseril (H)**
**Thottamon, Ranny P.O.**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

ഭാര്യ: Aleykutty Ittyavirah
മക്കൾ: പുന്നൂസ് ഇട്ടിയവിരാ, കുറിയാക്കോസ് ഇട്ടിയവിരാ
മരുമക്കൾ: സജിത പുന്നൂസ്, മജു കുറിയാക്കോസ്
കൊച്ചുമക്കൾ: Riya Punnoose, Albin Punnoose,
Diya Punnoose & Hanok Itty Kuriakose

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## Third Birthday In Heaven

21-08-2022



Advt -O

# K.A. JOSEPH (Rtd. KSEB Overseer)

**Kadavumpara Puthenveedu, Kuttoor**

Wife- Valsamma Joseph

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

## 1 – ാം ചരമവാർഷികം

18 – 08 – 2022



Advt -S

# മറിയാമ്മ പുന്നൂസ്

**വിളയിൽ, റാന്നി**

**"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 11 – ാം ചരമവാർഷികം

26 – 08 – 2022

## 5 – ാം ചരമവാർഷികം

06 – 09 – 2022



# സ്കറിയ മർക്കോസ് അച്ചാമ്മ മർക്കോസ്

**പുതുവീട്, എസ്. പുരം പി.ഒ.**
**കുറിച്ചി**

Advt -O

**"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 11 – ാം ചരമവാർഷികം

09 – 09 – 2022



Advt -R

# Col. M. K. Abraham

## (Thankachen)

**മൂഴിപ്പെരുമേത്ത്, ഐത്തല, റാന്നി**

**"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"**

**ഭാര്യ:** Saramma Abraham (Molly),
**മക്കൾ:** Sunu Joseph, Col. Vinoo Abraham, Anu James
**മരുമക്കൾ:** A/Com. Joseph Manacherry, Lesya Vinoo, Brigadier Jim James

സന്തപ്ത കുടുംബാംഗങ്ങൾ

## 40 – ാം ചരമദിനം

16 – 08 – 2022



# LISSY THOMAS (61)

**Palliyampil House, Chumathra, Thiruvalla**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

---

## 11 – ാം ചരമവാർഷികം

10 – 06 – 2022

## 1 – ാം ചരമവാർഷികം

8 – 09 – 2022





# P.P.Jacob (Chackochan)

# Thankamma Jacob

**പുത്തൻപുരയ്ക്കൽ (H), പ്ലാച്ചേരി, റാന്നി**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

---

## 5 – ാം ചരമവാർഷികം

17 – 08 – 2022



# A.C. ബേബി

**അമ്മനത്ത് ഹൗസ്, വള്ളംകുളം പി. ഒ., തിരുവല്ല**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

---

## *11th Year of Demise*

21 – 08 – 2022



# Lt.Col.M.C.Abraham (Retd.)

**(Kunjavarachen), Bangalore, Vellayampallil House, Kattode**

*'For if we believe that Jesus died and rose again, even so them also which sleep in Jesus will God bring with him' (1 Thessalonians 4:14)*

*Deeply missed and lovingly remembered by: Wife, Daughters, Sons-in-law, Grand Children, Great Grand Children, Relatives & Friends*

Advt -G

## 5 – ാം ചരമവാർഷികം

03 – 08 – 2022



Advt -O

### (Rtd.) Nb. Sub/Clk ജോസ് മാത്യു

**മധുകുഴിയിൽ വീട്, വെസ്റ്റ് ഓതറ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 3 – ാം ചരമവാർഷികം

30 – 08 – 2022



Advt -O

### ചാച്ചിയമ്മ പുന്നൂസ് (കുഞ്ഞൂഞ്ഞമ്മ)

**പാറയിൽ കല്ലമണ്ണിൽ, വള്ളംകുളം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാം എന്നുള്ള പ്രത്യാശയോടെ"

*സ്വന്തം കുടുംബാംഗങ്ങൾ*

## 1st Death Anniversary

13-08-2022



Advt -S

### K.K. ABRAHAM (BABY)

**Kanjirathumkal, Ranny**

സന്തപ്ത കുടുംബാംഗങ്ങൾ

## 1 – ാം ചരമവാർഷികം

24 – 08 – 2022



Advt -O

### പി.എ. സണ്ണിക്കുട്ടി

(പ്രിൻസിപ്പൽ, മലയാള സമാജം സ്കൂൾ, ചെന്നൈ)

**പുത്തൻപുരയ്ക്കൽ (വാക്കമറ്റം), കോട്ടയം**

**സന്തപ്ത കുടുംബാംഗങ്ങൾ**

# 40-ാം ചരമദിനം

24-08-2022



# കെ.കെ. ജോസഫ്

(കുഞ്ഞുമോൻ സാർ), കാവുങ്കൽ, റാന്നി

**[Rtd.HM. MT Corporate School,**

**& President PJT Trust & Public Library]**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി ...**

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## വേർപാടിന്റെ 1 –ാം വാർഷികം

15 - 08 - 2022



# Gracykutty Abraham

**W/o A.C.Abraham (Thankachan)**
**Ayiramthaickal House, Vakathanam**

മരിക്കുകയില്ല ഈ സ്നേഹനിധിയുടെ പുഞ്ചിരി ഞങ്ങളുടെ മനസ്സിലൊരിക്കലും

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

---

| 25 –ാം ചരമവാർഷികം | 9 –ാം ചരമവാർഷികം |
|---|---|
| 30 – 07 – 2022 | 17 – 08 – 2022 |





## ജോസഫ് ചാക്കോ    അച്ചാമ്മ ജോസഫ്

പന്ത്രണ്ടാംകുഴിയിൽ,
വാകത്താനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

---



28/01/1940 - 15/08/2018

## *4th Birthday in Heaven*

(15/08/2018)

# Gracy Abraham

Kaipuzha Chuzhunnil House
Angadi P O, Ranny.

*If we live, we live for the Lord;*
*and if we die, we die for the Lord.*
*So, whether we live or die,*
*we belong to the Lord.*

*From grieving children and grandchildren*

*we miss you mummy*

Advt - O

# വനസഞ്ചാരിയും കൂടാരവാസിയും

സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ

എബ്രായർ 11 :9-10. വിശ്വാസത്താൽ അവൻ (അബ്രഹാം) വാഗ്ദത്തദേശത്ത് ഒരു അന്യദേശത്ത് എന്നപോലെ ചെന്ന് വാഗ്ദത്ത ദേശത്തിനു കൂട്ടവകാശികളായ യിസഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ നഗരത്തിനായി കാത്തിരുന്നു.

ദൈവം താൻ സൃഷ്ടിച്ചവയെല്ലാം നല്ലത് എന്നു കണ്ടു. എന്തെന്നാൽ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ച മനുഷ്യൻ ഏകാകിയായിരിക്കുന്നതു നല്ലത് അല്ലായെന്ന് അരുളിച്ചെയ്തു. മനുഷ്യന്റെ സന്തോഷ പൂർണ്ണതയ്ക്ക് ആവശ്യമായ ഒരു തുണയെ പക്ഷിമൃഗാദികളിൽ അവൻ അന്വേഷിച്ചുവെങ്കിലും കണ്ടുകിട്ടിയില്ല. ആകയാൽ ദൈവം അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് അവന് അനുയോജ്യയായി തുണയായി ഒരു സ്ത്രീയെ സൃഷ്ടിച്ചു. അവൾ അവന്റെ ശരീരമനസ്സുകളുടെ ഭാഗമാണ്. ഭാര്യയെയും ഭർത്താവിനെയും ഒരു ശരീരത്തിന്റെ രണ്ട് ഭാഗങ്ങളായിട്ടാണ് ദൈവം സൃഷ്ടിച്ചത് - ഒരു ദേഹമായിത്തീരേണ്ട രണ്ടുഭാഗങ്ങൾ. ഭാര്യയുടെ വാക്കു കേട്ട് പാപം ചെയ്തു ദൈവത്താൽ ശിക്ഷിക്കപ്പെടുമ്പോഴും ദൈവം അവരുടെ ഭാര്യാഭർതൃബന്ധത്തെ തകർക്കുകയല്ല, പ്രത്യുത ഉറപ്പിക്കുകയാണ് ചെയ്യുന്നത്. "നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോട് കൂടെയാകും" അവൻ നിന്നെ ഭരിക്കും (ഉല്പത്തി 3:16). ഭാര്യയെ ഉപേക്ഷിക്കുന്ന പ്രവണതയേറി വന്നപ്പോൾ കർത്താവ് അവനോട് "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർതിരിക്കരുത്"എന്നു കല്പിച്ചു (മത്തായി 10:6). ഭാര്യാഭർത്താക്കന്മാർ ഒരു ശരീരം ആയിത്തീരണമെങ്കിൽ അവർക്ക് ജീവിതവിശുദ്ധി ഉണ്ടാകണം. വിവാഹ ജീവിതത്തിൽ വിശുദ്ധമായ ഭാര്യാഭർത്തൃബന്ധം ഉറപ്പു വരുത്തുവാൻ പത്തുകല്പനകളിൽ രണ്ടെണ്ണത്തെ ദൈവം അതിനോട് ബന്ധിപ്പിച്ചിരിക്കുന്നു. "വ്യഭിചാരം ചെയ്യരുത്; അയൽക്കാരന്റെ ഭാര്യയെ മോഹിക്കരുത്" എന്തെന്നാൽ വ്യഭിചാരത്തിൽ ഏർപ്പെടുന്ന അഥവാ അവിഹിതബന്ധമുള്ള ഒരു ഭാര്യയ്ക്കോ ഒരു ഭർത്താവിനോ തന്റെ ഇണയുമായി ഒരു ദേഹമായിത്തീരുന്നതിന് കഴിയുന്നില്ല. ഭാര്യാ-ഭർത്താക്കന്മാർ ഒരു ശരീരമായിത്തീരണമെങ്കിൽ അവർക്ക് ജീവിത വിശുദ്ധി ഉണ്ടാകണം. അതുകൊണ്ട് വിവാഹം എല്ലാവർക്കും മാനവും വിവാഹശയ്യ വിശുദ്ധവുമായിത്തീരട്ടെ! അപ്പോസ്തോലനായ വി. പൗലോസ് ഉദ്ബോധിപ്പിക്കുന്നത് വിവാഹ ജീവിതം ശിഥിലമായിത്തീർന്ന് കുടുംബ ബന്ധങ്ങൾ തകരാതെ ഇരിക്കണമെങ്കിൽ ഭാര്യാഭർത്താക്കന്മാർ ഒരു ശരീരമായിത്തീരണം. അതിന് സമ്പൂർണ്ണമായ ജീവിത വിശുദ്ധി അത്യന്താപേക്ഷിതമാണ്.

ഇന്ന് അനേക സഹോദരങ്ങൾക്ക് തങ്ങളുടെ ആത്മീയ ഔന്നത്യമായി ചൂണ്ടിക്കാണിക്കുവാൻ ഉള്ളത് തങ്ങളുടെ പിതാമഹന്മാരുടെ ആത്മീയജീവിതങ്ങൾ തന്നെയാണ്. ജീവിത വിശുദ്ധിയോ ദൈവഭയമോ ഭക്തിയോ ഇല്ലാത്ത ഈ കൂട്ടർ ആത്മീയ പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും പിൻബലത്തിൽ ക്രൈസ്തവ സഭകളിലും സമൂഹങ്ങളിലും അധികാരങ്ങളും സ്ഥാനമാനങ്ങളും കൈയടക്കുന്നു. പക്ഷേ ദൈവത്തെ മറന്നു ജീവിതം നയിക്കുന്ന അവർക്ക് ദൈവസന്നിധിയിൽ യാതൊരു നിലയും വിലയുമില്ലെന്ന് ഏശാവിന്റെ ജീവിതം തെളിയിക്കുന്നു. വിശ്വാസികളുടെ പിതാവായിരുന്ന ഏശാവിന്റെ പിതാവായ യിസ്സഹാക്ക്, തന്റെ പിതാവിന് അവകാശപ്പെടുവാൻ ഈ പാരമ്പര്യമല്ലാതെ ഒന്നുമില്ലായിരുന്നു. തന്റെ ജഡികാഭിലാഷത്തിന്റെ പൂർത്തീകരണത്തിനായി അവൻ തന്റെ ജ്യേഷ്ഠാവകാശം നിസ്സാരമാക്കി വിറ്റുകളഞ്ഞു. മാത്രമല്ല അവൻ ഹിത്യസ്ത്രീകളെ വിവാഹം ചെയ്തു തന്റെ മാതാ-പിതാക്കൾക്ക് മനോവ്യസനം ഉണ്ടാക്കി, അവന് ന്യായമായി ലഭിക്കേണ്ട പിതാവിന്റെ അനുഗ്രഹം നഷ്ടമാകുകയും ചെയ്തു. ശിഷ്ടം ഉള്ള അവന്റെ ജീവിതത്തിൽ അവന് അവകാശപ്പെടാൻ ഉണ്ടായിരുന്നത് അവന്റെ പിതൃപാരമ്പര്യം മാത്രം ആയിരുന്നു. മാതാ-പിതാക്കളുടെ ദൈവത്തിൽ ഉള്ള ഭക്തിയും വിശ്വസ്തതയും സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നില്ലെങ്കിൽ ദൈവസന്നിധിയിൽ നിന്നു യാതൊരു അനുഗ്രഹവും പ്രാപിക്കാൻ കഴിയുകയില്ലെന്ന് ഏശാവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ യാക്കോബ് തന്റെ മാതാവിൻെറ ഉപദേശപ്രകാരം പിതാവിൽ നിന്ന് അനുഗ്രഹം തട്ടിയെടുത്തുകൊണ്ട് അവന്റെ ജീവിതത്തിൽ വലിയ പ്രതിസന്ധികൾ ഉണ്ടായി എങ്കിലും തന്റെ മാതാ-പിതാക്കളുടെ ദൈവം തന്റെയും ദൈവമാണ് എന്ന് തിരിച്ചറിഞ്ഞ നിമിഷം അവൻ കണ്ണുനീരോടെ ദൈവത്തോട് പ്രാർത്ഥിക്കുകയും അവൻ ഒരു വലിയ ജനതയുടെ പിതാവ് ആയിത്തീരുകയും ചെയ്തു.

യിസ്സഹാക്കിന് യഹോവയായ ദൈവം പ്രത്യക്ഷനായി ഇപ്രകാരം പറഞ്ഞു, ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവമാകുന്നു. നീ 'ഭയപ്പെടേണ്ട' ഞാൻ നിന്നോട് കൂടെ ഉണ്ട്. എന്റെ ദാസനായ അബ്രഹാം നിമിത്തം ഞാൻ നിന്നെ അനുഗ്രഹിക്കുകയും നിന്റെ സന്തതിയെ വർദ്ധിപ്പിക്കുകയും ചെയ്യും എന്നു പറഞ്ഞു.

യിസ്സഹാക്ക് വൃദ്ധനായി കാഴ്ചയില്ലാത്തവിധം അവന്റെ കണ്ണുകൾ മങ്ങിയപ്പോൾ അവൻ തന്റെ മൂത്തമകനായ ഏശാവിനെ വിളിച്ച് എന്റെ 'മകനെ' എന്നു പറഞ്ഞു. അതിനു അവൻ 'ഇതാ ഞാൻ ഇവിടെ ഉണ്ട്' എന്നു പറഞ്ഞു. അപ്പോൾ അവനോട് 'ഞാൻ വൃദ്ധനായിരിക്കുന്നു. എപ്പോൾ മരിക്കും എന്ന് എനിക്ക് അറിഞ്ഞുകൂടാ. നീ എനിക്ക് ഇഷ്ടവും രുചികരവുമായ ഭക്ഷണം തയ്യാറാക്കി ഞാൻ ഭക്ഷിച്ച് നിന്നെ അനുഗ്രഹിക്കേണ്ടതിന് എന്റെയടുക്കൽ കൊണ്ടുവരിക എന്നു പറഞ്ഞു. യിസ്സഹാക്ക് തന്റെ മകനായ ഏശാവിനോട് പറയുന്നത് റിബേക്കാ കേട്ടു. ഏശാവ് വേട്ടയാടിക്കൊണ്ടുവരാൻ വെളിമ്പ്രദേശത്തേക്ക് പോയപ്പോൾ റിബേക്കാ തന്റെ ഇളയമകനായ യാക്കോബിനോട് നിന്റെ അപ്പനായ യിസ്സഹാക്ക് വേട്ടയിറച്ചികൊണ്ടുവന്നു കൊടുക്കുവാൻ ഏശാവിനോട് ആവശ്യപ്പെട്ടിരിക്കുന്നു. എന്റെ മരണത്തിനു മുമ്പ് നിന്നെ അനുഗ്രഹിക്കാം എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഞാൻ ഇപ്പോൾ പറയുന്ന കാര്യം നീ അനുസരിക്കണം. നിന്റെ ആട്ടിൻപറ്റത്തിലേയ്ക്ക് ചെന്നു നല്ല ഒരു ആട്ടിൻകുട്ടിയെ കൊണ്ടുവരിക. ഞാൻ അതിനെ കൊന്ന്

നിനക്ക് രുചികരമായ ഭക്ഷണം തയ്യാറാക്കിത്തരാം. നീ അതു അപ്പന്റെയടുത്തു കൊണ്ടുചെന്നു കൊടുക്കണം. അപ്പൻ നിന്നെ അനുഗ്രഹിക്കട്ടെ എന്നു പറഞ്ഞു

അതിനു അവൻ എന്റെ സഹോദരൻ രോമം ഉള്ളവനും ഞാൻ ഏറെ രോമമില്ലാത്ത ശരീരത്തോട് കൂടിയവനും ആകുന്നുവല്ലോ എന്നു പറഞ്ഞു. ഒരു പക്ഷെ അപ്പൻ എന്നെ തപ്പി നോക്കിയാൽ ഞാൻ കബളിപ്പിക്കപ്പെടും. അനുഗ്രഹത്തിനു പകരം എന്റെ മേൽ ശാപം വരുകയില്ലേ എന്ന് ചോദിച്ചു. റിബേക്കാ അവനോട് എന്റെ മകനെ നിന്റെ ശാപം എന്റെ മേൽ വന്നുകൊള്ളട്ടെ! ഇപ്പോൾ ഞാൻ പറയുന്നതു നീ അനുസരിക്ക എന്നു പറഞ്ഞു. അവൻ പോയി ആട്ടുകൊറ്റനെ അമ്മയുടെ അടുക്കൽ കൊണ്ടു വന്നു. അവർ അതിനെ കൊന്ന് അവന്റെ പിതാവിന് ഇഷ്ടവും രുചികരവുമായ ഭക്ഷണമാക്കി മാറ്റി. പിന്നെ റിബേക്കാ ഏശാവിന്റെ നല്ല വസ്ത്രങ്ങൾ എടുത്ത് ഇളയമകനായ യാക്കോബിനെ ധരിപ്പിച്ചു. ആട്ടിൻകുട്ടിയുടെ തോൽ കൊണ്ട് അവന്റെ കൈകളും രോമമില്ലാത്ത തോളും പൊതിഞ്ഞു. താൻ തയ്യാറാക്കിയ അപ്പവും ഇറച്ചിയും യാക്കോബിന്റെ കൈയ്യിൽ കൊടുത്ത് അവന്റെ അപ്പനായ യിസ്സാഹാക്കിന്റെ അടുത്ത് പറഞ്ഞയച്ചു.

യാക്കോബ് അപ്പവും ഇറച്ചിയുമായി യിസ്സഹാക്കിന്റെയടുത്തു ചെന്ന് 'അപ്പ' എന്നു വിളിച്ചതിനു നീ ആരാകുന്നു മകനെ എന്നു യിസ്സഹാക്ക് ചോദിച്ചു. ഞാൻ നിന്റെ ആദ്യജാതനായ ഏശാവ് ആണ് നീ പറഞ്ഞതുപോലെ ഞാൻ ചെയ്തിരിക്കുന്നു. എഴുന്നേറ്റ് ഇരുന്ന് ഞാൻ കൊണ്ടുവന്ന വേട്ടയിറച്ചിയിൽ നിന്ന് ഭക്ഷിച്ചാലും എന്നെ അനുഗ്രഹിക്കണമേ എന്നു പറഞ്ഞു. യിസ്സഹാക്ക് അവനോട് മകനെ! ഇത്ര വേഗത്തിൽ നിനക്ക് ഇത് കിട്ടിയത് എങ്ങനെ എന്നു ചോദിച്ചു. "നിന്റെ ദൈവമായ യഹോവ എന്റെയടുക്കൽ എത്തിച്ചു" എന്ന് അവൻ മറുപടി പറഞ്ഞു. അപ്പോൾ യിസ്സഹാക്ക് യാക്കോബിനോട് "മകനെ നീ അടുത്തുവരിക നീ എന്റെ മകനായ ഏശാവ് ആകുന്നുവോ അല്ലയോ എന്ന് ഞാൻ നിന്നെ തപ്പിനോക്കട്ടെ എന്നു പറഞ്ഞു. യാക്കോബ് പിതാവായ യിസ്സഹാക്കിന്റെ അടുത്തേയ്ക്ക് ചെന്നു. അവൻ അവനെ തപ്പി നോക്കി "ശബ്ദം യാക്കോബിന്റെതുപോലെ പക്ഷേ കൈകൾ ഏശാവിന്റെ കൈകളാണ് എന്ന് പറഞ്ഞു. അവന്റെ കൈകൾ അവന്റെ സഹോദരനായ ഏശാവിന്റെ കൈകൾപോലെ രോമാവൃതമായിരുന്നതിനാൽ യിസ്സഹാക്ക് അവനെ തിരിച്ചറിയാതെ അനുഗ്രഹിച്ചു.

പിന്നെ യിസ്സഹാക്ക് മകനോട് നീയെന്റെ അടുത്തുവന്ന് എന്നെ ചുംബിക്കുക എന്നു പറഞ്ഞു. അവൻ അടുത്തു ചെന്ന് ചുംബിച്ചപ്പോൾ അവന്റെ വസ്ത്രത്തിന്റെ വാസന മണത്തുകൊണ്ട് അവനെ അനുഗ്രഹിച്ചു പറഞ്ഞു ഇതാ എന്റെ മകന്റെ സുഗന്ധം യഹോവ അനുഗ്രഹിച്ച വയലിന്റെ സുഗന്ധം പോലെ 'ദൈവം നിനക്ക് ആകാശത്തിലെ മഞ്ഞും ഭൂമിയുടെ പുഷ്ടിയും ധാന്യത്തിന്റെയും വിത്തിന്റെയും സമൃദ്ധിയും നൽകട്ടെ". ജനങ്ങൾ നിന്നെ സേവിക്കുകയും ജനതകൾ നിന്നെ വണങ്ങുകയും ചെയ്യട്ടെ. നിന്റെ സഹോദരങ്ങൾക്ക് നീ പ്രഭുവായിരിക്കട്ടെ. നിന്റെ അമ്മയുടെ പുത്രൻ നിന്നെ വണങ്ങട്ടെ. നീ ശപിയ്ക്കുന്നതെല്ലാം ശപിക്കപ്പെട്ടതും നിന്നെ അനുഗ്രഹിക്കുന്നവരെല്ലാം അനുഗ്രഹിക്കപ്പെട്ടവരുമാകുന്നു. യിസ്സഹാക്ക് യാക്കോബിനെ അനുഗ്രഹിച്ച് കഴിഞ്ഞപ്പോൾ യാക്കോബ് അവന്റെ സന്നിധിയിൽ നിന്ന് മാറിപ്പോയി.

പിന്നീട് അവന്റെ സഹോദരനായ ഏശാവ് വേട്ട കഴിഞ്ഞ് മടങ്ങിയെത്തി. അവസാനം അവനും രുചികരമായ ഭക്ഷണം തയ്യാറാക്കി അപ്പന്റെ അടുക്കൽ എത്തി. എന്റെ അപ്പാ എഴുന്നേറ്റ് എന്റെ വേട്ടയിറച്ചിയിൽ നിന്ന് ഭക്ഷിച്ച് എന്നെ അനു



ഗ്രഹിക്കണമേ എന്നു പറഞ്ഞു. നീ ആർ? എന്നു ചോദിച്ചതിനു ഞാൻ നിന്റെ ആദ്യജാതനായ ഏശാവ് ആകുന്നു എന്നു അവൻ പറഞ്ഞു. "അപ്പോൾ യിസ്സഹാക്ക് അത്യന്തം ഞെട്ടി വിറച്ചു" എങ്കിൽ ഇപ്പോൾ വേട്ടയാടി ഇറച്ചി തന്നവൻ ആരാകുന്നു? നീ എത്തുന്നതിനു മുമ്പ് ഞാൻ അതിൽ നിന്ന് ഭക്ഷിച്ച് അവനെ അനുഗ്രഹിച്ചു അവൻ അനുഗ്രഹിക്കപ്പെട്ടവനാകും എന്നു മറുപടി പറഞ്ഞു. തന്റെ പിതാവിന്റെ വാക്കുകൾ കേട്ടപ്പോൾ ഏശാവ് അതീവ ദുഃഖത്തോടെ അത്യുച്ചത്തിൽ പൊട്ടിക്കരഞ്ഞു. എന്നിട്ട് അപ്പാ എന്നെയും കൂടെ അനുഗ്രഹിക്കണമേയെന്ന് കണ്ണുനീരോടെ പറഞ്ഞു. അതിനു അവൻ നിന്റെ സഹോദരൻ ഉപായത്തിൽ വന്നു അനുഗ്രഹം തട്ടിയെടുത്തു എന്നു പറഞ്ഞു. അതിനു ഉത്തരമായി ഏശാവ് അവന് യാക്കോബ് എന്നു പേരിട്ടിരിക്കുന്നതു ശരി തന്നെയല്ലേ? അവൻ രണ്ട് പ്രാവശ്യം എന്നെ വഞ്ചിച്ചു വല്ലോ. എന്റെ ജ്യേഷ്ഠാവകാശം അവൻ എടുത്തു, ഇപ്പോൾ ഇതാ എന്റെ അനുഗ്രഹവും അവൻ തട്ടിയെടുത്തു. നീ എനിക്കുവേണ്ടി ഒരു അനുഗ്രഹവും കരുതി വച്ചിട്ടില്ലയോ എന്നു ചോദിച്ചു.

യിസ്സഹാക്ക് ഏശാവിനോട് ഞാൻ അവനെ നിനക്ക് പ്രഭുവാക്കി അവന്റെ സകല സഹോദരന്മാരെയും അവനു ദാസൻന്മാരായി ഞാൻ നൽകി, ധാന്യവും വീഞ്ഞും അവന് ഉറപ്പാക്കി. എന്റെ മകനെ! ഇനി നിനക്കുവേണ്ടി എനിക്ക് എന്തുചെയ്യുവാൻ കഴിയും എന്നു പറഞ്ഞു. ഏശാവ് തന്റെ അപ്പനോട് അപ്പാ നിനക്ക് ഒരു അനുഗ്രഹം മാത്രമേ ഉള്ളോ എന്റെ അപ്പാ എന്നെയും കൂടി അനുഗ്രഹിക്കണമെ എന്നു പറഞ്ഞ് അപ്പനെ കെട്ടിപിടിച്ച് പൊട്ടിക്കരഞ്ഞു.

അവന്റെ പിതാവായ യിസ്സഹാക്ക് അവനോട് പറഞ്ഞത് നിന്റെ വാസം ഭൂമിയിലെ സമൃദ്ധിയിൽ നിന്നും മീതെ ആകാശത്തിൽനിന്നുമായിരിക്കും. നിന്റെ വാൾ കൊണ്ട് നീ ഉപജീവനം കഴിക്കും. നിന്റെ സഹോദരനെ നീ സേവിക്കും. നീ ബന്ധനം തകർക്കുമ്പോൾ നിന്റെ കഴുത്തിലെ നുകം നീ തകർത്തുകളയും. തന്റെ പിതാവ് യാക്കോബിനെ അനുഗ്രഹിച്ചതുകൊണ്ട് ഏശാവ് യാക്കോബിനെ വെറുത്തു "ഞാൻ എന്റെ സഹോദരനായ യാക്കോബിനെ കൊല്ലും" എന്ന് ഏശാവ് ഹൃദയത്തിൽ നിരൂപിച്ചു. തന്റെ മൂത്ത മകനായ ഏശാവിന്റെ വാക്കുകളെക്കുറിച്ച് റിബേക്കായ്ക്ക് അറിവ് കിട്ടി. അവൾ തന്റെ ഇളയമകനായ യാക്കോബിനെ ആളെ അയച്ചു വരുത്തി അവനോട് ഇതാ നിന്റെ സഹോദരൻ ഏശാവ് നിന്നെ കൊന്നു പകരം വീട്ടാൻ ആലോചിക്കുന്നു. അതുകൊണ്ട് മകനെ! നീ ഇപ്പോൾ ഞാൻ പറയുന്നതു അനുസരിക്കണം. നീ എഴുന്നേറ്റ് ഹാരാനിൽ എന്റെ സഹോദരനായ ലാബാന്റെ അടുത്തേയ്ക്കു ഓടിപ്പോകുക എന്നു പറഞ്ഞു.

